TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEB - MAR 2K26
28-01



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
## STUDY NOTES 28 FEBRUARY & 1 MARCH 2026

## Important Event

- **ദേശീയ ശാസ്ത്രദിനം - ഫെബ്രുവരി 28**
  - ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞനായ സി.വി. രാമൻ 'രാമൻ ഇഫക്ട്' കണ്ടെത്തിയതിന്റെ സ്മരണാർഥം എല്ലാ വർഷവും ഫെബ്രുവരി 28 ഇന്ത്യയിൽ ദേശീയ ശാസ്ത്രദിനമായി ആഘോഷിക്കുന്നു.
  - പ്രമേയം - **Women in Science: Catalysing Viksit Bharat**

## Book and Author

- 'കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **ടി. ഡി. രാമകൃഷ്ണൻ**
  - ടി.ഡി. രാമകൃഷ്ണൻ രചിച്ച 'കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ എന്ന പുസ്തകം അദ്ദേഹത്തിന്റെ തന്നെ പ്രശസ്തമായ 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിന്റെ രണ്ടാം ഭാഗമാണ്.

## Kerala

- ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കംപ്രസ്ഡ് ബയോഗ്യാസ് (CBG) പ്ലാന്റ്

  **ബ്രഹ്മപുരം** (എറണാകുളം)
  - കേരളത്തിലെ ആദ്യത്തെയും ദക്ഷിണേന്ത്യയിലെ ഏറ്റവും വലുതുമായ കംപ്രസ്ഡ് ബയോഗ്യാസ് (CBG) പ്ലാന്റാണിത്
  - ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (BPCL) സഹകരണത്തോടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്
- ഐക്യരാഷ്ട്രസഭയുടെ 'സീറോ വേസ്റ്റ് സിറ്റി' (Zero Waste City) പട്ടികയിൽ അടുത്തിടെ ഇടംനേടിയ കേരളത്തിലെ മുൻസിപ്പാലിറ്റി

  **വർക്കല മുൻസിപ്പാലിറ്റി**
  - ലോകമെമ്പാടുമുള്ള 20 നഗരപ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഐക്യരാഷ്ട്രസഭ തയ്യാറാക്കിയ 'സീറോ വേസ്റ്റ് സിറ്റി' പട്ടികയിലാണ് കേരളത്തിൽ നിന്നുള്ള വർക്കല മുൻസിപ്പാലിറ്റി ഇടംനേടിയത്.
  - ഈ ആഗോള പട്ടികയിൽ ഇടംനേടിയ ഏഷ്യയിലെ രണ്ട് നഗരങ്ങളിൽ ഒന്നാണ് വർക്കല
  - മാർച്ച് 30ന് ആചരിക്കുന്ന 'അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിന'ത്തിന്റെ (International Day of Zero Waste) ഭാഗമായാണ് ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടക്കുന്നത്.
- സംസ്ഥാന സർക്കാരിന്റെ വെസ്റ്റ് കോസ്റ്റ് കനാൽ നവീകരണ പദ്ധതി
  - സംസ്ഥാന സർക്കാരിന്റെയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെയും (സിയാൽ CIAL) സംയുക്ത സംരംഭമായ കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (ക്വിൽ KWIL) ആണ് പദ്ധതി നടപ്പിലാക്കുന്നത്.
  - തിരുവനന്തപുരം കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ ഒരുക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ഉൾനാടൻ ജലപാതാ പദ്ധതിയുടെ (West Coast Canal project) ഭാഗമായി 11 ജില്ലകളിലൂടെയാണ് ഈ പാത കടന്നുപോകുന്നത്.

## National

- അടുത്തിടെ ബ്രിട്ടീഷ് കാലഘട്ടത്തിലെ 'ബംഗാൾ, ആഗ്ര ആൻഡ് അസം സിവിൽ കോർട്ട്സ് ആക്ട്, 1887' ന് പകരമായി സ്വന്തമായി പുതിയ സിവിൽ കോടതി ബിൽ പാസാക്കിയ ഇന്ത്യൻ സംസ്ഥാനം

**ബീഹാർ**

  - 1887-ലെ പഴയ ബ്രിട്ടീഷ് നിയമത്തിന് പകരമായി, ബിഹാർ നിയമസഭ 2026 ഫെബ്രുവരിയിൽ 'ബീഹാർ സിവിൽ ന്യായാലയ് ബിൽ, 2026' ഏകകണ്ഠമായി പാസാക്കി.

- വനിതകൾ മാത്രം ഓടിക്കുന്ന ഇലക്ട്രിക് ഇരുചക്ര ടാക്സി പദ്ധതിയായ ഇ ബൈക്ക് ദീദി യോജന ആരംഭിക്കുന്ന സംസ്ഥാനം /കേന്ദ്രഭരണ പ്രദേശം

**ഡൽഹി**

- വനിതാ വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായ യാത്ര ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിക്കുന്നത്
  - ഇത് വനിതകൾക്ക് മാത്രമായുള്ള സർവീസ് ആണ്. പുരുഷന്മാർ ബുക്ക് ചെയ്താൽ ഈ സേവനം ലഭ്യമാകില്ല.
  - ഡൽഹി ടൂറിസം ആൻഡ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കോർപറേഷനും കേന്ദ്ര സഹകരണ വകുപ്പിന് കീഴിൽ ആരംഭിച്ച ഭാരത് ടാക്സിയും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സർവീസ് തുടങ്ങുന്നത്.

- പ്രചണ്ഡ് യുദ്ധ ഹെലികോപ്റ്ററിൽ സഹ പൈലറ്റായി രാഷ്ട്രപതി
  - അത്യാധുനിക യുദ്ധ ഹെലികോപ്റ്ററിൽ സഹപൈലറ്റാകുന്ന ആദ്യ ഇന്ത്യൻ രാഷ്ട്രപതിയാണ് ദ്രൗപദി മുർമു
  - പൊഖ്റാൻ ഫയറിംഗ് റേഞ്ചിൽ നടക്കുന്ന ഇന്ത്യൻ വ്യോമസേനയുടെ സൈനികാഭ്യാസമായ 'വായുശക്തി 2026' ൽ പങ്കെടുക്കുന്നതിന്റെ ഭാഗമായാണ് രാഷ്ട്രപതി ഈ യാത്ര നടത്തിയത്.
  - ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യ അറ്റാക്ക് ഹെലികോപ്റ്ററാണ് 'പ്രചണ്ഡ്'.
  - ഇതിനുമുമ്പ് സുഖോയ് 30 MKI (2023-ൽ), റഫാൽ (2025-ൽ) എന്നീ യുദ്ധവിമാനങ്ങളിലും ദ്രൗപദി മുർമ്മു സഞ്ചരിച്ചിട്ടുണ്ട്

- ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ പാർക്ക് നിലവിൽ വന്ന സംസ്ഥാനം

**തമിഴ്നാട്**

  - തമിഴ്നാട്ടിലെ നാമക്കൽ ജില്ലയിലുള്ള കൊല്ലിമലയിലെ അരിയൂർ ഷോലെ റിസർവ് വനത്തിലാണ് ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ പാർക്ക് തുറന്നിരിക്കുന്നത്.
  - ഇന്റർനാഷണൽ ഡാർക്ക് സ്കൈ അസോസിയേഷന്റെ അംഗീകാരം ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ പാർക്ക് - **മഹാരാഷ്ട്രയിലെ പെഞ്ച് ടൈഗർ റിസർവ്**
  - ഇന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ റിസർവ് ആയി പ്രഖ്യാപിക്കപ്പെട്ടത് - **ലഡാക്കിലെ ഹാൻലെ**

## International

- ഇൻസ്റ്റഗ്രാമിൽ 10 കോടി (100 മില്യൺ) ഫോളോവേഴ്സിനെ നേടുന്ന ലോകത്തിലെ ആദ്യത്തെ രാഷ്ട്രീയ നേതാവ്

**നരേന്ദ്ര മോദി**

  - ഇൻസ്റ്റഗ്രാമിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സ് ഉള്ളവരിൽ മോദി ഒന്നാമതും അമേരിക്കൻ പ്രസിഡന്റ് ട്രംപ് രണ്ടാമതും ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബാവോ സുബിയാന്റോ മൂന്നാമതുമാണ്

- അടുത്തിടെ ഓപ്പറേഷൻ ഗസബ് ലിൽ-ഹഖ് എന്ന സൈനീക നീക്കം നടത്തിയ രാജ്യം

  **പാകിസ്ഥാൻ**

  - അതിർത്തിയിൽ അഫ്ഗാൻ സേന നടത്തിയ ആക്രമണങ്ങൾക്ക് മറുപടിയായാണ് പാകിസ്ഥാൻ ഈ സൈനിക നീക്കം ആരംഭിച്ചത്. 'നീതിയുക്തമായ കോപം' എന്നാണ് ഈ പേരിനർത്ഥം.
  - ഡ്യൂറൻഡ് ലൈൻ (Durand Line) എന്നറിയപ്പെടുന്ന, ഇരു രാജ്യങ്ങളും തമ്മിലുള്ള അതിർത്തി മേഖലയിലെ നിരന്തരമായ ഏറ്റുമുട്ടലുകളാണ് തുറന്ന യുദ്ധത്തിലേക്ക് വഴിതെളിച്ചത്,

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച സാമൂഹിക ശാസ്ത്രജ്ഞൻ

  **ടി. കെ. ഉമ്മൻ**

  - മുസ്‌ലിം വിഭാഗങ്ങളുടെ സാമൂഹിക അവസ്ഥയെക്കുറിച്ചു പഠിച്ച സച്ചാർ കമ്മിറ്റിയിൽ അംഗമായിരുന്നു
  - ഇന്റർനാഷണൽ സോഷ്യോളജിക്കൽ അസോസിയേഷന്റെ (International Sociological Association - ISA) 12-ാമത് പ്രസിഡന്റായി (1990-1994) അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഈ പദവിയിലെത്തുന്ന ആദ്യത്തെ ഏഷ്യക്കാരനാണ് അദ്ദേഹം.
  - 2008-ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു
  - ആത്മകഥ 'ഫ്രം ഭാരത് ടു ഇന്ത്യ: ആൻ അക്കാദമിക്സ് ജേർണി'

  **പ്രധാന പുസ്തകങ്ങൾ**

  - ഡോക്ടേഴ്സ്, നഴ്സസ് - എ സ്റ്റഡി ഇൻ ഒക്യുപ്പേഷണൽ റോൾ സ്ട്രക്ചേഴ്സ്
  - പ്രൊട്ടസ്റ്റ് ആൻഡ് ചേഞ്ച് - സ്റ്റഡീസ് ഇൻ സോഷ്യൽ മൂവ്മെന്റ്സ്
  - സിറ്റിസൺഷിപ്പ് ആൻഡ് നാഷണൽ ഐഡന്റിറ്റി
  - ദ ക്രിസ്ത്യൻ ക്ലർജി ഇൻ ഇന്ത്യ
  - റീ കൺസീലിയേഷൻ ഇൻ പോസ്റ്റ് ഗോധ്ര ഗുജറാത്ത്
  - സോഷ്യൽ ഇൻക്ലൂഷൻ ഇൻ ഇൻഡിപെൻഡന്റ് ഇന്ത്യ - ഡൈമൻഷൻസ് ആൻഡ് അപ്രോച്ചസ്

## Today's MCQ

1. റോബ് ജെറ്റൻ ഏത് രാജ്യത്തിന്റെ പ്രധാനമന്ത്രിയായാണ് നിയമിതനായത് ?

   (a) നെതർലൻഡ്സ് (b) ഫിൻലന്റ്

   (c) നോർവെ (d) ഡെൻമാർക്ക്

2. ഇന്ത്യയിലെ ഏറ്റവും വലിയ സംയോജിത ലിഥിയം അയൺ ബാറ്ററി ഗിഗാഫാക്ടറി നിലവിൽ വരുന്നത്

   (a) മധ്യപ്രദേശ് (b) ഉത്തർപ്രദേശ്

   (c) ആന്ധ്രപ്രദേശ് (d) ജാർഖണ്ഡ്


**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
02-03



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 02 & 03 MARCH 2026

## Important event

- **ലോക വന്യജീവി ദിനം - മാർച്ച് 3**
  - വന്യജീവികളുടെയും സസ്യജാലങ്ങളുടെയും പ്രാധാന്യത്തെ കുറിച്ച് ആഗോള അവബോധം വളർത്തുന്നതിനായി എല്ലാ വർഷവും മാർച്ച് 3 ലോക വന്യജീവി ദിനമായി ആചരിക്കുന്നു
  - 2026-ലെ പ്രമേയം - **Medicinal and Aromatic Plants: Conserving Health, Heritage and Livelihoods**

## Kerala

- കേരള സംസ്ഥാന പോലീസ് മേധാവി

  **റവാഡ ചന്ദ്രശേഖർ**
  - ഡിജിപി സ്ഥാനത്തുള്ള നിയമനം ഒരു വർഷത്തേക്കു കൂടി നീട്ടാൻ മന്ത്രിസഭായോഗം തീരുമാനിച്ചു
  - 2026 ജൂൺ 30ന് വിരമിക്കേണ്ടിയിരുന്ന റവാഡ ചന്ദ്രശേഖറിന് 2027 ജൂൺ 30 വരെ നിയമനം നീട്ടി നൽകും

## National

- അടുത്തിടെ ഇന്ത്യ സന്ദർശിച്ച കനേഡിയൻ പ്രധാനമന്ത്രി

  **മാർക്ക് കാർണി**
  - കാനഡയും ഇന്ത്യയും തമ്മിലുള്ള ബന്ധം പുന:സ്ഥാപിക്കാനും വ്യാപാരം ഇരട്ടിയാക്കാനും ലക്ഷ്യമിട്ടാണ് സന്ദർശനം.
- നീതി ആയോഗിന് കീഴിലുള്ള അടൽ ഇന്നൊവേഷൻ മിഷൻ ഇന്ത്യയുടെ ആദ്യത്തെ സംസ്ഥാന ഇന്നൊവേഷൻ മിഷൻ (SIM) ആരംഭിച്ചത്

  **ത്രിപുര** (അഗർത്തല)
  - ത്രിപുര മുഖ്യമന്ത്രി - **മണിക് സാഹ**
  - നീതി ആയോഗ് വൈസ് ചെയർമാൻ - **സുമൻ ബെറി**
  - ഇടക്കാല സി.ഇ.ഒ. - **നിധി ഛിബ്ബർ**
- ഇന്ത്യയിലെ ആദ്യത്തെ നെറ്റ്സീറോ പഞ്ചായത്ത്

  **ബേല ഗ്രാമപഞ്ചായത്ത്** (മഹാരാഷ്ട്ര)
  - മഹാരാഷ്ട്രയിലെ വിദർഭ മേഖലയിലെ ഭണ്ഡാര ജില്ലയിലാണ് ബേല ഗ്രാമപഞ്ചായത്ത്.

## International

- അടുത്തിടെ വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ പ്രസിഡന്റ് സ്ഥാനവും സി.ഇ.ഒ. സ്ഥാനവും രാജിവെച്ചത്

  **ബോർജ് ബ്രെൻഡെ**

◆ ഗ്ലോബൽ മൈൻഡ് ഹെൽത്ത് റിപ്പോർട്ട് 2025-ൽ ഇന്ത്യൻ യുവാക്കളുടെ സ്ഥാനം

**60**

- ❖ മാനസികാരോഗ്യത്തിൽ ആഗോളതലത്തിൽ 18-34 വയസ്സ് പ്രായമുള്ള യുവ ഇന്ത്യക്കാരുടെ സ്ഥാനം 60 ആണ്.
- ❖ അഫ്ഗാനിസ്ഥാൻ, ഓസ്ട്രിയ, ബൊളീവിയ, റഷ്യ എന്നീ രാജ്യങ്ങളും 60-ാം സ്ഥാനത്താണ്.
- ❖ ഒന്നാം സ്ഥാനത്ത് - **ഘാന**
- ❖ 55+ വയസ്സു വരുന്നവരുടെ മാനസികാരോഗ്യത്തിൽ ഇന്ത്യയുടെ സ്ഥാനം 49 (1-ാം സ്ഥാനത്ത് ഇന്തോനേഷ്യ)
- ❖ യു.എസ് ആസ്ഥാനമായുള്ള സാപിയൻ ലാബ്സാണ് റിപ്പോർട്ട് പുറത്തുവിട്ടത്

◆ അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് എച്ച്.ഐ.വി, സിഫിലിസ് എന്നിവ പകരുന്നത് ഇല്ലാതാക്കിയ യൂറോപ്യൻ യൂണിയനിലെ ആദ്യ രാജ്യം

**ഡെൻമാർക്ക്**

- ❖ 2025 ജൂണിൽ WHO യുടെ റീജിയണൽ വാലിഡേഷൻ കമ്മിറ്റിയും 2025 ഓഗസ്റ്റിൽ ഗ്ലോബൽ വാലിഡേഷൻ അഡ്വൈസറി കമ്മിറ്റിയും (GVAC) നടത്തിയ വിലയിരുത്തലിനെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റിപ്പോർട്ട്

## Sports

◆ 2025-2026 രഞ്ജി ട്രോഫി കിരീടം നേടിയത്

**ജമ്മു കാശ്മീർ**

- ❖ ആദ്യമായി ജമ്മു കാശ്മീർ രഞ്ജി ട്രോഫി കിരീടം നേടി
- ❖ കർണാടകയെ പരാജയപ്പെടുത്തിയാണ് കിരീടനേട്ടം

## Demise

◆ 2026 മാർച്ചിൽ അന്തരിച്ച ഇറാനിയൻ പരമോന്നത നേതാവ്

**ആയത്തുള്ള അലി ഖമേനി**

- ❖ യു.എസ് - ഇസ്രായേൽ വ്യോമാക്രമണത്തിലാണ് കൊല്ലപ്പെട്ടത്
- ❖ ഇറാനിയൻ സൈനിക, സർക്കാർ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് യു.എസും ഇസ്രായേലും സംയുക്തമായി നടത്തിയ വ്യോമാക്രമണത്തിന് ശേഷമാണ് അദ്ദേഹത്തിന്റെ മരണം സംഭവിച്ചത്. ഇറാനിൽ 40 ദിവസത്തെ ദേശീയ ദു:ഖാചരണം പ്രഖ്യാപിച്ചു.
- ❖ രാജ്യത്തിന്റെ പ്രതിരോധ കൗൺസിൽ യോഗത്തെ ലക്ഷ്യം വച്ചുള്ള വ്യോമാക്രമണത്തിൽ ഇറാന്റെ സൈനിക മേധാവിയും പ്രതിരോധ മന്ത്രിയും കൊല്ലപ്പെട്ടു. ജനറൽ അബ്ദുൾ റഹീം മൗസവി, പ്രതിരോധ മന്ത്രി ജനറൽ അസീസ് നസീർസാദെ എന്നിവർ യോഗത്തിൽ കൊല്ലപ്പെട്ടു
- ❖ ഇറാൻ പശ്ചിമേഷ്യയിൽ അമേരിക്കൻ സൈനിക കേന്ദ്രങ്ങളിൽ ആക്രമണം അഴിച്ചുവിട്ടു. ദുബായ്, ദോഹ, ബഹ്റൈൻ, കുവൈറ്റ് എന്നിവിടങ്ങളിൽ ഇറാനിയൻ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## Today's MCQ

1. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കംപ്രസ്ഡ് ബയോഗ്യാസ് (CBG) പ്ലാന്റ്

   (a) മാനന്തവാടി (b) ബ്രഹ്മപുരം

   (c) കഞ്ചിക്കോട് (d) തൊടുപുഴ

2. ഐക്യരാഷ്ട്രസഭയുടെ 'സീറോ വേസ്റ്റ് സിറ്റി' (Zero Waste City) പട്ടികയിൽ അടുത്തിടെ ഇടംനേടിയ കേരളത്തിലെ മുൻസിപ്പാലിറ്റി

   (a) ഗുരുവായൂർ മുൻസിപ്പാലിറ്റി (b) നെടുമങ്ങാട് മുൻസിപ്പാലിറ്റി

   (c) ഷൊർണൂർ മുൻസിപ്പാലിറ്റി (d) വർക്കല മുൻസിപ്പാലിറ്റി

**Ans : 1. (b), 2. (d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
04-05



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 04 & 05 MARCH 2026

## Appointment

- കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രാലയത്തിന്റെ കീഴിലെ സ്പൈസസ് ബോർഡിന്റെ വൈസ് ചെയർമാനായി നിയമിതനായത്

**ഷാജി രാഘവൻ**

## Kerala

- ഹയർ സെക്കൻഡറി പരീക്ഷാ ചോദ്യപേപ്പറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) പുറത്തിറക്കിയ മൊബൈൽ ആപ്പ്

**Q-Track**

- വന്യമൃഗങ്ങളെ മയക്കുവെടി വെക്കുന്നതിനായി വികസിപ്പിച്ച ഡ്രോൺ ഉപയോഗിച്ചുള്ള ഇന്ത്യയിലെ ആദ്യത്തെ സംവിധാനത്തിന്റെ പേര്

**ഗജാസ്ത്രം**

  - പ്രമുഖ ആനചികിത്സാ വിദഗ്ധൻ ഡോ. പി.ബി. ഗിരിദാസാണ് വികസിപ്പിച്ചത്
  - വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി 500 മീറ്റർ അകലെ നിന്ന് കൃത്യതയോടെ മയക്കു വെടി വെക്കാൻ സാധിക്കുന്ന ഡ്രോൺ സംവിധാനമാണിത്.
  - ഇന്ത്യൻ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു
  - തമിഴ്നാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗരുഡ കമ്പനിയുടെ ഡ്രോൺ ആണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്

## National

- പാക്യോങ് വിമാനത്താവളത്തിന്റെ പുതിയ പേര്

**ത്രിലോചൻ പൊഖ്റേൽ വിമാനത്താവളം**

  - സിക്കിമിലെ ഏക വിമാനത്താവളമാണിത് (2018-ൽ ഉദ്ഘാടനം ചെയ്തു )
  - സിക്കിമിൽ നിന്നുള്ള ആദ്യത്തെ സ്വാതന്ത്ര്യസമര സേനാനിയായി അദ്ദേഹം അറിയപ്പെടുന്നു.
  - മഹാത്മാ ഗാന്ധിയുടെ അനുയായി ആയിരുന്നതിനാൽ 'ഗാന്ധി പൊഖ്റേൽ' എന്നും അദ്ദേഹം വിളിക്കപ്പെട്ടിരുന്നു.
  - നിസഹകരണ പ്രസ്ഥാനം, നിയമലംഘന പ്രസ്ഥാനം, ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം എന്നിവയിൽ അദ്ദേഹം സജീവമായി പങ്കെടുത്തിട്ടുണ്ട്.

- രാജസ്ഥാൻ മൂന്ന് പ്രധാന സ്ഥലങ്ങളുടെ പേരുകൾ മാറ്റുന്നതായി പ്രഖ്യാപിച്ചു

**മൗണ്ട് അബു - അബു രാജ്**

**ജഹാസ്പൂർ - യഗ്യപൂർ**

**കമാൻ - കാംവൻ**

◆ പ്രോജക്ട് ചീറ്റയുടെ ഭാഗമായി 2026-ൽ ഇന്ത്യയ്ക്ക് ചീറ്റകളെ നൽകിയ രാജ്യം

**ബോട്സ്വാന**

## International

◆ ഐക്യരാഷ്ട്ര സംഘടന രക്ഷാ സമിതിയുടെ ചരിത്രത്തിലാദ്യമായി രക്ഷാസമിതിയുടെ അധ്യക്ഷയാകുന്ന ഒരു രാജ്യത്തിന്റെ പ്രഥമ വനിത

**മെലനിയ ട്രംപ്**

- 15 അംഗ രക്ഷാസമിതിയുടെ മാർച്ച് മാസത്തെ അധ്യക്ഷസ്ഥാനം യു.എസ്.എ.യ്ക്കാണ്. ഊഴമനുസരിച്ചാണ് ഈ ചുമതല ലഭിക്കുന്നത്. ആര് അധ്യക്ഷത വഹിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം അതത് രാജ്യങ്ങൾക്കാണ്.

## Science & Technology

◆ അസമിൽ നിന്നും അടുത്തിടെ കണ്ടെത്തിയ, തലയോട്ടി ഇല്ലാത്ത പുതിയ ഭൂഗർഭ ജല മത്സ്യം

**Gitchak nakana**

- വെറും ത്വക്ക് കൊണ്ടാണ് ഇവയുടെ തലച്ചോറ് മൂടപ്പെട്ടിരിക്കുന്നത്.

## Space

◆ ഗഗൻയാൻ ദൗത്യത്തിന്റെ നീരീക്ഷണകേന്ദ്രം സ്ഥാപിക്കുന്നത്

**കൊക്കോസ് ദ്വീപ്, ഓസ്ട്രേലിയ**

- ഗഗൻയാൻ ദൗത്യത്തിനായി 2024ൽ ഐ.എസ്.ആർ.ഒ (ISRO) ഓസ്ട്രേലിയൻ സ്പേയ്സ് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിരുന്നു.
- വിക്ഷേപണത്തിന് ശേഷം പേടകത്തിന്റെയും ബഹിരാകാശ സഞ്ചാരികളുടെയും സുരക്ഷിതമായ തിരിച്ചിറക്കം നിരീക്ഷിക്കുന്നതിനാണ് കോക്കോസ് ദ്വീപിൽ നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നത്.

## Sports

◆ 2026 ലോറസ് പുരസ്കാരത്തിനായി ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം നാമനിർദ്ദേശം ചെയ്യപ്പെട്ടു

- ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിനെ 'ലോറസ് വേൾഡ് ടീം ഓഫ് ദി ഇയർ' (Laureus World Team of the Year Award) പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്തു.
- ഈ പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആദ്യത്തെ വനിതാ ക്രിക്കറ്റ് ടീമാണ് ഇന്ത്യയുടേത്.
- 2025 വനിതാ ഏകദിന ലോകകപ്പ് നേടിയിരുന്നു
- ഇതിനുമുമ്പ് വിനേഷ് ഫോഗട്ട് (2019) (Come back of the year), നീരജ് ചോപ്ര (2022) (Break through of the year), ഋഷഭ് പന്ത് (2025)(Come back of the year) എന്നീ ഇന്ത്യൻ കായിക താരങ്ങൾ വിവിധ ലോറസ് പുരസ്കാര വിഭാഗങ്ങളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്.

## Demise

- 2026 മാർച്ചിൽ അന്തരിച്ച മുൻ കേന്ദ്രമന്ത്രി

**കെ.പി. ഉണ്ണിക്കൃഷ്ണൻ**

- വടകര ലോക്സഭാ മണ്ഡലത്തിൽ നിന്ന് തുടർച്ചയായി ഏഴ് തവണ (1971 മുതൽ 1996 വരെ) പാർലമെന്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.
- 1989-90 കാലഘട്ടത്തിൽ വി.പി. സിംഗ് മന്ത്രിസഭയിൽ ഉപരിതല ഗതാഗതം, വാർത്താ വിനിമയം തുടങ്ങിയ വകുപ്പുകളുടെ ചുമതലയുള്ള കേന്ദ്രമന്ത്രിയായിരുന്നു.

## Today's MCQ

1. നീതി ആയോഗിന് കീഴിലുള്ള അടൽ ഇന്നൊവേഷൻ മിഷൻ ഇന്ത്യയുടെ ആദ്യത്തെ സംസ്ഥാന ഇന്നൊവേഷൻ മിഷൻ (SIM) ആരംഭിച്ചത്

   (a) നാഗാലാന്റ് (b) അസം
   
   (c) ത്രിപുര (d) മണിപ്പൂർ

2. ഗ്ലോബൽ മൈൻഡ് ഹെൽത്ത് റിപ്പോർട്ട് 2025-ൽ ഇന്ത്യൻ യുവാക്കളുടെ സ്ഥാനം

   (a) 60 (b) 49
   
   (c) 50 (d) 55

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
06



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 06 MARCH 2026

## Appointments

- 2026 മാർച്ചിൽ WEF ന്റെ ഇടക്കാല പ്രസിഡന്റും സി.ഇ.ഒ.യുമായി നിയമിതനായത്

  **Alois Zwinggi**

  - ബോർജ് ബ്രെൻഡെ രാജിവച്ചതിനെ തുടർന്നാണ് അലോയ്സ് നിയമിതനായത്
  - WEF - **World Economic Forum**

## Book and Author

- 'മഹാത്മാ: എ ഗ്രേറ്റ് കമ്മ്യൂണിക്കേറ്റർ' എന്ന ബുക്ക് എഴുതിയത്

  **ധീരജ് കാകഡിയ** (ആകാശവാണി അഡീഷണൽ ഡയറക്ടർ ജനറൽ )

  - ന്യൂഡൽഹിയിലെ രാജ്ഘട്ടിലെ ഗാന്ധി ദർശനിൽ നടന്ന ചടങ്ങിൽ കേന്ദ്ര തൊഴിൽ, യുവജനകാര്യ, കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പുസ്തകം പ്രകാശനം ചെയ്തു

## Kerala

- മലയാള ഭാഷാ ബിൽ 2025 ന് ഗവർണർ അംഗീകാരം നൽകി
  - മലയാള ഭാഷ നിർബന്ധമാക്കുന്ന സുപ്രധാന നിർദ്ദേശങ്ങളടങ്ങിയ മലയാള ഭാഷ ബില്ലിൽ ഗവർണർ രാജേന്ദ്ര അർലേക്കർ ഒപ്പ് വച്ചു
  - ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മലയാളം നിർബന്ധമാക്കുക, സർവകലാശാലാ പാഠ്യ പദ്ധതിയിൽ മലയാളം ഒരു പേപ്പറായി പരിഗണിക്കുക, കോടതിഭാഷ, സർക്കാർ ഉത്തരവുകൾ തുടങ്ങിയവ മലയാളത്തിലാക്കുക, മലയാളം പഠനഭാഷയാക്കിയവർക്ക് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം നൽകുക, പി.എസ്.സി. പരീക്ഷകൾ മലയാളത്തിലാക്കുക തുടങ്ങിയവയാണ് ബില്ലിലെ പ്രധാന നിർദേശങ്ങൾ
- സംസ്ഥാനത്തെ ആദ്യ റൂറൽ ജില്ലാ ജയിൽ സ്ഥാപിതമാകുന്നത്

  **വടകര**

  - ജില്ലാ ജയിൽ എന്ന സങ്കൽപ്പത്തിൽ നിന്നു മാറി അന്തേവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയാണ് റൂറൽ ജയിലുകൾ എന്ന പുതിയ ആശയത്തിന് തുടക്കംകുറിച്ചത്.
- ഉൾക്കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ ഫിഷറീസ് വകുപ്പ് ഒരുക്കിയ സംവിധാനം

  **നഭ്മിത്ര**

  - ഉൾക്കടലിലുള്ള മീൻപിടിത്ത യാനങ്ങളിലെ തൊഴിലാളികൾക്ക് കരയിലേക്കും തിരിച്ചും ലഘുസന്ദേശങ്ങളിലൂടെ ആശയവിനിമയം സാധ്യമാക്കുകയും മുന്നറിയിപ്പുകൾ ലഭ്യമാക്കുകയും ചെയ്യുന്ന സാറ്റലൈറ്റ് അധിഷ്ഠിത ആശയവിനിമയ സംവിധാനമാണ് നഭ്മിത്ര.
  - ഈ ആപ്ലിക്കേഷൻ ബ്ലൂടൂത്ത് വഴി മൊബൈലുമായി ബന്ധിപ്പിച്ചാണ് നൽകുന്നത്. ജി സാറ്റ് 6- നെ ആശ്രയിച്ച് പ്രവർത്തിക്കുന്ന ഈ ഉപകരണം, കാലാവസ്ഥാ, ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ അലാം ആയും പ്രാദേശിക ഭാഷയിൽ ടെക്സ്റ്റ് മെസേജ് ആയും ഉൾക്കടലിലുള്ള യാനങ്ങളിൽ ലഭിക്കും.
  - സംസ്ഥാനത്ത് ഇതിനകം 4525 യാനങ്ങളിൽ സ്ഥാപിച്ചു

◆ കേരള ജീനോം ഡാറ്റ സെന്റർ നിലവിൽ വന്നത്

**തിരുവനന്തപുരം**

❖ കിഫ്ബിയുടെ ധനസഹായത്തോടെ സ്ഥാപിക്കുന്ന കേരള ജീനോം ഡാറ്റ സെന്റർ (കെജിഡിസി) തദ്ദേശസ്വയംഭരണ മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്തു.

❖ 102 സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (എസ്. ഡി. പി. കെ) സെന്ററുകളുടെ ഉദ്ഘാടനം, ആരോഗ്യവകുപ്പിനായുള്ള 'ജീവധാര' രക്തദാന പോർട്ടലിന്റെ ലോഞ്ച്, വിജ്ഞാനകേരളം ഉന്നതി പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചവർക്കുള്ള നിയമന ഉത്തരവ് കൈമാറൽ, വിജ്ഞാന കേരളം കുടുംബശ്രീയുമായി ചേർന്ന് നടപ്പാക്കുന്ന സാന്ത്വനമിത്രം, സ്കിൽ@കാൾ പരിപാടി കളുടെ ഉദ്ഘാടനം എന്നിവയും മന്ത്രി നിർവഹിച്ചു.

## National

◆ 2026- ൽ യുറേനിയം വിതരണക്കരാറിൽ ഇന്ത്യയുമായി ഒപ്പുവച്ച രാജ്യം

**കാനഡ**

❖ ഇന്ത്യ സന്ദർശനത്തിന് എത്തിയ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി ഡൽഹിയിലെ വച്ച് നടത്തിയ ഉഭയകക്ഷി ചർച്ചക്കിടെയാണ് കരാർ ഒപ്പു വച്ചത്.

❖ 2.6 ബില്യൺ കനേഡിയൻ ഡോളറിന്റെ യുറേനിയം വിതരണക്കരാറിലാണ് ഒപ്പുവച്ചത്.

◆ ഒരു മണിക്കൂറിനുള്ളിൽ 2.51 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുകൊണ്ട് ഗിന്നസ് റെക്കോർഡ് നേടിയ നഗരം

**വാരാണസി** ( ഉത്തർപ്രദേശ് )

❖ മെഗാ പ്ലാന്റേഷൻ ഡ്രൈവ് ഒരു മണിക്കൂറിനുള്ളിൽ നിവാസികൾ 2,51,446 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു,

❖ ചൈനയുടെ എട്ട് വർഷം പഴക്കമുള്ള റെക്കോർഡ് തകർത്തു

◆ GI ടാഗ് ലഭിച്ച കർബി ആംഗ്ലോങ് ഇഞ്ചി ലണ്ടനിലേക്ക് കയറ്റുമതി ചെയ്യാൻ ഒരുങ്ങുന്ന സംസ്ഥാനം

**അസം**

❖ ആദ്യമായാണ് ഈ ഇഞ്ചി ലണ്ടനിലേക്ക് കയറ്റുമതി ചെയ്യുന്നത്

## International

◆ ഇന്ത്യ റഷ്യയിൽ നിന്ന് Shtil മിസൈൽ വാങ്ങാനുള്ള കരാർ ഒപ്പുവച്ചു

❖ ഉപരിതല വായു മിസൈൽ ആണിത്

## Today's MCQ

1. ത്രിലോചൻ പൊഖ്റേൽ വിമാനത്താവളം ഏത് സംസ്ഥാനത്താണ്

(a) സിക്കിം (b) മണിപ്പൂർ

(c) മേഘാലയ (d) നാഗാലാന്റ്

2. പ്രോജക്ട് ചീറ്റയുടെ ഭാഗമായി 2026-ൽ ഇന്ത്യയ്ക്ക് ചീറ്റകളെ നൽകിയ രാജ്യം

(a) ബോട്സ്വാന (b) നമീബിയ

(c) സുഡാൻ (d) ദക്ഷിണാഫ്രിക്ക


**Ans : 1 (a), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
07



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 07 MARCH 2026

## Appointment

- പശ്ചിമബംഗാളിന്റെ പുതിയ ഗവർണർ

  **ആർ.എൻ. രവി**

  - പശ്ചിമബംഗാൾ ഗവർണർ ആയ ആനന്ദബോസ് രാജിവച്ചതിനെ തുടർന്നാണ് നിയമനം
  - മുൻ തമിഴ്നാട് ഗവർണറാണ് ആർ.എൻ. രവി
  - ആർ.എൻ. രവി പശ്ചിമബംഗാൾ ഗവർണറായതോടെ കേരള ഗവർണറായ രാജേന്ദ്ര വിശ്വനാഥ് അർലേക്കർക്ക് തമിഴ്നാട് ഗവർണറുടെ അധിക ചുമതല കൂടി നൽകി.

### മറ്റ് പുതിയ ഗവർണർമാർ / ലഫ്റ്റനന്റ് ഗവർണർമാർ

  - ശിവ് പ്രതാപ് ശുക്ല - **തെലങ്കാന**
  - ജിഷ്ണു ദേവ് വർമ്മ - **മഹാരാഷ്ട്ര**
  - നന്ദ് കിഷോർ യാദവ് - **നാഗാലാൻഡ്**
  - ലഫ്റ്റനന്റ് ജനറൽ (റിട്ടയേർഡ്) സയ്യിദ് അതാ ഹസ്നൈൻ - **ബിഹാർ**
  - കവീന്ദർ ഗുപ്ത - **ഹിമാചൽ പ്രദേശ്**
  - വിനയ് കുമാർ സക്സേന - **ലഡാക്ക് ലഫ്റ്റനന്റ് ഗവർണർ**
  - തരൺജിത് സിംഗ് സന്ധു - **ഡൽഹി ലഫ്റ്റനന്റ് ഗവർണർ**

## Award

- 2025-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം നേടിയത്

  **മേതിൽ രാധാകൃഷ്ണൻ**

  - മൂന്ന് ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപ്പവും അടങ്ങുന്നതാണ് പുരസ്കാരം
  - 2024-ലെ പുരസ്കാരം - **സാറാ ജോസഫ്**
  - 2023-ലെ പുരസ്കാരം - **സക്കറിയ**

- 2024-ലെ സംസ്ഥാന ടെലിവിഷൻ അവാർഡിൽ മികച്ച നടനായി തിരഞ്ഞെടുക്കപ്പെട്ടത്

  **കൃഷ്ണ ചന്ദ്രൻ**

  - ശ്രീധന്യ മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ടു

## Book and Author

- 'നിന്റെ കഥ' എന്ന പുസ്തകം രചിച്ചത്

  **ആർ. രാജശ്രീ**

  - കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ (2021-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ പുസ്തകം), ആത്രേയകം എന്നിവ രാജശ്രീയുടെ മറ്റ് രചനകളാണ്

## Kerala

- 2025 മാർച്ചിൽ ജെ.സി ഡാനിയേലിന്റെ വെങ്കല പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ടത്

  **ചിത്രാഞ്ജലി സ്റ്റുഡിയോ** (തിരുവനന്തപുരം)

  - ശില്പി - **കുന്നുവിള എം. മുരളി**
  - മലയാള സിനിമയുടെ പിതാവ് ജെ.സി ഡാനിയേലാണ്
  - മലയാളത്തിലെ ആദ്യ ചിത്രമായ വിഗതകുമാരൻ സംവിധാനം ചെയ്തതും നിർമ്മിച്ചതും ജെ.സി ഡാനിയേൽ
  - മലയാള സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് കേരളം സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരം - **ജെ.സി ഡാനിയേൽ പുരസ്കാരം**

## National

- ബീഹാർ മുഖ്യമന്ത്രി സ്ഥാനം രാജിവെച്ച് രാജ്യസഭയിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിച്ചത്

  **നിതീഷ് കുമാർ**

  - രാജ്യസഭാ അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുൻപ് ആയിരിക്കും രാജി സമർപ്പിക്കുക

## International

- 2025 മാർച്ചിൽ അമേരിക്കൻ അന്തർവാഹിനി കടലിൽ മുക്കിയ ഇറാൻ കപ്പൽ

  **ഐ.ആർ.ഐ.എസ് ദേന**

  - 2026-ൽ ഇന്ത്യയിൽ നടന്ന മിലാൻ സൈനകാഭ്യാസത്തിൽ പങ്കെടുത്ത മടങ്ങുകയായിരുന്നു

## Sports

- 2026 T-20 ലോകകപ്പ് ഫൈനലിൽ ഏറ്റുമുട്ടുന്നത്

  **ഇന്ത്യ VS ന്യൂസിലാന്റ്**

- T-20 ലോകകപ്പിലെ ഏറ്റവും വേഗതയേറിയ സെഞ്ചറി നേടിയത്

  **ഫിൻ അലൻ**

  - ക്രിസ് ഗെയിലിന്റെ റെക്കോർഡ് മറികടന്നു
  - ഒരു T-20 ലോകകപ്പ് എഡിഷനിൽ ഏറ്റവും കൂടുതൽ സിക്സറുകൾ എന്ന നേട്ടവും അലൻ സ്വന്തമാക്കി

- T-20 ലോകകപ്പിന്റെ ഒരു എഡിഷനിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ ടീം

  **ഇന്ത്യ**

## Demise

- 2026 മാർച്ചിൽ അന്തരിച്ച മാധ്യമപ്രവർത്തകനും മുൻ രാജ്യസഭാംഗവുമായ വ്യക്തി

  **എച്ച്. കെ. ദുവ**

  - 2008 ൽ രാജ്യം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു.
  - ഡെന്മാർക്കിലെ ഇന്ത്യൻ അംബാസഡറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.
  - വാജ്പേയ്, ദേവഗൗഡ എന്നീ പ്രധാനമന്ത്രിമാരുടെ മാധ്യമ ഉപദേഷ്ടാവായും പ്രവർത്തിച്ചു.

**Today's MCQ**

1. 2026 മാർച്ചിൽ WEF ന്റെ ഇടക്കാല പ്രസിഡന്റും സി.ഇ.ഒ.യുമായി നിയമിതനായത്

(a) Borge Brende (b) Klaus Schwab

(c) Roberto Bocea (d) Alois Zwinggi

2. ഉൾക്കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ ഫിഷറീസ് വകുപ്പ് ഒരുക്കിയ സംവിധാനം

(a) സാഗർമിത്ര (b) സാഗർ സുരക്ഷ

(c) നഭ്മിത്ര (d) സുരക്ഷായാനം

**Ans : 1. (d), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
08



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 08 MARCH 2026

## Kerala

◆ ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന് കുടുംബശ്രീ മാതൃകയിൽ അവതരിപ്പിക്കുന്ന സ്വാശ്രയ കൂട്ടായ്മ

**സുശക്തി മിഷൻ**

❖ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 9ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും

❖ സ്വയം സഹായ സംഘങ്ങളിലൂടെ ഭിന്നശേഷിക്കാരുടെ സ്വയംപര്യാപ്തത ഉറപ്പാക്കുന്ന തരത്തിലാണ് സുശക്തി മിഷൻ സ്ഥാപിക്കുന്നത്.

❖ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനാണ് പ്രാരംഭഘട്ടത്തിൽ മിഷന്റെ നിർവഹണ ചുമതല.

◆ കേരളത്തിലെ ആദ്യത്തെ 'സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ്' സജ്ജമാകുന്നത്

**ബയോ 360 ലൈഫ് സയൻസസ് പാർക്ക്, തോന്നയ്ക്കൽ**

❖ പ്രകൃതിദത്ത ഉറവിടങ്ങളിൽ നിന്നുള്ള ബയോ ആക്റ്റീവ് സംയുക്തങ്ങളെ കണ്ടെത്തി മികച്ച 'ന്യൂട്രാസ്യൂട്ടിക്കൽ' ഉൽപ്പന്നങ്ങളാക്കി വികസിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം.

## National

◆ മൊബിലിറ്റി, സുസ്ഥിരത, സാങ്കേതികവിദ്യ, നവീകരണം എന്നിവയുൾപ്പെടെയുള്ള മേഖലകളിലെ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയുമായി ഒപ്പുവെച്ച രാജ്യം

**ഫിൻലൻഡ്**

◆ ഇന്ത്യയിലെ ആദ്യത്തെ പൂർണമായി പ്രവർത്തനക്ഷമമായ റിങ് മെട്രോ നിലവിൽ വരുന്നത്

**ഡൽഹി**

❖ മജ്‌ലിസ് പാർക്ക് മുതൽ മൗജ്പൂർ-ബാബർപൂർ (പിങ്ക് ലൈൻ), ദീപാലി ചൗക്ക് മുതൽ മജ്‌ലിസ് പാർക്ക് (മജന്ത ലൈൻ) വരെയുള്ള രണ്ട് പുതിയ മെട്രോ ഇടനാഴികൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

◆ 2026 മാർച്ചിൽ 16 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ നിരോധനം പ്രഖ്യാപിച്ച സംസ്ഥാനം

**കർണാടക**

❖ 13 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ആന്ധ്രാപ്രദേശും സോഷ്യൽ മീഡിയ നിരോധനം പ്രഖ്യാപിച്ചു

❖ സോഷ്യൽ മീഡിയയുടെ പ്രതികൂല സ്വാധീനത്തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നതാണ് ഈ നീക്കത്തിന്റെ ലക്ഷ്യം

- 2027-ലെ ജനസംഖ്യാ സെൻസസിന്റെ ഭാഗ്യചിഹ്നങ്ങൾ

  **പ്രഗതി , വികാസ്**

  - കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഭാഗ്യചിഹ്നങ്ങൾ അനാച്ഛാദനം ചെയ്തു.
  - 2027-ലെ ജനസംഖ്യാസെൻസസിനായുള്ള നാല് ഡിജിറ്റൽ ഉപകരണങ്ങൾ കൂടി ആഭ്യന്തരമന്ത്രി പുറത്തിറക്കി.
  - സ്ത്രീ എന്യൂമറേറ്ററായ പ്രഗതിയും പുരുഷ എന്യൂമറേറ്ററായ വികാസും സെൻസസ് പ്രക്രിയയിലെ തുല്യപങ്കാളിത്തത്തെയും വികസിത ഭാരതമെന്ന ലക്ഷ്യത്തെയും സൂചിപ്പിക്കുന്നു

- അടുത്തിടെ ആന്ധ്രാപ്രദേശിൽ മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി ആരംഭിച്ച പദ്ധതി

  **ഹനുമാൻ പദ്ധതി**

  - HANUMAN - **Healing and Nurturing Units for Monitoring, Aid and Nursing of Wildlife**
  - വന്യജീവികളെയും വനാന്തര ഗ്രാമങ്ങളിൽ താമസിക്കുന്നവരെയും സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ ശാസ്ത്രീയവും സാങ്കേതികവുമായ ഇടപെടലായിട്ടാണ് ഹനുമാൻ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

- വർദ്ധിച്ചുവരുന്ന മനുഷ്യമൃഗ സംഘർഷം പരിഹരിക്കുന്നതിനായി, വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി ബന്ദിപ്പൂർ കടുവ സംരക്ഷണ കേന്ദ്രം ആരംഭിച്ച പദ്ധതി

  **കഠിന മിത്ര**

## Defence

- സാങ്കേതിക തകരാറുകളെ തുടർന്ന് അടുത്തിടെ ഇന്ത്യ കൊച്ചിയിൽ അഭയം നൽകിയ ഇറാനിയൻ യുദ്ധക്കപ്പൽ

  **ഐ.ആർ.ഐ.എസ്. ലാവൻ**

  - അമേരിക്കൻ ആക്രമണങ്ങൾക്കും പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കുമിടയിലാണ് സംഭവം

## Banking

- 2026 ൽ നിലവിൽ വന്ന ജിഡിപിയുടെ പരിഷ്കരിച്ച അടിസ്ഥാന വർഷം

  **2022-23**

  - 2011-12 ൽ നിന്ന് ഔദ്യോഗികമായി 2022-23 മാറ്റി

## Science and Technology

- SKUAST കാശ്മീർ വികസിപ്പിച്ചെടുത്ത പുതിയ ഗോതമ്പ് ഇനങ്ങൾ

  **ഷാലിമാർ ഗോതമ്പ് -3 , ഷാലിമാർ ഗോതമ്പ് - 4**

  - നെല്ല് - ഗോതമ്പ് കൃഷി സമ്പ്രദായത്തിന് അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത വിത്തിനങ്ങളാണിവ
  - SKUAST-K- Sher-e-Kashmir University of Agricultural Sciences and Technology, Kashmir

## Sports

- പ്രഥമ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന്റെ വേദി

  **ഛത്തീസ്ഗഡ്**

  - അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹോക്കി, ഭാരോദ്വഹനം, അമ്പെയ്ത്ത്, നീന്തൽ, ഗുസ്തി തുടങ്ങിയ മത്സരയിനങ്ങളും മല്ലകംബ്, കബഡി എന്നീ പ്രദർശനയിനങ്ങളും ഉണ്ടാകും.

## Today's MCQ

1. പശ്ചിമബംഗാളിന്റെ പുതിയ ഗവർണർ

   (a) സി.വി. ആനന്ദബോസ് (b) രാജേന്ദ്ര വിശ്വനാഥ് അർലേക്കർ

   (c) ആർ.എൻ. രവി (d) ആരിഫ് മുഹമ്മദ്ഖാൻ

2. 'നിന്റെ കഥ' എന്ന പുസ്തകം രചിച്ചത്

   (a) പ്രിയ എ.എസ് (b) കെ.ആർ. മീര

   (c) സാറാ ജോസഫ് (d) ആർ. രാജശ്രീ

**Ans : 1. (c), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
09-10




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 09, 10 MARCH 2026

## Appointment

- ഗുരുവായൂർ ദേവസ്വം ബോർഡിന്റെ പുതിയ ചെയർമാനായി നിയമിതനായത്

  **എ.വി. ഗോപിനാഥ്**

## Award

- ഉള്ളൂർ സർവീസ് സഹകരണ ബാങ്ക് ഏർപ്പെടുത്തിയ ഉള്ളൂർ സ്മാരക അവാർഡിന് അർഹനായത്

  **ടി.പി. വേണുഗോപാലൻ**

  - അദ്ദേഹത്തിന്റെ 'തുന്നൽക്കാരൻ' എന്ന കഥാസമാഹാരത്തിനാണ് പുരസ്കാരം

## Kerala

- ബി ആർ അംബേദ്കർ ഇന്റർനാഷണൽ അക്കാഡമിക് ചെയർ ആരംഭിക്കുന്നത്

  **കൊട്ടാരക്കര**

- കേരളത്തിലെ ആദ്യത്തെ ഇരുനില പാലം

  **പടഹാരം പാലം**

  - നെടുമുടി, തകഴി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ച് പൂക്കൈതയാറിനു കുറുകേ നിർമിച്ച പാലമാണ് പടഹാരം പാലം.

- സംസ്ഥാനത്ത് കായലിന് കുറുകെ നിർമ്മിച്ച ഏറ്റവും വലിയ പാലം

  **പെരുമ്പളം പാലം**

  - പാലത്തിന്റെ ആകെ നീളം ഏകദേശം 1.15 കിലോമീറ്റർ
  - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണം പൂർത്തിയാക്കിയത്.
  - മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു
  - ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിനെ പെരുമ്പളം ദ്വീപുമായി ബന്ധിപ്പിക്കുന്നു

## National

- അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ കർത്തവ്യ പഥിൽ നടന്ന പദയാത്ര

  **Shakti Walk**

- ഇന്ത്യയിൽ ആദ്യമായി ഉൾനാടൻ ജലപാതയിൽ നദീതീര ലൈറ്റ് ഹൗസുകൾ സ്ഥാപിക്കപ്പെടുന്ന നദി

  **ബ്രഹ്മപുത്ര**

  - ദേശിയ ജലപാത 2 ലാണ് ഇത് നടപ്പാക്കുന്നത്
  - അസമിലെ സാധിയ മുതൽ ധുബ്രി വരെയാണ് ദേശീയ ജലപാത 2
  - വടക്കുകിഴക്കൻ ഇന്ത്യയെ കൊൽക്കത്ത, ഹാൽദിയ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന ഉൾനാടൻ ഗതാഗത മാർഗ്ഗമാണിത്.

## International

- യുനെസ്കോയുടെ 2026ലെ 'ലോക എൻജിനീയറിങ് ദിന'ത്തിന്റെ ഔദ്യോഗിക പങ്കാളിയായി അടുത്തിടെ തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ കമ്പനി

  **അദാനി ഗ്രൂപ്പ്**

- കുഷ്ഠരോഗം ഇല്ലാതാക്കിയതായി ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ട അമേരിക്കൻ ഭൂഖണ്ഡ ത്തിലെ ആദ്യത്തെ രാജ്യം

**ചിലി**

- ❖ ഈ നേട്ടം സ്വന്തമാക്കിയ ലോകത്തിലെ രണ്ടാമത്തെ രാജ്യം കൂടിയാണ് ചിലി (ആദ്യം ജോർദ്ദാൻ)
- ❖ ഹാൻസെൻസ് രോഗം എന്നും അറിയപ്പെടുന്ന കുഷ്ഠരോഗം, മൈകോബാക്ടീരിയം ലെപ്രേ എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ഒരു പകർച്ചവ്യാധിയാണ്

## Defence

- അഞ്ച് S-400 കൂടി റഷ്യയിൽ നിന്ന് വാങ്ങാൻ ഇന്ത്യ തീരുമാനിച്ചു
  - ❖ 400 കിലോമീറ്റർ ദൂരപരിധിയിലുള്ള ഡ്രോണുകളും വിമാനങ്ങളും വീഴ്ത്താൻ കഴിയും ഇതിന് കഴിയും
  - ❖ ഒരേസമയം 300 ലേറെ ലക്ഷ്യങ്ങളെ ട്രാക്ക് ചെയ്യാനും 36 ലക്ഷ്യങ്ങളെ തകർക്കാനും ഇതിന് സാധിക്കും
  - ❖ ഓപ്പറേഷൻ സിന്ദൂറിൽ പാക് അക്രമങ്ങളെ ഭസ്മമാക്കിയ വ്യോമ പ്രതിരോധ സംവിധാന മാണിത്.

## Sports

- സൈക്ലിംഗ് ലീഗ് ഓഫ് ഇന്ത്യ 2026 ന് വേദിയാകുന്ന ഇന്ത്യൻ നഗരം

**അഹമ്മദാബാദ്**

- ❖ ലോകത്തിലെ തന്നെ ആദ്യത്തെ ഫ്രാഞ്ചൈസി അടിസ്ഥാനമാക്കിയുള്ള സൈക്ലിംഗ് ലീഗാണ്.

- അടുത്തിടെ സ്വന്തമായി 'ബാർബി ഡോൾ' മോഡൽ നൽകി ആദരിക്കപ്പെട്ട ആദ്യത്തെ ഇന്ത്യൻ ക്രിക്കറ്റ് താരം

**സ്മൃതി മന്ദാന**

- ❖ 2026-ലെ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് പ്രശസ്ത കളിപ്പാട്ട നിർമ്മാതാക്കളായ 'മാറ്റൽ' പുറത്തിറക്കിയ ബാർബി ഡ്രീം ടീമിൽ സ്മൃതി മന്ദാന ഇടംനേടി.
- ❖ ഇതോടെ സ്വന്തമായി ബാർബി ഡോൾ മോഡൽ ലഭിക്കുന്ന ലോകത്തിലെ ആദ്യത്തെ ക്രിക്കറ്റ് താരം എന്ന ചരിത്രനേട്ടം സ്മൃതി സ്വന്തമാക്കി.
- ❖ ഇതിനുമുൻപും ഇന്ത്യൻ കായിക താരങ്ങളെ ബാർബി ഡോൾ നൽകി ആദരിച്ചിട്ടുണ്ട്. (ദീപ കർമാകർ (ജിംനാസ്റ്റിക്സ്) 2019, മാനസി ജോഷി (പാരാ ബാഡ്മിന്റൺ) 2020)

- 2026 പുരുഷ T-20 ലോകകപ്പ് ($10^{th}$ എഡിഷൻ) ജേതാക്കൾ

**ഇന്ത്യ** (ഇന്ത്യയുടെ മൂന്നാമത് കിരീടം (2007, 2024)

- ❖ T-20 കിരീടം നിലനിർത്തുന്ന ആദ്യ ടീം
- ❖ ഫൈനലിന്റെ വേദി - **നരേന്ദ്രമോദി സ്റ്റേഡിയം അഹമ്മദാബാദ്**
- ❖ ഇന്ത്യൻ ടീം ക്യാപ്റ്റൻ - **സൂര്യകുമാർ യാദവ്**
- ❖ ഇന്ത്യയുടെ മുഖ്യ പരിശീലകൻ - **ഗൗതം ഗംഭീർ** (പരിശീലകനായും, കളിക്കാരനായും T-20 ലോകകപ്പ് നേടിയ ആദ്യ താരം) (എന്നാൽ പരിശീലകനായും, കളിക്കാരനായും ക്രിക്കറ്റ് ലോകകപ്പ് നേടിയ ആദ്യ താരം - ജെഫ് മാർഷ്)
- ❖ ഫൈനലിൽ ഇന്ത്യ ന്യൂസിലാന്റിനെ 96 റൺസിന് പരാജയപ്പെടുത്തി (ന്യൂസിലാന്റ് ക്യാപ്റ്റൻ മിച്ചൽ സാന്റ്നർ)

- വേദി - **ഇന്ത്യ, ശ്രീലങ്ക**
- ആകെ ടീമുകൾ - 20 (ബംഗ്ലാദേശ് പിന്മാറി പകരം സ്കോട്ട്ലാന്റിനെ ഉൾപ്പെടുത്തി)
- ഫൈനലിലെ താരം - **ജസ്പ്രീത് ബുംറ**
- ടൂർണമെന്റിലെ താരം - **സഞ്ജു സാംസൺ**
- കൂടുതൽ റൺസ് - **ഷാഹിബ്സാധാ ഫർഹാൻ**
- കൂടുതൽ വിക്കറ്റ് നേടിയത് - **ജസ്പ്രീത് ബുംറ, വരുൺ ചക്രവർത്തി**
- ഒരു ലോകകപ്പ് ഫൈനലിലെ ഏറ്റവും ഉയർന്ന ടീം സ്കോർ എന്ന നേട്ടവും, ഒരു ലോകകപ്പ് എഡിഷനിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ ടീമെന്ന നേട്ടവും ഇന്ത്യ സ്വന്തമാക്കി

**<u>സഞ്ജു സാംസൺ നേടിയ റെക്കോർഡുകൾ</u>**

- T-20 ലോകകപ്പ് രണ്ട് തവണ നേടുന്ന ആദ്യ മലയാളി
- T-20 ലോകകപ്പിൽ Player of the Tournament ആകുന്ന ആദ്യ മലയാളി, ആദ്യ ഇന്ത്യൻ വിക്കറ്റ് കീപ്പർ
- ഒരു T-20 ക്രിക്കറ്റ് എഡിഷനിൽ കൂടുതൽ റൺസ് നേടുന്ന ഇന്ത്യൻ താരം (321 റൺസ്) (വിരാട് കോലിയുടെ റെക്കോർഡ് മറികടന്നു)
- ഒരു T-20 ലോകകപ്പ് എഡിഷനിൽ കൂടുതൽ സിക്സറുകൾ നേടുന്ന കളിക്കാരൻ (24 എണ്ണം )
- T-20 ലോകകപ്പ് ഫൈനലിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ (89)
- T-20 ലോകകപ്പിന്റെ സെമിയിലും ഫൈനലിലും അർധസെഞ്ചറി നേടുന്ന മൂന്നാമത്തെ താരം. (വിരാട് കോലി (2014), ഷാഹിദ് അഫ്രീഡി (2009) എന്നിവരാണ് മറ്റുള്ളവർ)

**<u>Today's MCQ</u>**

1. കേരളത്തിലെ ആദ്യത്തെ 'സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ്' സജ്ജമാകുന്നത്

   (a) കൊച്ചി (b) തോന്നയ്ക്കൽ

   (c) ചേർത്തല (d) പുനലൂർ

2. മൊബിലിറ്റി, സുസ്ഥിരത, സാങ്കേതികവിദ്യ, നവീകരണം എന്നിവയുൾപ്പെടെയുള്ള മേഖലകളിലെ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയുമായി കരാർ ഒപ്പുവെച്ച രാജ്യം

   (a) ഫിൻലൻഡ് (b) നോർവെ

   (c) നെതർലന്റ് (d) ഫ്രാൻസ്

**Ans : 1. (b), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
11



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 11 MARCH 2026

## Appointment

- 2026 മാർച്ചിൽ ഇറാനിന്റെ പരമോന്നത നേതാവായി നിയമിതനായത്

  **മൊജ്തബ ഖമേനി**

  - അയത്തുള്ള അലി ഖമേനിയുടെ മരണത്തെ തുടർന്നാണ് അദ്ദേഹത്തിന്റെ മകൻ മൊജ്തബ ഖമേനി സ്ഥാനമേറ്റത്
  - രാജ്യത്തിന്റെ പരമോന്നത നേതാവിനെ തിരഞ്ഞെടുക്കുന്നതിന് ഉത്തരവാദികളായ പുരോഹിതന്മാരുടെ സംഘടനയായ അസംബ്ലി ഓഫ് എക്സ്പെർട്ട്സാണ് മൊജ്തബ ഖമേനിയെ തിരഞ്ഞെടുത്തത്

- എസ്.ബി.ഐ. ലൈഫിന്റെ പുതിയ ബ്രാൻഡ് അംബാസഡർമാർ

  **ഋഷഭ് പന്ത്, രവീന്ദ്ര ജഡേജ**

  - ‘ജോളി’ & ‘പോളി’ എന്നീ രണ്ട് കഥാപാത്രങ്ങളായിട്ടാണ് പുതിയ ബ്രാൻഡ് അംബാസഡർമാർ പ്രത്യക്ഷപ്പെടുന്നത്

## Book and Author

- നിയോഗം എന്ന നോവൽ എഴുതിയത്

  **രമേശ് ചെന്നിത്തല**

  - രമേശ് ചെന്നിത്തലയുടെ ആദ്യ നോവലാണിത്
  - സാഹിത്യകാരൻ ടി. പത്മനാഭനാണ് പുസ്തകം പ്രകാശനം ചെയ്തത്. പ്രശസ്ത സംവിധായകൻ ബ്ലസി പുസ്തകം സ്വീകരിച്ചു.

## Kerala

- സൈലന്റ് വാലി നാഷണൽ പാർക്കിൽ നടത്തിയ സമഗ്ര പക്ഷി സർവേയിൽ രേഖപ്പെടുത്തിയ പക്ഷി ഇനങ്ങൾ

  **192**

  - കേരള, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള 85 പക്ഷിനിരീക്ഷകരുടെ പങ്കാളിത്തത്തോടെ, സംസ്ഥാന വനം വകുപ്പും മലബാർ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയും സംയുക്തമായാണ് സർവേ നടത്തിയത്.
  - സർവേയിൽ ദേശീയ പാർക്കിന്റെ കോർ, ബഫർ സോണുകൾ എന്നിവ ഉൾപ്പെടുന്നു

## National

- സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിനും സമൂഹമാധ്യമങ്ങളിലൂടെ തെറ്റായ നിക്ഷേപ ഉപദേശങ്ങൾ നൽകുന്നവരെ കണ്ടെത്തുന്നതിനുമായി സെബി അടുത്തിടെ പുറത്തിറക്കിയ എ.ഐ. ടൂൾ

  **സുദർശൻ**

  - അനധികൃതമായി സാമ്പത്തിക ഉപദേശങ്ങൾ നൽകുന്ന ഫിൻഫ്ളുവൻസർമാരെയും (Finfluencers) ഓഹരി വിപണിയുമായി ബന്ധപ്പെട്ട തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കങ്ങളും നിരീക്ഷിക്കാനാണ് SEBI സ്വന്തമായി ‘സുദർശൻ’ എന്ന AI സംവിധാനം വികസിപ്പിച്ചത്. ഓഡിയോ, വീഡിയോ, ടെക്സ്റ്റ് എന്നിവ ഒരേസമയം വിശകലനം ചെയ്ത് നിയമലംഘനങ്ങൾ കണ്ടെത്താൻ ഈ സിസ്റ്റത്തിന് കഴിയും.
  - SEBI ചെയർമാൻ - **തുഹിൻ കാന്ത പാണ്ഡെ**

- ഇന്ത്യയിൽ പ്രവർത്തനക്ഷമമായ ഒരു ആണവനിലയത്തിന്റെ മേധാവിയാകുന്ന ആദ്യത്തെ വനിത

  **ആർ.എം. നാച്ചമ്മൈ**

  - കർണാടകയിലെ കൈഗ ജനറേറ്റിംഗ് സ്റ്റേഷനിലെ (യൂണിറ്റ് 3, 4) ചീഫ് സൂപ്രണ്ടായാണ് നിയമിതയായത്.
  - കൈഗ ആണവനിലയം സ്ഥിതി ചെയ്യുന്നത് - **കർണാടക**

- ഇന്ത്യൻ ബൈസൺ ഫെസ്റ്റിന്റെ രണ്ടാം പതിപ്പിന്റെ വേദി

  **ഡെബ്രിഗഡ് വന്യജീവി സങ്കേതം** (ഒഡീഷ)

- ഇന്ത്യയിലുടനീളമുള്ള ജില്ലകളിലെ പോഷകാഹാരം മെച്ചപ്പെടുത്തുന്നതിനായി യൂണിസെഫ് ഇന്ത്യയുമായി കരാറിൽ ഒപ്പുവച്ച സ്ഥാപനം

  **നീതി ആയോഗ്**

  - മാതൃ-ശിശു പോഷകാഹാര ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിന് രണ്ട് സ്ഥാപനങ്ങളുടെയും ശക്തി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ കരാറിന്റെ ലക്ഷ്യം.

- SHINE എന്ന ആപ്പ് ആരംഭിച്ചത്

  **ഇന്ത്യൻ റെയിൽവേ**

  - SHINE - **Sexual Harassment Incident Notification for Empowerment**
  - അന്താരാഷ്ട്ര വനിതാ ദിനത്തിൽ പ്രവർത്തനക്ഷമമായ ഈ ആപ്പ്, സ്ത്രീകൾക്ക് ലൈംഗിക പീഡന പരാതികൾ സമർപ്പിക്കാൻ വേണ്ടിയുള്ളതാണ്

## Sports

- 2026 T-20 ലോകകപ്പിലെ ടീം ഓഫ് ദ ടൂർണമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാളായി താരം

  **സഞ്ജു സാംസൺ**

  - സഞ്ജുവിന് പുറമേ ഇഷാൻ കിഷൻ, ഹാർദിക് പാണ്ഡ്യ, ജസ്പ്രീത് ബുംറ എന്നിവരാണ് ടീമിൽ ഉൾപ്പെട്ട മറ്റ് ഇന്ത്യൻ താരങ്ങൾ.

## Demise

- 2026 മാർച്ചിൽ അന്തരിച്ച പ്രശസ്ത ഇന്ത്യൻ ചരിത്രകാരൻ

  **കെ.എൻ. പണിക്കർ**

  - ചരിത്ര രചനയിൽ മാർക്സിസ്റ്റ് രചനാരീതി സ്വീകരിച്ചിട്ടുള്ള പണിക്കർ ഇന്ത്യയിലെ പ്രമുഖ ചരിത്രകാരൻമാരിൽ ഒരാളായിരുന്നു.
  - 2017 ൽ കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നൽകി അദ്ദേഹത്തെ ആദരിച്ചു.
  - പ്രധാന രചനകൾ - **Against Lord and State, Culture Ideology Hegemony, Colonialism Culture and Resistance**

- 2026 മാർച്ചിൽ അന്തരിച്ച മുൻ ഇന്ത്യൻ ഫുട്ബോളർ

  **സയ്യിദ് ഹബീബുൾ ഹസൻ ഹമീദ്**

  - 1964 ൽ എ.എഫ്.സി ഏഷ്യൻ കപ്പിൽ സയ്യിദ് ഹബീബുൾ ഇന്ത്യയെ പ്രതിനിധീകരിച്ചു.
  - 1960 ലെ റോം ഒളിമ്പിക്സിൽ അദ്ദേഹം ഇന്ത്യൻ സംഘത്തിന്റെ ഭാഗമായിരുന്നു.

## Today's MCQ

1. ബി.ആർ അംബേദ്കർ ഇന്റർനാഷണൽ അക്കാഡമിക് ചെയർ ആരംഭിക്കുന്നത്

   (a) തോന്നയ്ക്കൽ (b) കാക്കനാട്

   (c) കോഴിക്കോട് (d) കൊട്ടാരക്കര

2. സംസ്ഥാനത്ത് കായലിന് കുറുകെ നിർമ്മിച്ച ഏറ്റവും വലിയ പാലം

   (a) പെരുമ്പളം പാലം (b) കുമ്പിച്ചൽകടവ് പാലം

   (c) പടഹാരം പാലം (d) ഇതൊന്നുമല്ല

**Ans : 1. (d), 2. (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
12



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 12 MARCH 2026

## Awards

- 2026-ൽ ഗുരുഗോപിനാഥ് നാട്യ പുരസ്കാരത്തിന് അർഹരായത്

  **വി.പി. ധനഞ്ജയൻ, ശാന്ത ധനഞ്ജയൻ** (ഭരതനാട്യം)

  - മൂന്ന് ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം
  - സപര്യ പുരസ്കാരത്തിന് കേരള നടനം കലാകാരിയും അദ്ധ്യാപികയുമായ അംബിക മോഹൻ അർഹയായി
  - സാംസ്കാരിക വകുപ്പിന് വേണ്ടി ഗുരുഗോപിനാഥ് നടന ഗ്രാമം ഏർപ്പെടുത്തിയ പുരസ്കാര മാണിത്

## Appointment

- പുതിയ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിതനാകുന്നത്

  **കെ.ജി. സനൽകുമാർ**

  - നിലവിൽ നിയമ വകുപ്പ് സെക്രട്ടറിയാണ് കെ.ജി. സനൽകുമാർ
  - എ. ഷാജഹാൻ സ്ഥാനമൊഴിയുന്നതിനെ തുടർന്നാണ് നിയമനം
  - മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ - **ഗ്യാനേഷ് കുമാർ**
- കെ.എസ്.ആർ.ടി.സിയുടെ സ്ഥിരം ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടറായി നിയമിതനായത്

  **പ്രമോജ് ശങ്കർ**
- നേപ്പാളിന്റെ പുതിയ പ്രധാനമന്ത്രി ആയി ചുമതലയേൽക്കുന്നത്

  **ബാലേന്ദ്ര ഷാ**

  - GEN-Z വിപ്ലവത്തിന് ശേഷം നടന്ന തിരഞ്ഞെടുപ്പിൽ ഇദ്ദേഹത്തിന്റെ രാഷ്ട്രീയ സ്വതന്ത്ര പാർട്ടി ഭൂരിപക്ഷം നേടി അധികാരമുറപ്പിച്ചു

## Kerala

- പ്രേംനസീർ സ്മാരക സാംസ്കാരിക സമുച്ചയം നിലവിൽ വരുന്നത്

  **ചിറയിൻകീഴ്**

  - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴിലാണ് പ്രേംനസീർ സ്മാരക സാംസ്കാരിക സമുച്ചയം നിർമ്മിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ജന്മനാടാണിത്.
- ക്ലിന്റ് ആർട്ട് ഗാലറി നിലവിൽ വരുന്നത്

  **കൊച്ചി**

  - ബാലചിത്രകാരനാണ് ക്ലിന്റ്
  - ഏഴു വയസ്സ് തികയുന്നതിന് മുൻപ് തന്നെ വരച്ചു തീർത്തത് 25,000ത്തോളം ചിത്രങ്ങളാണ്.

## National

- യൂണിഫോം സിവിൽ കോഡ് നടപ്പിലാക്കണമെന്ന് അടുത്തിടെ വിധി പ്രസ്താവിച്ച കോടതി

  **സുപ്രീം കോടതി**

- 2026-ൽ ഇൻഡിഗോയുടെ സി.ഇ.ഒ. സ്ഥാനം രാജി വച്ചത്

  **പീറ്റർ എൽബേഴ്സ്**

## Sports

- 2026 ഫിഫ ഫുട്ബോളിലെ ഉദ്ഘാടന മത്സരത്തിൽ ഏറ്റുമുട്ടുന്നത്

  **മെക്സിക്കോ Vs ദക്ഷിണാഫ്രിക്ക**

## Demise

- വാട്ടർഗേറ്റ് വിവാദവുമായി ബന്ധപ്പെട്ട നിർണായകമായ റെക്കോർഡിങ്ങുകൾ പുറത്തുവിട്ട **അലക്സാണ്ടർ ബട്ടർഫീൽഡ്** അന്തരിച്ചു
  - 1972 വാഷിംഗ്ടൺ ഡി.സി.യിലെ 'വാട്ടർഗേറ്റ്' ഓഫീസ് സമുച്ചയത്തിലുള്ള ഡെമോക്രാറ്റിക് നാഷണൽ കമ്മിറ്റി ആസ്ഥാനത്ത് അഞ്ച് പേർ അതിക്രമിച്ചു കയറി. രാഷ്ട്രീയ രഹസ്യങ്ങൾ ചോർത്തുകയായിരുന്നു ഇവരുടെ ലക്ഷ്യം.
  - ഈ കുറ്റകൃത്യത്തിന് പിന്നിൽ നിക്സൺ ഭരണകൂടത്തിലെ ഉന്നതർക്ക് പങ്കുണ്ടെന്ന് കണ്ടെത്തി.
  - ഈ സംഭവം പുറത്തായതോടെ അത് മറച്ചുവെക്കാൻ നിക്സൺ തന്റെ അധികാരം ഉപയോഗിച്ച് ശ്രമിച്ചു.
  - 1974-ന് റിച്ചാർഡ് നിക്സൺ അമേരിക്കൻ പ്രസിഡന്റ് സ്ഥാനം രാജിവെച്ചു

## Today's MCQ

1. മൊജ്തബ ഖമേനി ഏത് രാജ്യത്തിന്റെ പരമോന്നത നേതാവായാണ് നിയമിതനായത് ?

   (a) ഇറാൻ (b) ഇസ്രായേൽ

   (c) സൗദി അറേബ്യ (d) ഇറാഖ്

2. സൈലന്റ് വാലി നാഷണൽ പാർക്കിൽ നടത്തിയ സമഗ്ര പക്ഷി സർവേയിൽ രേഖപ്പെടുത്തിയ പക്ഷി ഇനങ്ങൾ

   (a) 172 (b) 182

   (c) 192 (d) 162

**Ans : 1. (a), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
13



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 13 MARCH 2026

## Kerala

- ഡോ. കെ.ജെ. യേശുദാസ് ഡിജിറ്റൽ ലൈബ്രറി സജ്ജമാകുന്നത്

  **ഭാരത് ഭവൻ, തൈക്കാട്**

  - ഡിജിറ്റൽ ലൈബ്രറിയാക്കുന്നതിന്റെ ഭാഗമായുള്ള പ്രാഥമികഘട്ട ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിച്ചു
  - സ്വാതിതിരുനാൾ സംഗീത കോളേജ് വിദ്യാർത്ഥിയായിരിക്കെ യേശുദാസ് താമസിച്ചിരുന്ന ഭാരത് ഭവനിലെ കെട്ടിടമാണ് യേശുദാസ് ഡിജിറ്റൽ ലൈബ്രറിയാക്കുന്നത്
  - ഡിജിറ്റൽ സംഗീതം, ഗ്രാമഫോൺ സംഗീതം, യേശുദാസിന്റെ അപൂർവ ഫോട്ടോകൾ എന്നിവ ലൈബ്രറിയിൽ ഉൾപ്പെടുന്നു

## National

- 2026 ൽ നീതി ആയോഗ് പുറത്തുവിട്ട 2023-24 ഫിസ്കൽ ഹെൽത്ത് ഇൻഡക്സിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം

  **ഒഡീഷ**

  - രണ്ടാം സ്ഥാനത്ത് - **ഗോവ**
  - മൂന്നാം സ്ഥാനത്ത് - **ജാർഖണ്ഡ്**
  - കേരളത്തിന്റെ സ്ഥാനം - **15**
  - പ്രധാനപ്പെട്ട 18 സംസ്ഥാനങ്ങളെ ഉൾക്കൊള്ളിച്ചുള്ള റിപ്പോർട്ടാണിത്

- ഇന്ത്യയിൽ സുപ്രീംകോടതിയുടെ നേരിട്ടുള്ള ഉത്തരവിലൂടെ നിഷ്ക്രിയ ദയാവധത്തിന് വിധേയനാകുന്ന ആദ്യ വ്യക്തി

  **ഹരീഷ് റാണ**

  - ഇന്ത്യയിൽ കോടതിയുടെ നേരിട്ടുള്ള ഉത്തരവിലൂടെ ജീവൻരക്ഷാ സംവിധാനങ്ങൾ പിൻവലിച്ച് നിഷ്ക്രിയ ദയാവധത്തിന് (Passive Euthanasia) വിധേയനാകുന്ന ആദ്യ വ്യക്തിയാണ് ഉത്തർ പ്രദേശിലെ ഗാസിയാബാദ് സ്വദേശിയായ ഹരീഷ് റാണ.
  - ഹരീഷ് റാണയുടെ പിതാവിന് വേണ്ടി വാദിച്ച മലയാളി അഭിഭാഷക -**അഡ്വ. രശ്മി നന്ദകുമാർ**
  - നിഷ്ക്രിയ ദയാവധം : ജീവൻ നിലനിർത്താൻ സഹായിക്കുന്ന ചികിത്സകളോ മരുന്നുകളോ മെഷീനുകളോ പിൻവലിച്ച് മരണം സംഭവിക്കാൻ അനുവദിക്കുന്ന രീതിയാണിത്. ഇന്ത്യയിൽ സുപ്രീം കോടതിയുടെ കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത് നിയമവിധേയമാണ്.

- പ്രൊജക്റ്റ് ഗംഗ ആരംഭിക്കുന്ന സംസ്ഥാനം

  **ഉത്തർപ്രദേശ്**

  - ഗ്രാമപ്രദേശങ്ങളിലെ 20 ലക്ഷം വീടുകളിൽ അതിവേഗ ഇന്റർനെറ്റ് എത്തിക്കാൻ ലക്ഷ്യമിട്ട് ആരംഭിക്കുന്ന പദ്ധതിയാണിത്

- 2026 മാർച്ചിലെ കണക്കുകൾ പ്രകാരം രാജ്യത്ത് സംരക്ഷിച്ചു പോരുന്ന ചീറ്റപ്പുലികളുടെ ആകെ എണ്ണം

**53**

  - ❖ മധ്യപ്രദേശിലെ കുനോ ദേശീയോദ്യാനത്തിൽ ഒരു നമീബിയൻ ചീറ്റയായ ജ്വാല അഞ്ച് കുഞ്ഞുങ്ങൾക്ക് ജന്മം നൽകി

## Space

- 2026 മാർച്ചിൽ ഭൗമാന്തരീക്ഷത്തിലേക്ക് തിരിച്ചിറങ്ങിയ നാസയുടെ പേടകം

**വാൻ അലൻ പ്രോബ്-എ**

  - ❖ 2012 ഓഗസ്റ്റ് 30നാണ് വാൻ അലൻ പ്രോബ്-എ, ബി എന്നിവ വിക്ഷേപിച്ചത്.
  - ❖ ഭൂമിക്കു ചുറ്റുമുള്ള റേഡിയേഷൻ വലയത്തെ കുറിച്ച് പഠിക്കുന്നതിന് വേണ്ടിയാണ് ഇവ വിക്ഷേപിച്ചത്.
  - ❖ രണ്ട് വർഷത്തെ ദൗത്യത്തിനായാണ് വിക്ഷേപിച്ചതെങ്കിലും ഏഴ് വർഷക്കാലം ഉപഗ്രഹങ്ങൾ വിവരങ്ങൾ ശേഖരിച്ചു.
  - ❖ ഇന്ധനം തീരുന്നതുവരെ ഈ രണ്ട് ഉപഗ്രഹങ്ങളും പ്രവർത്തിപ്പിച്ചു.

## Defence

- LAMITIYE 2026 ന്റെ വേദി

**സീഷൽസ്**

  - ❖ ഇന്ത്യ സീഷൽസ് സംയുക്ത സൈനിക അഭ്യാസമാണിത്

## Science and Technology

- അടുത്തിടെ ഒരേ ശരീരത്തിൽ ആൺ-പെൺ സവിശേഷതയുള്ള ഞണ്ടിനെ കണ്ടെത്തപ്പെട്ടത്

**സൈലന്റ്‌വാലി**

  - ❖ ആൺ-പെൺ ലക്ഷണങ്ങൾ ഒരേ ശരീരത്തിൽ കാണുന്ന അപൂർവ ജൈവാവസ്ഥയുള്ള (ഗൈനാൻഡ്രോമോർഫി) ഞണ്ടിനെ ശാസ്ത്രജ്ഞർ കണ്ടെത്തി
  - ❖ ആൺ ജീവികൾക്ക് പ്രത്യേക പ്രജനനാവയവങ്ങളായ ഗോണോപോഡുകൾ ഉണ്ടാകുമ്പോൾ പെൺ ജീവികൾക്ക് വിപുലമായ ഉദരഭാഗവും മുട്ടകൾ വഹിക്കാൻ സഹായിക്കുന്ന ഘടനകളും കാണപ്പെടുന്നു. എന്നാൽ സൈലന്റ് വാലിയിൽ കണ്ടെത്തിയ ഞണ്ടിൽ ഈ രണ്ടുതരം ലക്ഷണങ്ങളും ഒരേ ശരീരത്തിൽ തന്നെ കണ്ടെത്തി.
  - ❖ പഠനത്തിൽ ഉൾപ്പെട്ടത് Vela carli ഇനത്തിൽപ്പെട്ട, പശ്ചിമ ഘട്ടത്തിലെ കേരളവും തമിഴ്നാടും ഉൾപ്പെടുന്ന ചില പ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്ന ജീവിയാണ്

- അടുത്തിടെ സൈലന്റ് വാലിയിൽ നിന്ന് കണ്ടെത്തിയ രണ്ട് പുതിയ മണ്ണിര ഇനങ്ങൾ

**മോണിലിഗാസ്റ്റർ ഗിരിഷി, ഡ്രാവിഡ റെയ്നോൾഡ്സി**

## Sports

- 2026 മാർച്ചിലെ റിപ്പോർട്ട് പ്രകാരം ഐ.സി.സി. മെൻസ് T20 ബാറ്റിംഗ് റാങ്കിങ്ങിൽ സഞ്ജു സാംസണിന്റെ റാങ്ക്

  **22**

  - 18 സ്ഥാനങ്ങൾ മെച്ചപ്പെടുത്തി 22-ാം സ്ഥാനത്തെത്തി.
  - 637 പോയിന്റുമായി സഞ്ജു കരിയറിലെ ഏറ്റവും മികച്ച സ്ഥാനത്താണ്.
  - റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്ത് - **അഭിഷേക് ശർമ**
  - രണ്ടാം സ്ഥാനത്ത് - **ഇഷാൻ കിഷൻ**

## Today's MCQ

1. പ്രേംനസീർ സ്മാരക സാംസ്കാരിക സമുച്ചയം നിലവിൽ വരുന്നത്

   (a) ആറ്റിങ്ങൽ (b) ചിറയിൻകീഴ്

   (c) കഴക്കൂട്ടം (d) വൈക്കം

2. ക്ലിന്റ് ആർട്ട് ഗാലറി നിലവിൽ വരുന്നത്

   (a) തിരുവനന്തപുരം (b) തൃശൂർ

   (c) കൊച്ചി (d) കോഴിക്കോട്

**Ans : 1. (b), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 14 MARCH 2026

## Appointment

- അടുത്തിടെ കൊച്ചി-മുസിരിസ് ബിനാലെയുടെ പുതിയ പ്രസിഡന്റായി നിയമിതനായത്

  **ജിതീഷ് കല്ലാട്ട്**

  - ബിനാലെയുടെ സഹസ്ഥാപകനും മുൻ പ്രസിഡന്റുമായ ബോസ് കൃഷ്ണമചാരി സ്ഥാനമൊഴിഞ്ഞതിനെ തുടർന്നാണ് നിയമനം
  - കൊച്ചി-മുസിരിസ് ബിനാലെ ഇന്ത്യയിലെ ആദ്യത്തെയും ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സമകാലിക കലാരൂപങ്ങളുടെ പ്രദർശനമാണ്
  - 2012-ലാണ് കൊച്ചിയിൽ ഇതിന് തുടക്കമിട്ടത്.
  - പ്രശസ്ത കലാകാരന്മാരായ ബോസ് കൃഷ്ണമാചാരിയും റിയാസ് കോമുവും ചേർന്നാണ് കൊച്ചി ബിനാലെ ഫൗണ്ടേഷൻ സ്ഥാപിച്ചത്.

- സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി നിയമിതനാകുന്നത്

  **വി.പി. സാനു**

  - യു. ഷറഫലി സ്ഥാനം ഒഴിയുന്നതിനെ തുടർന്നാണിത്

## Awards

- 2026-ൽ കുമാരനാശാൻ ദേശീയ കവി പുരസ്കാരത്തിന് അർഹനായത്

  **സീതാകാന്ത മഹാപത്ര** (ഒറിയ എഴുത്തുകാരൻ)

  - ജ്ഞാനപീഠ പുരസ്കാരം (1993), പത്മഭൂഷൺ (2003), പത്മവിഭൂഷൺ (2011) കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1974) എന്നിവ നേടിയിട്ടുണ്ട്
  - കെ. സച്ചിദാനന്ദൻ കുമാരനാശാൻ മലയാള കവി പുരസ്കാരം നേടി
  - ദേശീയ പുരസ്കാരത്തിന് 5 ലക്ഷം രൂപ, മലയാളം പുരസ്കാരത്തിന് 3 ലക്ഷം രൂപ. എന്നിങ്ങനെയാണ് സമ്മാനത്തുക
  - കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് ആണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

- ആറാമത് അക്ഷരപുരസ്കാരത്തിന് അർഹനായത്

  **യു.കെ. കുമാരൻ**

  - 'തക്ഷൻകുന്ന് സ്വരൂപം' എന്ന കൃതിക്കാണ് പുരസ്കാരം
  - സാഹിത്യപ്രവർത്തക സഹകരണസംഘം ഏർപ്പെടുത്തിയ പുരസ്കാരമാണിത്
  - ഒന്നേകാൽ ലക്ഷം രൂപയാണ് സമ്മാനത്തുക
  - 2015 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരവും, 2016 ലെ വയലാർ പുരസ്കാരവും നേടിയ കൃതിയാണിത്.

## Kerala

- വളർത്തു മൃഗങ്ങളെയും പക്ഷികളെയും കന്നുകാലികളെയും ഇടനിലക്കാരില്ലാതെ വാങ്ങാനും വിൽക്കാനുമായി കേരള മൃഗസംരക്ഷണ വകുപ്പ് പുറത്തിറക്കിയ ഓൺലൈൻ പ്ലാറ്റ്ഫോം

  **ലാപ്ടോപ്പ്** (Laptop)

  - LAPTOP **- Livestock And Pets Trading Online Platform**
  - സംസ്ഥാനത്തെ കർഷകർക്കും മൃഗസ്നേഹികൾക്കും ഇടനിലക്കാരുടെ ചൂഷണമില്ലാതെ മൃഗങ്ങളെയും വളർത്തുമൃഗങ്ങളെയും സുതാര്യമായി വാങ്ങാനും വിൽക്കാനും സഹായിക്കുന്ന ആദ്യത്തെ ഡിജിറ്റൽ സംവിധാനമാണിത്.
  - കേരള മൃഗസംരക്ഷണ വകുപ്പ് മന്ത്രി **- ജെ. ചിഞ്ചുറാണി**

- കേരള സംസ്ഥാന ഭവന നിർമാണ ബോർഡിന്റെ 'മറൈൻ ഇക്കോ സിറ്റി' പദ്ധതി നിലവിൽ വരുന്നത്

  **കൊച്ചി**

  - നവരത്ന സ്ഥാപനമായ നാഷണൽ ബിൽഡിങ് കൺസ്ട്രക്ഷൻ കോർപറേഷന്റെ (എൻ.ബി.സി.സി) പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്

## National

- കുടിവെള്ള വിതരണ സംവിധാനം ഡിജിറ്റലായി നിരീക്ഷിക്കുന്നതിനുള്ള ഏകീകൃത ദേശീയ ഡിജിറ്റൽ പ്ലാറ്റ്ഫോം

  **സുജലം ഭാരത്**

  - കേന്ദ്ര കാബിനറ്റ് ജൽ ജീവൻ മിഷന്റെ കാലാവധി 2028 ഡിസംബർ വരെ നീട്ടാൻ അനുമതി നൽകുകയുണ്ടായി. അതിന്റെ ഭാഗമായി പുറത്തിറക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്
  - ഇതിലൂടെ രാജ്യത്തെ ഓരോ ഗ്രാമത്തിനും 'സുജൽ ഗാവ്' എന്ന പേരിൽ ഒരു പ്രത്യേക ഐഡി ലഭിക്കുന്നതാണ്

## International

- മെറ്റയുടെ (Meta) ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, ആഗോളതലത്തിൽ സൈബർ കുറ്റകൃത്യങ്ങൾക്ക് ഏറ്റവുമധികം ഇരയാകുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാമതുള്ളത്

  **അമേരിക്ക**

  - ഇന്ത്യ രണ്ടാം സ്ഥാനത്താണ്
  - ഫേസ്ബുക്ക്, വാട്ട്സ്ആപ്പ്, ഇൻസ്റ്റാഗ്രാം എന്നിവയുടെ മാതൃസ്ഥാപനമാണ് 'മെറ്റ' (Meta) അവരുടെ പുതിയ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

- ഫ്ലിപ്പ്കാർട്ടിന്റെ ആസ്ഥാനം

  **ബംഗളൂരു**

  - മുൻപ് സിംഗപ്പൂർ ആയിരുന്നു ഇപ്പോൾ സിംഗപ്പൂരിൽ നിന്നും ഔദ്യോഗികമായി ഇന്ത്യയിലേക്ക് മാറ്റി

- മോൾട്ട്ബുക്ക് എന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം സ്വന്തമാക്കിയ ടെക് കമ്പനി

  **മെറ്റ**

  - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് **(AI)** ഏജന്റുകൾക്ക് (ബോട്ടുകൾക്ക്) പരസ്പരം ആശയ വിനിമയം നടത്താനും പോസ്റ്റുകൾ ഇടാനും നിർമ്മിച്ചിട്ടുള്ള ലോകത്തിലെ ആദ്യത്തെ എക്സ്ക്ലൂസീവ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമാണ് 'Moltbook'.
  - ഇതൊരു 'AI-only' പ്ലാറ്റ്ഫോമാണ് അതായത് മനുഷ്യർക്ക് ഇതിൽ കാഴ്ചക്കാരായി മാത്രമേ നിൽക്കാൻ സാധിക്കൂ.
  - മാറ്റ് ഷ്ലിച്ച് , ബെൻ പാർ എന്നിവരാണ് മോൾട്ട്ബുക്കിന്റെ സ്ഥാപകർ
- അമേരിക്കയിൽ നിർമ്മിക്കാൻ പോകുന്ന എണ്ണ ശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച 300 ബില്യൺ ഡോളറിന്റെ കരാറിൽ പങ്കാളിയാകുന്ന ഇന്ത്യൻ കമ്പനി

  **റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്**

  - 50 വർഷത്തിനുള്ളിൽ അമേരിക്കയിൽ നിർമ്മിക്കാൻ പോകുന്ന ആദ്യ എണ്ണ ശുദ്ധീകരണശാല യാണിത്.

## Defence

- ഇന്ത്യയിൽ നിന്ന് ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈൽ സ്വന്തമാക്കുന്ന രണ്ടാമത്തെ വിദേശ രാജ്യം

  **ഇന്തോനേഷ്യ**

  - ബ്രഹ്മോസ് മിസൈൽ വാങ്ങിയ ആദ്യത്തെ വിദേശ രാജ്യം - **ഫിലിപ്പീൻസ്**

## Today's MCQ

1. കെ.ജെ. യേശുദാസ് ഡിജിറ്റൽ ലൈബ്രറി സജ്ജമാകുന്നത്

   (a) ചിറയിൻകീഴ് (b) കൊച്ചി

   (c) പുനലൂർ (d) തൈക്കാട്

2. 2026 മാർച്ചിൽ ഭൗമാന്തരീക്ഷത്തിലേക്ക് തിരിച്ചിറങ്ങിയ നാസയുടെ പേടകം

   (a) ലാന്റ്സാറ്റ് 8 (b) വാൻ അലൻ പ്രോബ്-എ

   (c) TDRS - K (d) ടെക് എഡ്സാറ്റ് - 2

**Ans : 1. (d), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
15



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 15 MARCH 2026

## Awards

- 2026 ലെ കടമ്മനിട്ട രാമകൃഷ്ണൻ പുരസ്കാരത്തിന് അർഹനായത്

  **ഏഴാച്ചേരി രാമചന്ദ്രൻ**

  - സമ്മാനത്തുക - **55,555 രൂപ**

## Kerala

- വന്യജീവി ആക്രമണത്തിൽ മരിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായത്തിന്റെ പുതുക്കിയ തുക

  **14 ലക്ഷം രൂപ**

  - 10 ലക്ഷത്തിൽ നിന്ന് 14 ലക്ഷമാക്കി ഉയർത്തി.
  - 10 ലക്ഷം വനം വകുപ്പും നാലു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നൽകും

## National

- ലോകത്തിലെ ആദ്യ ഓട്ടോണമസ് മാരിടൈം ഷിപ്പ്ബിൽഡിംഗ് ആൻഡ് സിസ്റ്റംസ് സെന്റർ നിലവിൽ വരുന്നത്

  **ജുവ്വലദിന്നെ മത്സ്യബന്ധന തുറമുഖം** (ആന്ധ്രാപ്രദേശ് )

  - കപ്പൽ നിർമ്മാണം, പരീക്ഷണം, വിന്യാസം എന്നിവയ്ക്ക് നേരിട്ട് കടൽ പ്രവേശനം സാധ്യമാക്കുന്ന തരത്തിലാണ് സെന്റർ ഒരുക്കുന്നത്
  - ആന്ധ്രാപ്രദേശ് സർക്കാരുമായി സഹകരിച്ച് സാഗർ ഡിഫൻസ് എഞ്ചിനീയറിംഗാണ് നിർമിക്കുന്നത്
  - ആന്ധ്രാപ്രദേശിലെ നെല്ലൂർ ജില്ലയിലാണ് ജുവ്വലദിന്നെ ഫിഷിംഗ് ഹാർബർ

- 2026-ൽ, റിലീസ് ചെയ്തതിന്റെ 95-ാം വാർഷികം ആഘോഷിക്കുന്ന ഇന്ത്യയുടെ ആദ്യ ശബ്ദചിത്രം

  **ആലം ആര**

  - ഇന്ത്യൻ സിനിമാ ചരിത്രത്തിലെ പ്രധാനപ്പെട്ട നാഴികക്കല്ലായ, ഇന്ത്യയിലെ ആദ്യത്തെ ശബ്ദചിത്രം ആലം ആര (Alam Ara) പുറത്തിറങ്ങിയിട്ട് 95 വർഷം തികയുന്നു.
  - റിലീസ് ചെയ്തത് - **1931**
  - സംവിധായകൻ - **അർദേശിർ ഇറാനി**

## International

- 13 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി വാട്ട്സ് ആപ്പ്
  - 13 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി മാതാപിതാക്കൾക്ക് സൃഷ്ടിക്കാനും നിയന്ത്രിക്കാനും കഴിയുന്ന അക്കൗണ്ടുകൾ വാട്ട്സ്ആപ്പ് അവതരിപ്പിച്ചു.
  - പ്രധാനമായും സന്ദേശമയയ്ക്കലിനും കോളിംഗിനും മാത്രമായി ഉപയോഗം പരിമിതപ്പെടുത്തിയിട്ടുണ്ട്
  - മെറ്റയുടെ ഉടമസ്ഥതയിലുള്ള മെസേജിംഗ് പ്ലാറ്റ്ഫോമാണ് വാട്ട്സ് ആപ്പ്

## Defence

- മൗറീഷ്യസിന്റെ 58-ാമത് ദേശീയ ദിനാഘോഷങ്ങളിൽ പങ്കെടുത്ത ഇന്ത്യൻ നാവികസേന കപ്പൽ

**ഐ.എൻ.എസ്. ത്രികാന്ത്**

  - സമുദ്ര സഹകരണം ശക്തിപ്പെടുത്തുക, പ്രവർത്തനപരമായ പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക, ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ആഴത്തിലാക്കുക എന്നിവയാണ് സന്ദർശനത്തിന്റെ ലക്ഷ്യം.
  - മൗറീഷ്യസിന്റെ ദേശീയ ദിനം - **മാർച്ച് 12**

- ഗോൾഡൻ ഡോം പദ്ധതിയിൽ പങ്കുചേരുവാൻ ജപ്പാൻ ഒരുങ്ങുന്നു
  - ഗോൾഡൻ ഡോം - ബഹിരാകാശം ഉൾപ്പെടെ ലോകത്തെവിടെ നിന്നും ഹൈപ്പർസോണിക്, ബാലിസ്റ്റിക്, ക്രൂയിസ് മിസൈലുകൾ, ഡ്രോണുകൾ എന്നിവ നിർവീര്യമാക്കുന്നതിനുള്ള മിസൈൽ ഡിഫൻസ് സിസ്റ്റം

## Space

- നെക്സ്റ്റ് ജനറേഷൻ റോവേഴ്സ് പരീക്ഷിക്കുന്നതിനായി ചൊവ്വാഗ്രഹത്തിന് സമാനമായ സാഹചര്യങ്ങൾ നാസ പഠിക്കുന്ന ദ്വീപ്

**Devon Island**

  - കാനഡയിലെ നൂനാവട്ട് പ്രദേശത്താണ് ഡെവോൺ ദ്വീപ് സ്ഥിതി ചെയ്യുന്നത്. ഭൂമിയിൽ സ്ഥിരമായി മനുഷ്യവാസമില്ലാത്ത ഏറ്റവും വലിയ ദ്വീപാണിത്
  - ഇതൊരു 'ധ്രുവീയ മരുഭൂമി' ആണ്. അതിശൈത്യം, വരണ്ട കാലാവസ്ഥ, മരങ്ങളോ മറ്റ് സസ്യങ്ങളോ ഇല്ലാത്ത പാറകൾ നിറഞ്ഞ പ്രദേശം എന്നിവയൊക്കെ ചൊവ്വാഗ്രഹത്തിന്റെ ഉപരിതലത്തിന് സമാനമായ സാഹചര്യങ്ങൾ ഇവിടെ സൃഷ്ടിക്കുന്നു.

## Sports

- അടുത്തിടെ പോൾവാൾട്ടിൽ പുതിയ ലോക റെക്കോർഡ് നേടിയത്

**അർമാൻഡ് ഡുപ്ലാന്റിസ്**

  - ലോക റെക്കോർഡ് 6.31 മീറ്റർ മറികടന്നു
  - അർമാൻഡ് ഡുപ്ലാന്റിസിന്റെ വിളിപ്പേരാണ് മോണ്ടോ
  - ഈ പേരിൽ സ്വീഡനിൽ നടന്ന മോണ്ടോ ക്ലാസിക് ഇൻഡോർ മീറ്റിലാണ് റെക്കോർഡ് സൃഷ്ടിച്ചത്
  - രണ്ട് ഒളിമ്പിക് സ്വർണ്ണം നേടിയിട്ടുണ്ട് (2020 ടോക്യോ ഒളിംപിക്സ്, 2024 പാരീസ് ഒളിംപിക്സ്)
  - നിലവിലെ ലോക ചാമ്പ്യൻ കൂടിയാണ്

## Demise

- 2026 മാർച്ചിൽ അന്തരിച്ച ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ മുൻ ജനറൽ സെക്രട്ടറി

  **കുശാൽ ദാസ്**

  - 2010 മുതൽ 2022 വരെ ഫെഡറേഷനിൽ ജനറൽ സെക്രട്ടറിയായിരുന്നു
  - എ.ഐ.എഫ്.എഫ്. പ്രസിഡന്റ് - **കല്യാൺ ചൗബെ**

## Today's MCQ

1. 2026-ൽ കുമാരനാശാൻ ദേശീയ കവി പുരസ്കാരത്തിന് അർഹനായത്

   (a) സീതാകാന്ത മഹാപത്ര (b) ശിവശങ്കരി

   (c) അരുന്ധതി റോയ് (d) പ്രതിഭാ റേ

2. ആറാമത് അക്ഷരപുരസ്കാരത്തിന് അർഹനായത്

   (a) എം. മുകുന്ദൻ (b) യു.കെ. കുമാരൻ

   (c) കെ. സച്ചിദാനന്ദൻ (d) ഹരീഷ്

**Ans : 1. (a), 2. (b)**


TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

March
16-17



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 16, 17 MARCH 2026

## Awards

- **98-ാമത് അക്കാദമി അവാർഡ് 2026**
  - മികച്ച ചിത്രം - **വൺ ബാറ്റിൽ ആഫ്റ്റർ അനദർ**
  - മികച്ച സംവിധായകൻ - **പോൾ തോമസ് ആൻഡേഴ്സൺ** (ചിത്രം: വൺ ബാറ്റിൽ ആഫ്റ്റർ അനദർ)
  - മികച്ച നടൻ - **മൈക്കിൾ ബി. ജോർദാൻ** (ചിത്രം: സിന്നേഴ്സ് )
  - മികച്ച നടി - **ജെസ്സി ബക്ക്ലി** (ചിത്രം: ഹാംനെറ്റ് )
  - മികച്ച സഹനടൻ - **സീൻ പെൻ** (ചിത്രം: വൺ ബാറ്റിൽ ആഫ്റ്റർ അനദർ)
  - മികച്ച സഹനടി - **ആമി മാഡിഗൻ** (ചിത്രം: വെപ്പൺസ്)
  - മികച്ച ഒറിജിനൽ തിരക്കഥ - **റയാൻ കൂഗ്ലർ** (ചിത്രം: സിന്നേഴ്സ്)
  - മികച്ച അഡാപ്റ്റഡ് തിരക്കഥ - **പോൾ തോമസ് ആൻഡേഴ്സൺ** (ചിത്രം: വൺ ബാറ്റിൽ ആഫ്റ്റർ അനദർ)
  - മികച്ച ആനിമേറ്റഡ് ചിത്രം - **കെപോപ്പ് ഡെമൺ ഹണ്ടേഴ്സ്**
  - മികച്ച അന്താരാഷ്ട്ര ചിത്രം - **സെന്റിമെന്റൽ വാല്യൂ**
  - മികച്ച ഡോക്യുമെന്ററി ചിത്രം - **മിസ്റ്റർ നോബഡി എഗെയ്ൻസ്റ്റ് പുടിൻ**
  - മികച്ച സിനിമാറ്റോഗ്രഫി - **ഓട്ടം ഡ്യൂറാൾഡ് അർക്കപാവ്** (ചിത്രം: സിന്നേഴ്സ്) (ഛായാഗ്രഹണത്തിൽ ഓസ്കർ നേടുന്ന ആദ്യ വനിത)
  - മികച്ച കാസ്റ്റിംഗ് (Best Casting): **കസാന്ദ്ര കുലുകുണ്ടിസ്** (ചിത്രം: വൺ ബാറ്റിൽ ആഫ്റ്റർ അനദർ) (98-ാമത് അക്കാദമി അവാർഡ് മുതൽ നൽകി തുടങ്ങി)
- 2025-ലെ ($60^{th}$) ജ്ഞാനപീഠ പുരസ്കാരം നേടിയത്

  **ആർ. വൈരമുത്തു**
  - പ്രശസ്ത തമിഴ് കവിയും ഗാനരചയിതാവും നോവലിസ്റ്റുമാണിദ്ദേഹം
  - തമിഴിൽ നിന്ന് ജ്ഞാനപീഠ പുരസ്കാരം ലഭിക്കുന്ന മൂന്നാമത്തെയാളാണ് വൈരമുത്തു
  - അഞ്ച് പതിറ്റാണ്ടിലേറെയായി തമിഴ് സാഹിത്യത്തിനും ചലച്ചിത്ര ലോകത്തിനും അദ്ദേഹം നൽകിയ സമാനതകളില്ലാത്ത സംഭാവനകൾ പരിഗണിച്ചാണ് ഈ പുരസ്കാരം.
  - കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (കള്ളിക്കാട്ട് ഇതിഹാസം 2003), പത്മശ്രീ ( 2003) , പത്മഭൂഷൺ (2014) എന്നിവ ലഭിച്ചിട്ടുണ്ട്
  - 1980 ൽ പി. ഭാരതിരാജ സംവിധാനം ചെയ്ത 'നിഴൽകൾ' എന്ന ചിത്രത്തിലൂടെയാണ് അദ്ദേഹം തമിഴ് സിനിമയിൽ അരങ്ങേറ്റം കുറിച്ചത്.
  - ഏഴ് തവണ മികച്ച ഗാനരചയിതാവിനുള്ള ദേശീയ പുരസ്കാരം അദ്ദേഹം നേടിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തവണ ഈ നേട്ടം കൈവരിച്ച വ്യക്തി കൂടിയാണ് വൈരമുത്തു.
  - 11 ലക്ഷം രൂപയും സരസ്വതി ദേവി ശില്പവും അടങ്ങുന്നതാണ് പുരസ്കാരം

- 2025-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് (മലയാളം)

  **എൻ. പ്രഭാകരൻ**

  - മായമനുഷ്യർ എന്ന നോവലിനാണ് പുരസ്കാരം (2019ലെ ഓടകുഴൽ അവാർഡും ഈ പുസ്തകത്തിന് ലഭിച്ചിട്ടുണ്ട്)
- **BCCI നമൻ അവാർഡ് 2026**
  - 2024-25 വർഷത്തെ മികച്ച പുരുഷ അന്താരാഷ്ട്ര ക്രിക്കറ്റർ (പോളി ഉമ്രിഗർ ട്രോഫി) - **ശുഭ്മാൻ ഗിൽ**
  - 2024-25 വർഷത്തെ മികച്ച വനിതാ അന്താരാഷ്ട്ര ക്രിക്കറ്റർ - **സ്മൃതി മന്ഥാന**
  - ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരങ്ങൾ - **രാഹുൽ ദ്രാവിഡ്, റോജർ ബിന്നി** (സി കെ നായിഡു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്), **മിതാലി രാജ്**
  - ഇതിനു പുറമെ T20 ലോകകപ്പ് 2026, ചാമ്പ്യൻസ് ട്രോഫി 2025, വനിതാ ഏകദിന ലോകകപ്പ് 2025, അണ്ടർ 19 പുരുഷ ലോകകപ്പ് 2026, അണ്ടർ 19 വനിതാ ലോകകപ്പ് 2025 എന്നിവ നേടിയ ടീമുകളെ ആദരിച്ചു.

## Kerala

- സംസ്ഥാനത്ത് നിയമസഭ ഇലക്ഷൻ പ്രഖ്യാപിച്ചു
  - കേരളത്തിൽ ഒറ്റഘട്ടമായാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്
  - ഏപ്രിൽ 9-ന് തിരഞ്ഞെടുപ്പ്, മെയ് 4ന് വോട്ടെണ്ണൽ
  - കേരളത്തിൽ ഏറ്റവും കൂടുതൽ നിയമസഭ മണ്ഡലങ്ങളുള്ളത് - **മലപ്പുറം**
  - കേരളത്തിൽ ഏറ്റവും കുറവ് നിയമസഭ മണ്ഡലങ്ങളുള്ളത് - **വയനാട്**
  - കേരളത്തിന് പുറമെ തമിഴ്നാട്, പശ്ചിമ ബംഗാൾ (രണ്ട് ഘട്ടം), അസം എന്നീ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലെയും തിരഞ്ഞെടുപ്പ് ഏപ്രിലിൽ നടക്കും
  - മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ - **ഗ്യാനേഷ് കുമാർ**

## Appointment

- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്ഥാനത്ത് എത്തുന്ന ആദിവാസി വിഭാഗത്തിൽ നിന്നുള്ള ആദ്യത്തെ വ്യക്തി

  **ഡോ. കെ. സിന്ധു**
- കുട്ടികളിലെ ഗുരുതര വൃക്കരോഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതി

  **പ്രതീക്ഷ** (PRATIKSHA - Paediatric Renal Assessment, Treatment and Intervention in Kerala State)

  - കുട്ടികളിലെ വൃക്കരോഗങ്ങൾ നേരത്തെ തിരിച്ചറിയുകയും സമയബന്ധിതമായ ചികിത്സയും ഇടപെടലുകളും ഉറപ്പാക്കുകയുമാണ് ലക്ഷ്യം
- ‘വേവ് ഓഫ് ലൈഫ്’ സ്ഥാപിതമാകുന്നത്

  **കൊച്ചി**

  - മരണാനന്തര അവയവദാതാക്കളെ ആദരിക്കുന്നതിനായി നിർമ്മിക്കുന്ന സ്മാരകമാണിത്
  - കൊച്ചിയിലെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് ഇത് നിർമ്മിക്കുന്നത്.
  - ഇത് കേരളത്തിലെ ആദ്യത്തെ അവയവദാതാക്കളുടെ സ്മാരകമാണ്.
  - സംസ്ഥാന സർക്കാരിന്റെ ‘മൃതസഞ്ജീവനി’ പദ്ധതിയിലൂടെ അവയവദാനം നടത്തിയ എല്ലാവരുടെയും പേരുകൾ ഈ സ്മാരകത്തിൽ രേഖപ്പെടുത്തും.

## National

- ഇന്ത്യ ആദ്യമായി അസമിൽ നിന്ന് യുകെയിലേക്കും ഇറ്റലിയിലേക്കും കയറ്റുമതി ചെയ്യുന്ന GI ടാഗ് ലഭിച്ച അരിയിനം

**ജോഹ അരി**

- ഇന്ത്യൻ ചരിത്രത്തിലാദ്യമായി പ്രതിപക്ഷം പാർലമെന്റിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെ ഇംപീച്ച്മെന്റ് നോട്ടീസ് നൽകി
  - ഒരു സുപ്രീം കോടതി ജഡ്ജിയെ പുറത്താക്കുന്ന അതേ നടപടിക്രമങ്ങളിലൂടെ മാത്രമേ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറെയും പുറത്താക്കാൻ സാധിക്കൂ എന്ന് അനുച്ഛേദം 324(5) വ്യക്തമാക്കുന്നു.
  - പാർലമെന്റിന്റെ ഇരുസഭകളിലും ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ മാത്രമേ പ്രമേയം പാസ്സാക്കാൻ സാധിക്കൂ.
  - മറ്റ് തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ പുറത്താക്കാൻ പാർലമെന്റിൽ ഇംപീച്ച്മെന്റ് പ്രമേയം പാസ്സാക്കേണ്ട ആവശ്യമില്ല. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ രാഷ്ട്രപതിക്ക് അവരെ സ്ഥാനത്തുനിന്ന് നീക്കാവുന്നതാണ്.
- നീണ്ട നാല് പതിറ്റാണ്ടുകൾക്ക് ശേഷം അടുത്തിടെ സുപ്രീംകോടതി അവസാനിപ്പിച്ച ചരിത്രപ്രധാനമായ കേസ്

**എം.സി. മേത്ത വേഴ്സസ് യൂണിയൻ ഓഫ് ഇന്ത്യ**

  - പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ എം.സി. മേത്ത 1985ൽ ഡൽഹിയിലെ വായുമലിനീകരണത്തിനെതിരെ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത പൊതുതാൽപര്യ ഹർജിയാണിത്
  - ഇന്ത്യയുടെ പരിസ്ഥിതി നിയമരംഗത്തെ ഏറ്റവും സുപ്രധാനമായ കേസുകളിൽ ഒന്നാണിത്.
  - ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശം (Article 21) സംരക്ഷിക്കുന്നതിൽ കേന്ദ്ര സർക്കാരും മറ്റ് ഭരണകൂട സ്ഥാപനങ്ങളും പരാജയപ്പെടുന്നു എന്ന് ചൂണ്ടിക്കാട്ടിയാണ് അദ്ദേഹം സുപ്രീംകോടതിയിൽ പൊതുതാൽപര്യ ഹർജി നൽകിയത്.
  - 1985 ലെ ഹർജിയിലെ പ്രധാന ആവശ്യങ്ങൾ നേരത്തെ തന്നെ തീർപ്പാക്കിയിരുന്നുവെങ്കിലും, വായുമലിനീകരണവുമായി ബന്ധപ്പെട്ട പുതിയ വിഷയങ്ങൾ എല്ലാം ഈ കേസിന് കീഴിൽ ഇടക്കാല അപേക്ഷകളായി പരിഗണിച്ചുപോന്നതാണ് കേസ് ഇത്രയും കാലം നീളാൻ കാരണമായത്.
- ടൂത്തിക്കോറിൻ വിമാനത്താവളത്തിന്റെ പുതിയ പേര്

**തൂത്തുക്കുടി വിമാനത്താവളം**

  - 1992-ലാണ് ഉദ്ഘാടനം ചെയ്തത്

## International

- പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ എൽപിജിയുമായി ഹോർമുസ് കടലിടുക്ക് കടന്ന ഇന്ത്യൻ കപ്പലുകൾ

**സിവാലിക്, നന്ദാ ദേവി**

- അടുത്തിടെ സ്വന്തം കറൻസി നോട്ടുകളിൽ നിന്ന് പ്രമുഖ വ്യക്തികളുടെ ചിത്രങ്ങൾ ഒഴിവാക്കി, പകരം തദ്ദേശീയമായ വന്യജീവികളുടെയും പ്രകൃതിദൃശ്യങ്ങളുടെയും ചിത്രങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ച രാജ്യം

**ബ്രിട്ടൻ**

  - കഴിഞ്ഞ 50 വർഷത്തിലധികമായി ബ്രിട്ടീഷ് നോട്ടുകളുടെ പിൻഭാഗത്ത് നൽകിയിരുന്ന പ്രമുഖ വ്യക്തികളുടെ ചിത്രങ്ങൾ ഒഴിവാക്കാൻ ബാങ്ക് ഓഫ് ഇംഗ്ലണ്ട് തീരുമാനിച്ചു.
  - പുതിയ ഡിസൈൻ വരുന്നതോടെ മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ ഉൾപ്പെടെയുള്ള പ്രമുഖരുടെ ചിത്രങ്ങളാണ് നോട്ടുകളിൽ നിന്ന് ഒഴിവാക്കപ്പെടുന്നത്.
  - ഇതിനു പകരം യുകെയിലെ തദ്ദേശീയമായ വന്യജീവികൾ, സസ്യങ്ങൾ, പ്രകൃതിദൃശ്യങ്ങൾ എന്നിവ നോട്ടുകളിൽ ഉൾപ്പെടുത്തും.

## Space

- അടുത്തിടെ ചന്ദ്രനിൽ നിന്ന് ശേഖരിച്ച മണ്ണിൽ കൃഷി ചെയ്ത കടലയിനം

**മൈലസ്**

  - അപ്പോളോ യാത്രക്കിടയിൽ ശേഖരിച്ച ചന്ദ്രനിലെ മണ്ണിലാണ് ഗവേഷകർ പരീക്ഷണാടിസ്ഥാന ത്തിൽ വെള്ളക്കടല കൃഷി ചെയ്യുന്നത്.

## Sports

- ഇന്ത്യയുടെ 94-ാമത് ഗ്രാൻഡ്മാസ്റ്റർ

**മായങ്ക് ചക്രവർത്തി**

  - വടക്കുകിഴക്കൻ മേഖലയിൽ നിന്നുള്ള ആദ്യത്തെ ഗ്രാൻഡ്മാസ്റ്ററാണ്
- 2026 ലെ ഫൈനലിസിമ ഔദ്യോഗികമായി റദ്ദാക്കി.
  - 2024 കോപ്പ അമേരിക്ക ജേതാക്കളായ അർജന്റീനയും 2024 യൂറോകപ്പ് ജേതാക്കളായ സ്പെയിനും തമ്മിലുള്ള മത്സരമായിരുന്നു
  - ഖത്തറിൽ വച്ച നടക്കേണ്ട മത്സരം പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾ കാരണം മാറ്റുകയായിരുന്നു

## Today's MCQ

1. വന്യജീവി ആക്രമണത്തിൽ മരിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായത്തിന്റെ പുതുക്കിയ തുക

   (a) 10 ലക്ഷം രൂപ (b) 14 ലക്ഷം രൂപ

   (c) 20 ലക്ഷം രൂപ (d) 15 ലക്ഷം രൂപ

2. 2026-ൽ, റിലീസ് ചെയ്തതിന്റെ 95-ാം വാർഷികം ആഘോഷിക്കുന്ന ഇന്ത്യയുടെ ആദ്യ ശബ്ദചിത്രം

   (a) രാജാ ഹരീഷ്ചന്ദ്ര (b) കിസാൻ കന്യ

   (c) ഛോട്ടാ ചേതൻ (d) ആലം ആര

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

March
18




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 18 MARCH 2026

## Appointment

- ആരവല്ലി മലനിരകളെ നിർവചിക്കുന്നതിനായി സുപ്രീം കോടതി നിയോഗിച്ച 10 അംഗ ഉന്നതാധികാര വിദഗ്ധ സമിതിയുടെ അധ്യക്ഷ

  **കാഞ്ചൻ ദേവി**

  - ആരവല്ലി മലനിരകളുടെ അതിർത്തികളും വ്യാപ്തിയും കൃത്യമായി നിർവചിക്കുന്നതിനായിട്ടാണ് പത്തംഗ ഉന്നതാധികാര വിദഗ്ദ്ധ സമിതി രൂപീകരിച്ചത്.
  - ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആൻഡ് എജ്യൂക്കേഷന്റെ (ഐ.സി.എഫ്.ആർ.ഇ) ഡയറക്ടർ ജനറലാണ് കാഞ്ചൻ ദേവി.
  - ആരവല്ലി മലനിരകളെ ശാസ്ത്രീയമായി നിർവചിക്കുക എന്നതാണ് സമിതിയുടെ പ്രാഥമിക ലക്ഷ്യം. നിലവിൽ ആരവല്ലിയിലെ ഖനന പ്രവർത്തനങ്ങൾ കോടതി താത്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്.

- 2026 മാർച്ചിൽ ബാഴ്സലോണയുടെ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട വ്യക്തി

  **ജോൺ ലപോർട്ട**

  - അഞ്ച് വർഷത്തെ കാലാവധിക്കായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.
  - മുമ്പ് 2003-2010 വരെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയും 2021 ൽ തിരിച്ചെത്തുകയും ചെയ്തു.

## Award

- 2026-ൽ വിക്രം സാരാഭായ് വിജ്ഞാൻ പുരസ്കാരത്തിന് അർഹനായത്

  **രാകേഷ് ശർമ്മ**

  - ബഹിരാകാശത്ത് എത്തിയ ആദ്യ ഇന്ത്യക്കാരനാണ് രാകേഷ് ശർമ്മ
  - 1984-ൽ റഷ്യൻ നിർമ്മിത സോയൂസ് ടി-11 എന്ന വാഹനത്തിലാണ് അദ്ദേഹം ശൂന്യാകാശത്തിലെത്തിയത്.
  - സല്യൂട്ട് 7 എന്ന ബഹിരാകാശ നിലയത്തിൽ 8 ദിവസത്തോളം ചിലവഴിച്ചു
  - കൊച്ചി ആസ്ഥാനമായ വിക്രം സാരാഭായ് സയൻസ് ഫൗണ്ടേഷൻ (വി.എസ്.എസ്.എഫ്) ആണ് പുരസ്കാരം ഏർപ്പെടുത്തിയത്.
  - സമ്മാനത്തുക - **രണ്ട് ലക്ഷം രൂപ**

## National

- ലോകത്തിലെ ഏറ്റവും ഉയരം കൂടിയ സജീവ അഗ്നിപർവ്വതമായ 'നെവാഡോ ഒജോസ് ഡെൽ സലാഡോ കീഴടക്കിയ രണ്ടാമത്തെ ഇന്ത്യൻ വനിത

  **അർപ്പിത പത്ര**

  - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറാണ് അർപ്പിത പത്ര

- ഏഷ്യയിലെ ഏറ്റവും വലിയ ടുലിപ് ഗാർഡൻ സ്ഥിതി ചെയ്യുന്നത്

  **ശ്രീനഗർ, ജമ്മു കാശ്മീർ**

  - ഏഷ്യയിലെ ഏറ്റവും വലിയ ടുലിപ് പുഷ്പോത്സവം നടക്കുന്നത് ശ്രീനഗറിലെ ഇന്ദിരാഗാന്ധി മെമ്മോറിയൽ ടുലിപ് പൂന്തോട്ടത്തിലാണ്.
  - ദാൽ തടാകത്തിന്റെ തീരത്താണ് ഈ പൂന്തോട്ടം സ്ഥിതി ചെയ്യുന്നത്.
  - ജമ്മുകശ്മീർ മുഖ്യമന്ത്രി - **ഒമർ അബ്ദുള്ള**

## Sports

- 2026 ലെ വേൾഡ് പാരാ അത്‌ലറ്റിക്സ് ഗ്രാൻഡ് പ്രിക്സ് മെഡൽ ടാലിയിൽ ഒന്നാമതുള്ളത്

  **ഇന്ത്യ**

  - 208 മെഡലുകൾ നേടി ഇന്ത്യ മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനം നേടി.
  - റഷ്യ രണ്ടാം സ്ഥാനത്ത്
  - വേദി - **ന്യൂഡൽഹി**
- 2026 ചൈനീസ് ഗ്രാൻഡ് പ്രിക്സ് ഫോർമുല 1 മത്സരത്തിൽ വിജയിച്ചത്

  **കിമി അന്റൊനെല്ലി**
- 2026 മാർച്ചിൽ വിരമിക്കൽ പ്രഖ്യാപിച്ച പാകിസ്ഥാൻ ക്രിക്കറ്റ് താരം

  **സർഫറാസ് അഹമ്മദ്**

  - ഇന്ത്യയ്ക്കെതിരെ നടന്ന 2006 U-19 വേൾഡ് കപ്പ്, ICC ചാമ്പ്യൻട്രോഫി 2017 ടൂർണമെന്റ് ഫൈനലുകളിൽ പാകിസ്ഥാൻ ടീമിന്റെ ക്യാപ്റ്റൻ ആയിരുന്നു.

## Demise

- 2026 മാർച്ചിൽ അന്തരിച്ച ജർമ്മൻ തത്വചിന്തകനും സാമൂഹ്യശാസ്ത്രജ്ഞനുമായ വ്യക്തി

  **ജർഗൻ ഹേബർമാസ്**
- 2026 മാർച്ചിൽ അന്തരിച്ച രാജ്യത്തെ ആദ്യ വൃക്കമാറ്റ ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ ഡോക്ടർ

  **കെ.വി. ജോണി**

  - 1971-ൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലായിരുന്നു ഡോ. ജോണിയുടെ നേതൃത്വത്തിലുള്ള ആദ്യ വൃക്കമാറ്റം
  - രാജ്യത്തെ ഏറ്റവും വലിയ ഡയാലിസിസ് സെന്ററുകളിലൊന്ന് വെല്ലൂരിൽ തുടക്കം കുറിച്ചതും അദ്ദേഹമാണ്.

## Today's MCQ

1. 2025-ലെ ($60^{th}$) ജ്ഞാനപീഠ പുരസ്കാരം നേടിയത്

   (a) ഗുൽസാർ (b) പ്രതിഭ റേ

   (c) ആർ. വൈരമുത്തു (d) വിനോദ് കുമാർ ശുക്ല

2. 2025-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് (മലയാളം)

   (a) പ്രഭാവർമ്മ (b) കെ. ജയകുമാർ

   (c) ഇ.വി. രാമകൃഷ്ണൻ (d) എൻ. പ്രഭാകരൻ


**Ans : 1. (c), 2. (d)**

**TALENT**
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
19




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 19 MARCH 2026

## Appointment

- സംസ്ഥാന വഖഫ് ബോർഡ് ചെയർമാനായി നിയമിതനായത്

  **കെ.എസ്. ഹംസ**

  - എം കെ സക്കീർ സ്ഥാനമൊഴിഞ്ഞതിനെ തുടർന്നാണ് നിയമനം

## Book & Author

- മാതംഗലീല എന്ന നോവലിന്റെ രചയിതാവ്

  **സന്തോഷ് ഏച്ചിക്കാനം**

  - ഇദ്ദേഹത്തിന്റെ ആദ്യ നോവൽ

## Awards

- 'ലിവിങ് തമിഴ് അവാർഡ്' എന്ന സാഹിത്യ പുരസ്കാരം പ്രഖ്യാപിച്ചത്

  **ജയമോഹൻ**

  - ഒരു കോടി രൂപ സമ്മാനത്തുകയുള്ള സാഹിത്യ പുരസ്കാരമാണിത്
  - യാഥാർഥ്യമായാൽ, ഇന്ത്യയിൽ ഏറ്റവും വലിയ സമ്മാനത്തുകയുള്ള സാഹിത്യ പുരസ്കാരമായിരിക്കും ഇത്.
  - ഇന്ത്യയിലെയും ലോക സാഹിത്യത്തിലെയും ഏറ്റവും മികച്ച കൃതിക്കാണിത് നൽകുക.
  - ഡൽഹിയിലും ന്യൂയോർക്കിലും ഒരേസമയം പുരസ്കാരം പ്രഖ്യാപിക്കും.
  - കവി വൈരമുത്തുവിന് ജ്ഞാനപീഠപുരസ്കാരം നൽകുന്നതിൽ പ്രതിഷേധം പ്രകടിപ്പിച്ചാണ് ജയമോഹൻ പുതിയ പുരസ്കാരത്തിന്റെ വിവരം പ്രഖ്യാപിച്ചത്.

## Kerala

- കൃഷിയിടത്തിനു സമീപമെത്തുന്ന വന്യജീവികളെ ശബ്ദമുണ്ടാക്കി തുരത്താൻ വനം വകുപ്പ് തയ്യാറാക്കിയ നിർമിത ബുദ്ധിയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സംവിധാനം.

  **ഫാം ഗാർഡ്**

  - തിരുവനന്തപുരം വിതുര സെക്ഷനിലെ മാങ്കാലയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതിക്കു തുടക്കമിടുന്നത്.
  - മൂന്ന് ക്യാമറയിലെ വിവരം ഉടനടി കൈമാറൽ, ഇൻഫ്രാ സോണിക് ശബ്ദം പുറപ്പെടുവിക്കുന്ന സ്പീക്കർ എന്നിവ അടങ്ങുന്നതായാണ് സംവിധാനം.

## National

- സിവോക്-റാങ്പോ റെയിൽവേ ലൈൻ ബന്ധിപ്പിക്കുന്ന സംസ്ഥാനങ്ങൾ

  **സിക്കിം, പശ്ചിമ ബംഗാൾ**

  - 45 കിലോമീറ്ററോളം ദൈർഘ്യമുള്ള സിവോക്-റാങ്പോ റെയിൽവേ പദ്ധതി 2027 ഓടെ സിക്കിമിനെ ആദ്യമായി ഇന്ത്യയുടെ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കും.

- ‘ലേക്ക് ആൻഡ് എയർ വാച്ച്’ സംരംഭം ആരംഭിച്ച സംസ്ഥാനം

**ഗുജറാത്ത്**

  - സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലുടനീളം വായുവിന്റെ ഗുണനിലവാരവും തടാകങ്ങളുടെ ഗുണ നിലവാരം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ആരംഭിച്ച സംരംഭമാണിത്

- അടുത്തിടെ മതസ്വാതന്ത്ര്യ ബിൽ പാസാക്കിയ നിയമസഭ

**മഹാരാഷ്ട്ര നിയമസഭ**

  - നിർബന്ധിച്ചും, വഞ്ചിച്ചും, പ്രലോഭിപ്പിച്ചും, വിവാഹവാഗ്ദാനം നൽകിയും നടത്തുന്ന മത പരിവർത്തനങ്ങൾ തടയുക എന്നതാണ് ‘മഹാരാഷ്ട്ര മതസ്വാതന്ത്ര്യ ബിൽ 2026’ന്റെ പ്രധാന ലക്ഷ്യം.
  - മഹാരാഷ്ട്ര മുഖ്യമന്ത്രി **- ദേവേന്ദ്ര ഫഡ്നാവിസ്**

## Science & Technology

- അസമിലെ മാനസ് ദേശീയോദ്യാനത്തിൽ നിന്ന് അടുത്തിടെ കണ്ടെത്തിയ പുതിയ സസ്യത്തിന് നൽകിയ പേര്

**ഓസ്ബെക്കിയ സുബീൻഗാർഗിയാന**

  - ഗായകൻ സുബിൻഗാർഗിന്റെ പേരാണ് നൽകിയത്

## Demise

- ഹിരോഷിമ അണുബോംബ് ആക്രമണത്തിൽ നിന്ന് രക്ഷപ്പെട്ട ഷിഗേകി മോറി അന്തരിച്ചു.
  - 2016-ൽ മുൻ അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമ ജപ്പാനിലെ ഹിരോഷിമയിലേക്കുള്ള ചരിത്രപ്രധാനമായ സന്ദർശന വേളയിൽ ആലിംഗനം ചെയ്തതോടെയാണ് അദ്ദേഹം പ്രശസ്ത നായത്.

## Today’s MCQ

1. ആരവല്ലി മലനിരകളെ നിർവചിക്കുന്നതിനായി സുപ്രീം കോടതി നിയോഗിച്ച 10 അംഗ ഉന്നതാധികാര വിദഗ്ധ സമിതിയുടെ അധ്യക്ഷ

   (a) കാഞ്ചൻ ദേവി (b) ബേല ത്രിവേദി

   (c) ഹിമ കോഹ്‌ലി (d) ഇന്ദിര ബാനർജി

2. 2026-ൽ വിക്രം സാരാഭായ് വിജ്ഞാൻ പുരസ്കാരം ലഭിക്കുന്നത്

   (a) ശുഭാംശു ശുക്ല (b) സുനിത വില്ല്യംസ്

   (c) രാകേഷ് ശർമ്മ (d) രാജാചാരി

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

March
20




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

# DAILY CURRENT AFFAIRS
# STUDY NOTES 20 MARCH 2026

## Awards

- 2026 ൽ ആയുർവേദ ഗൗരവ് സമ്മാൻ നേടിയ മലയാളി

  **പി.എം. വാരിയർ**

  - ആയുർവേദമേഖലയിലെ സമഗ്രസംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.
  - കോട്ടയ്ക്കൽ ആര്യവൈദ്യശാലാ മാനേജിങ് ട്രസ്റ്റി ആണ് ഡോ. പി.എം. വാരിയർ
- KISS ഹ്യുമാനിറ്റേറിയൻ അവാർഡ് 2025 നേടിയത്

  **നിത അംബാനി**

  - വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, കായികം, സാമൂഹിക വികസനം എന്നീ മേഖലകളിലെ ശ്രദ്ധേയമായ സംഭാവനകളെ അടിസ്ഥാനമാക്കിയാണ് അവാർഡ് നൽകുന്നത്
  - Kalinga Institute of Social Sciences ആണ് ഈ പുരസ്കാരം ഏർപ്പെടുത്തുന്നത്
- 2026 ലെ മികച്ച ലൈവ് ആക്ഷൻ ഷോർട്ട് ഫിലിമിനുള്ള ഓസ്കാർ പുരസ്കാരം നേടിയ ഇന്ത്യൻ വംശജനായ സംവിധായകൻ

  **അലക്സാണ്ടർ സിംഗ്**

  - 'ടു പീപ്പിൾ എക്സ്ചേഞ്ചിംഗ് സലൈവ' എന്ന ചിത്രത്തിലൂടെയാണ് നേടിയത്
  - അലക്സാണ്ടർ സിംഗും നതാലി മുസ്തീറ്റയും ചേർന്നാണ് ഈ ഫ്രഞ്ച് ഹ്രസ്വചിത്രം സംവിധാനം ചെയ്തത്.
  - സാം എ. ഡേവിസ് സംവിധാനം ചെയ്ത 'ദി സിംഗേഴ്സ്' എന്ന ചിത്രത്തിനൊപ്പമാണ് ഈ പുരസ്കാരം പങ്കിട്ടത്.

## National

- സമുദ്രജലത്തെ കുടിവെള്ളമാക്കി മാറ്റുന്ന 'ലോ ടെമ്പറേച്ചർ തെർമൽ ഡീസാലിനേഷൻ' പ്ലാന്റുകൾ സജ്ജമായത്

  **ലക്ഷദ്വീപ്**

  - ആദ്യത്തെ പ്ലാന്റ് കവരത്തിയിലാണ് സ്ഥാപിച്ചത്
  - സമുദ്രതാപോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 'ഓഷ്യൻ തെർമൽ എനർജി കൺവേർഷൻ' (ഒടിഇസി) സാങ്കേതികവിദ്യയും കവരത്തിയിൽ വികസിപ്പിക്കുന്നുണ്ട്.
- ചരിത്രപ്രസിദ്ധമായ 'പ്രാംബനൻ ക്ഷേത്ര സമുച്ചയം' പുനരുദ്ധരിക്കാൻ ഇന്ത്യയുമായി സഹകരിക്കുന്ന രാജ്യം

  **ഇന്തോനേഷ്യ**

  - ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും (ASI) ഇന്തോനേഷ്യൻ സാംസ്കാരിക മന്ത്രാലയവും ചേർന്നാണ് ഈ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.
  - ഇന്തോനേഷ്യയിലെ ഏറ്റവും വലിയ ഹിന്ദു ക്ഷേത്ര സമുച്ചയമാണിത്. തെക്കൻ ജാവയിലെ യോഗ്യകർത്തയ്ക്ക് സമീപമാണ് ഇത് സ്ഥിതിചെയ്യുന്നത്.

◆ ഭിന്നശേഷിക്കാർക്ക് സൗജന്യ ബസ് യാത്ര ആരംഭിച്ച സംസ്ഥാനം

**ആന്ധ്രാപ്രദേശ്**

❖ 40% ൽ കൂടുതൽ വൈകല്യമുള്ള വ്യക്തികൾക്ക് APSRTC സേവനങ്ങളുടെ പല വിഭാഗങ്ങളിലും സൗജന്യമായി യാത്ര ചെയ്യാൻ ഈ പദ്ധതി അനുവദിക്കുന്നു; ഗുണഭോക്താക്കളുടെ സഹായികൾക്ക് 50% യാത്രാ ഇളവ് ലഭിക്കും.

## International

◆ 2026 ൽ പുറത്തുവിട്ട വേൾഡ് ഹാപ്പിനസ് റിപ്പോർട്ട് പ്രകാരം ഒന്നാമതുള്ള രാജ്യം

**ഫിൻലാൻഡ്**

❖ രണ്ടാം സ്ഥാനത്തുള്ളത് - **ഐസ്‌ലൻഡ്**

❖ മൂന്നാം സ്ഥാനത്തുള്ളത് - **ഡെൻമാർക്ക്**

❖ ഇന്ത്യയുടെ സ്ഥാനം - **116**

❖ അവസാന സ്ഥാനത്ത് - **അഫ്ഗാനിസ്ഥാൻ** (147)

❖ 2023 - 2025 വരെയുള്ള ശരാശരി ജീവിത വിലയിരുത്തലുകൾ അനുസരിച്ചാണ് റിപ്പോർട്ട് പുറത്തുവിട്ടത്

◆ അടുത്തിടെ ഇസ്രായേൽ ആക്രമിച്ച ഇറാനിൽ സ്ഥിതിചെയ്യുന്ന ലോകത്തിലെ ഏറ്റവും വലിയ പ്രകൃതി വാതകപ്പാടം

**സൗത്ത് പാർസ്**

❖ ഇറാനും ഖത്തറും സംയുക്തമായാണ് ഈ പ്രകൃതിവാതകപ്പാടം പങ്കിടുന്നത്.

◆ ഡിസ്നി ക്രൂസ് ലൈനിന്റെ ഏറ്റവും പുതിയ കപ്പലായ ഡിസ്നി അഡ്വഞ്ചർ പ്രഥമ ക്രൂസ് പൂർത്തിയാക്കി സിംഗപ്പൂരിൽ മടങ്ങി എത്തി

❖ സിംഗപ്പൂരിൽ നിന്നു പുറപ്പെട്ട കപ്പൽ പുറംകടലിലൂടെ നാലു രാത്രിയും അഞ്ചു പകലും കറങ്ങിയ ശേഷമാണ് തീരമണഞ്ഞത്

❖ ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവർക്കായി സിംഗപ്പൂർ കേന്ദ്രമായായിരിക്കും ഡിസ്നിയുടെ പുതിയ ക്രൂസ് പ്രവർത്തിക്കുക. ഏഷ്യ കേന്ദ്രമായുള്ള ആദ്യ ഡിസ്നി കപ്പലാണിത്.

❖ കപ്പലിന്റെ സാങ്കൽപിക ക്യാപ്റ്റൻമാരായി മിക്കി മൗസും മിന്നി മൗസും. ക്രൂസ് അവസാനിക്കുന്നതു വരെ നിരവധി ഡിസ്നി കഥാപാത്രങ്ങൾ യാത്രക്കാരോടു സല്ലപിക്കും നൃത്തം ചെയ്യും ഫോട്ടോയെടുക്കും.

## Defence

◆ സീ ഡ്രാഗൺ സൈനികാഭ്യാസത്തിൽ ഇന്ത്യൻ നാവികസേന പങ്കെടുത്തു

❖ യു.എസ്. നയിക്കുന്ന സൈനികാഭ്യാസമാണിത്

❖ ഓസ്ട്രേലിയ, ജപ്പാൻ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളും പങ്കെടുത്തു.

## Demise

◆ 2026 മാർച്ചിൽ അന്തരിച്ച ഇറാൻ ഇന്റലിജൻസ് മന്ത്രി

**ഇസ്മായിൽ ഖത്തീബ്**

❖ ഇറാൻ സുരക്ഷാ മേധാവി അലി ലാരിജാനിയും 2026 മാർച്ചിൽ അന്തരിച്ചു.

**Today's MCQ**

1. സംസ്ഥാന വഖഫ് ബോർഡ് ചെയർമാനായി നിയമിതനായത്

(a) സക്കീർ (b) എം. കെ. മുനീർ

(c) ആര്യാടൻ ഷൗക്കത്ത് (d) കെ.എസ്. ഹംസ

2. 'ലിവിങ് തമിഴ് അവാർഡ്' എന്ന സാഹിത്യ പുരസ്കാരം പ്രഖ്യാപിച്ചത്

(a) ജയചന്ദ്രൻ (b) വൈരമുത്തു

(c) എം.കെ. സ്റ്റാലിൻ (d) ജയമോഹൻ

**Ans : 1. (d), 2. (d)**


TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
21



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 21 MARCH 2026

## Important Event

- **മാർച്ച് 21 - അന്താരാഷ്ട്ര വനദിനം**

  2012 ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ മാർച്ച് 21 അന്താരാഷ്ട്ര വനദിനമായി പ്രഖ്യാപിച്ചു. എല്ലാത്തരം വനങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനാണ് ഈ ദിനം ആഘോഷിക്കുന്നത്

  - പ്രമേയം - **Forests and Economies**

- **മാർച്ച് 21 - അന്താരാഷ്ട്ര ഹിമാനി ദിനം**
  - 2025 മുതൽ ആചരിച്ചു വരുന്നു
  - ഹിമാനിയുടെ സംരക്ഷണവും പ്രാധാന്യവും ജനങ്ങളിലെത്തിക്കാൻ ഈ ദിനം ലക്ഷ്യമിടുന്നു

## Kerala

- പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ സംഗമഗ്രാമ മാധവന്റെ സ്മരണയ്ക്കായി, സംസ്ഥാന സർക്കാർ അടുത്തിടെ 'മാധവ നോളജ് സെന്റർ ഇൻ മാത്തമാറ്റിക്സ്' സ്ഥാപിച്ചത്

  **ഇരിങ്ങാലക്കുട**

  - പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സംഗമഗ്രാമ മാധവന്റെ ജന്മസ്ഥലമായ 'സംഗമഗ്രാമം' എന്നത് ഇന്നത്തെ ഇരിങ്ങാലക്കുടയാണെന്നാണ് ചരിത്രകാരന്മാർ വിലയിരുത്തുന്നത്.
  - കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പിതാവായി കണക്കാക്കപ്പെടുന്നത് ഇദ്ദേഹത്തെയാണ്

## National

- 2026 ഏപ്രിലിൽ കാലാവധി അവസാനിക്കുന്ന രാജ്യസഭാ ഉപാധ്യക്ഷൻ

  **ഹരിവംശ് നാരായൺ സിംഗ്**

  - മലയാളിയായ പി.ജെ. കുര്യൻ വിരമിച്ച ഒഴിവിലാണ് 2018-ൽ ബിഹാറിൽ നിന്നുള്ള അംഗമായ ഹരിവംശ് രാജ്യസഭാ ഉപാധ്യക്ഷനായത്.
  - ഭരണഘടനയുടെ ആർട്ടിക്കിൾ 80 ആണ് രാജ്യസഭയുടെ ഘടനയെക്കുറിച്ച് പറയുന്നത്.
  - ആർട്ടിക്കിൾ 89 രാജ്യസഭാ അധ്യക്ഷനെയും ഉപാധ്യക്ഷനെയും കുറിച്ച് പ്രതിപാദിക്കുന്നു

- രാജ്യത്തുടനീളം 100 ലോകോത്തര വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിനായി അടുത്തിടെ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ പദ്ധതി

  **ഭാരത് ഔദ്യോഗിക് വികാസ് യോജന** (BHAVYA)

  - സംസ്ഥാന സർക്കാരുകളുടെയും സ്വകാര്യ മേഖലയുടെയും പിന്തുണയോടെ ഇന്ത്യയിൽ 100 പൂർണ്ണ സജ്ജമായ ലോകോത്തര വ്യവസായ പാർക്കുകൾ വികസിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം

- ഒരു രാജ്യം, ഒറ്റത്തിരഞ്ഞെടുപ്പ് നടപ്പാക്കുന്നതിനായുള്ള 129-ാം ഭരണഘടനാഭേദഗതി ബില്ലും അനുബന്ധബില്ലും പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതിയുടെ അധ്യക്ഷൻ

**പി.പി. ചൗധരി**

  - പാർലമെന്ററി സമിതിയുടെ കാലാവധി നീട്ടി
  - 2024 ഡിസംബർ 17നു ബില്ല് ലോക്സഭയിൽ അവതരിപ്പിച്ചു
  - ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിനെ കുറിച്ച് പഠിക്കാനുള്ള സമിതിയുടെ അധ്യക്ഷൻ - **രാംനാഥ് കോവിന്ദ്**

- വാഹനങ്ങളിൽ നിന്നുള്ള വായുമലിനീകരണം കുറയ്ക്കുന്നതിനായി ഇന്ത്യയിലെ ആദ്യത്തെ 'മൈക്രോ ആൽഗേ എയർ ടവർ' സ്ഥാപിച്ച നഗരം

**ഡൽഹി**

- ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ടിന്റെ 'കൺസ്യൂമർ ജസ്റ്റിസ് 2026' (ഉപഭോക്തൃ നീതി റാങ്കിങ്) പട്ടികയിൽ വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ ഒന്നാമതുള്ളത്

**ആന്ധ്രാപ്രദേശ്**

  - മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ് രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ
  - കേരളത്തിന്റെ സ്ഥാനം - **12-ാം സ്ഥാനം**
  - ചെറിയ സംസ്ഥാനങ്ങളിൽ മേഘാലയ ഒന്നാം സ്ഥാനത്തും, സിക്കിം, ഹിമാചൽ പ്രദേശ് എന്നിവ രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്.

- പശ്ചിമേഷ്യൻ പ്രതിസന്ധി മൂലം ചരക്കുനീക്കത്തിൽ തടസ്സങ്ങൾ നേരിടുന്ന ഇന്ത്യൻ കയറ്റുമതി വ്യാപാരികളെ സഹായിക്കുന്നതിനായി കേന്ദ്ര വാണിജ്യ മന്ത്രാലയം പ്രഖ്യാപിച്ച പുതിയ പദ്ധതി

**RELIEF (Resilience & Logistics Intervention for Export Facilitation)**

  - പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ കാരണം കയറ്റുമതിയിൽ വെല്ലുവിളികൾ നേരിടുന്ന ഇന്ത്യൻ കയറ്റുമതി വ്യാപാരികൾക്ക് സാമ്പത്തിക പരിരക്ഷയും സഹായവും നൽകുകയാണ് റിലീഫ് പദ്ധതിയുടെ ലക്ഷ്യം
  - കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി - **പീയൂഷ് ഗോയൽ**

- എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ ചെയർമാൻ സ്ഥാനത്തുനിന്ന് അടുത്തിടെ രാജിവെച്ചത്

**അതാനു ചക്രവർത്തി**

- 2024-25 സാമ്പത്തിക വർഷത്തെ നാഷണൽ ഇംപോർട്ട് എക്സ്പോർട്ട് റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ വസ്ത്രക്കയറ്റുമതിയിൽ ഒന്നാം സ്ഥാനത്തെത്തിയ സംസ്ഥാനം

**തമിഴ്നാട്**

  - രണ്ടാം സ്ഥാനത്ത് ഗുജറാത്തും മൂന്നാമത് മഹാരാഷ്ട്രയുമാണ്

## Sports

- 2028-ലെ വേൾഡ് ഇൻഡോർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് വേദി ആകുന്ന ഇന്ത്യൻ നഗരം

  **ഭുവനേശ്വർ**

  - 2024-ൽ നിർമ്മാണം പൂർത്തിയാക്കിയ കലിംഗ ഇൻഡോർ സ്റ്റേഡിയത്തിലാണ് നടക്കുന്നത്
- ആഫ്രിക്കൻ കപ്പ് ഓഫ് നേഷൻസ് കിരീടം മൊറോക്കോയ്ക്ക്
  - 2026 ജനുവരിയിൽ നടന്ന ഫൈനലിൽ ഏകപക്ഷീയമായ ഒരു ഗോളിന് സെനഗൽ കപ്പിൽ മുത്തമിട്ടെങ്കിലും അവരെ അയോഗ്യരാക്കിയാണ് ഇപ്പോൾ മൊറോക്കോ ചാമ്പ്യൻ പട്ടം ചൂടിയിരിക്കുന്നത്.
  - ആഫ്രിക്കൻ ഫുട്ബോൾ ഫെഡറേഷന്റെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു നടപടി ഉണ്ടായിരിക്കുന്നത്.

## Today's MCQ

1. KISS ഹ്യുമാനിറ്റേറിയൻ അവാർഡ് 2025 നേടിയത്

   (a) മുകേഷ് അംബാനി (b) ആനന്ദ് അംബാനി

   (c) നിത അംബാനി (d) ഗൗതം അദാനി

2. 2026 ലെ മികച്ച ലൈവ് ആക്ഷൻ ഷോർട്ട് ഫിലിമിനുള്ള ഓസ്കാർ പുരസ്കാരം നേടിയ ഇന്ത്യൻ വംശജനായ സംവിധായകൻ

   (a) കരൺ കാന്ധാരി (b) അലക്സാണ്ടർ സിംഗ്

   (c) ദേവ് പട്ടേൽ (d) യുധാജിത് ബസു

**Ans : 1. (c), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
22-23



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 22, 23 MARCH 2026

## Important Event

- **മാർച്ച് 22 - ലോക ജലദിനം**

  ആഗോള ജല പ്രതിസന്ധിയെക്കുറിച്ച് അവബോധം വളർത്തുന്നതിനും ശുദ്ധജല വിഭവങ്ങളുടെ സുസ്ഥിര മാനേജ്മെന്റിനായി വാദിക്കുന്നതിനും എല്ലാ വർഷവും മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നു.

  പ്രമേയം - **Water and Gender**

- **മാർച്ച് 23 - ലോക കാലാവസ്ഥാ ദിനം**

  സമൂഹത്തിന്റെ സുരക്ഷയ്ക്കും ക്ഷേമത്തിനും ദേശീയ കാലാവസ്ഥ, ജലശാസ്ത്ര സേവനങ്ങൾ നൽകുന്ന സംഭാവനകളെ ഈ ദിവസം എടുത്തു കാണിക്കുന്നു.

  പ്രമേയം - **Observing Today, Protecting Tomorrow**

## Appointment

- 2026 മാർച്ചിൽ ചൈനയിലെ ഇന്ത്യൻ അംബാസഡറായി നിയമിതനായത്

  **വിക്രം കെ. ദൊരൈസ്വാമി**

  - നിലവിൽ യുണൈറ്റഡ് കിംഗ്ഡത്തിലെ ഇന്ത്യൻ ഹൈക്കമ്മീഷണറാണ് അദ്ദേഹം

## Award

- മാങ്ങോട് രംഗശ്രീ കഥകളി ചാരിറ്റബിൾ ട്രസ്റ്റ് പ്രഥമ കഥകളി പുരസ്കാരങ്ങൾ
  - കേശഭാരം പുരസ്കാരം - **കലാമണ്ഡലം ഗോപി**

    (അണിയറ കലാകാരൻ നമ്പ്യാരത്ത് അപ്പുണ്ണി തരകന്റെ സ്മരണാർഥം നൽകുന്ന പുരസ്കാരം)
  - അണിയലം കഥകളി പുരസ്കാരം - **ചമ്മന്നൂർ ചന്ദ്രൻകുട്ടി തരകൻ** (അണിയറ കലാകാരൻ)

    (അണിയറ കലാകാരൻ ഊരൻചൊക്കത്ത് രാമ തരകന്റെ സ്മരണാർഥം നൽകുന്ന പുരസ്കാരം)
  - നാദലയം കഥകളി പുരസ്കാരം - **സദനം വാസുദേവൻ** (ചെണ്ടവാദ്യ കലാകാരൻ)

    (ചെണ്ടവാദനം കുലഗുരു കോട്ടക്കൽ കൃഷ്ണൻകുട്ടിയുടെ സ്മരണാർഥം നൽകുന്ന പുരസ്കാരം)
  - പതിനായിരം രൂപയും കീർത്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.
- 2026 മാർച്ചിൽ യു.കെ. ഓണററി നൈറ്റ്ഹുഡ് നൽകി ആദരിക്കപ്പെട്ട ഇന്ത്യൻ

  **എൻ. ചന്ദ്രശേഖരൻ** (ടാറ്റ ഗ്രൂപ്പ് ചെയർമാൻ)

  - ഇന്ത്യ-യു.കെ ബിസിനസ് ബന്ധങ്ങൾക്ക് അദ്ദേഹം നൽകിയ ശ്രദ്ധേയമായ സംഭാവനകളെ ഈ ബഹുമതി അംഗീകരിക്കുന്നു.

## National

- ഇന്ത്യയിൽ ഡ്രോണുകൾ നിർമ്മിക്കുന്നതിനും പ്രതിരോധ, സിവിലിയൻ മേഖലയിൽ ഡ്രോണുകളുടെ ഉപയോഗം വർധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതി

**മിഷൻ ഡ്രോൺ ശക്തി**

  - പ്രതിരോധം ശക്തിപ്പെടുത്താൻ 1,800 കോടി രൂപയുടെ പദ്ധതി ആണ് തയ്യാറാക്കിയിരിക്കുന്നത്
  - ഡ്രോൺ ഉത്പാദനത്തിന്റെയും സേവനത്തിന്റെയും ആഗോള കേന്ദ്രമാക്കി മാറ്റുകയെന്നതും ലക്ഷ്യമാണ്.
  - ഡ്രോൺ വിപണിയിലെ ചെറുകിട കമ്പനികൾ നിലവിൽ ഘടകഭാഗങ്ങളുടെ 50 ശതമാനത്തിലധികവും ചൈനയിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്.

- ഭാരത് വൈദ്യുതി ഉച്ചകോടി 2026 ന്റെ വേദി

**ന്യൂഡൽഹി**

- 86% സ്കൂളുകളും പുകയില രഹിത വിദ്യാഭ്യാസ സ്ഥാപനങ്ങളായി സാക്ഷ്യപ്പെടുത്തിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം

**മേഘാലയ**

  - ഇത് രാജ്യവ്യാപകമായി രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന ശതമാനമാണ്

- ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഔദ്യോഗികമായി നാഷണൽ ജിയോഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ച കലിഞ്ചർ കോട്ടയെ ചുറ്റിപ്പറ്റിയുള്ള കുന്നിൻ പ്രദേശം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

**ഉത്തർപ്രദേശ്**

  - ബന്ദയിലെ കലിഞ്ചർ കോട്ടയെ ചുറ്റിപ്പറ്റിയുള്ള കുന്നിൻ പ്രദേശത്തെ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ജി.എസ്.ഐ) ഔദ്യോഗികമായി ദേശീയ ഭൂപൈതൃക സ്ഥലമായി പ്രഖ്യാപിച്ചു.

## International

- ഇന്ത്യയിൽ നിന്നുള്ള ആദ്യ ഘട്ട മെഡിക്കൽ സഹായം ഇറാനിൽ എത്തി

## Defence

- 2026 ഏപ്രിലിൽ കമ്മീഷൻ ചെയ്യുന്ന ഇന്ത്യൻ നാവികസേനയുടെ പുതിയ യുദ്ധക്കപ്പൽ

**ഐ.എൻ.എസ്. താരഗിരി**

  - ബ്രഹ്മോസ് മിസൈലുകൾ അടക്കമുള്ളവയാണ് താരഗിരിയിൽ സജ്ജീകരിച്ചിരിക്കുന്നത്.
  - 1980 മുതൽ 2013 വരെ ഇന്ത്യൻ നാവികസേനയുടെ ഭാഗമായിരുന്ന പഴയ ലിയാൻഡർ ക്ലാസ് ഫ്രിഗേറ്റായ ഐ.എൻ.എസ്. താരഗിരിയുടെ പുനർപതിപ്പാണ് ഈ താരഗിരി.
  - വിശാഖപട്ടണത്താണ് കമ്മീഷൻ ചെയ്യുന്നത്

## Sports

- അടുത്തിടെ വനിതാ ടീമുകൾക്ക് വനിതാ പരിശീലകരെ നിർബന്ധമാക്കിയ കായിക സംഘടന

**FIFA**

  - ഫിഫ വനിതാ മത്സരത്തിലെ ഓരോ ടീമിനും കുറഞ്ഞത് ഒരു വനിതാ ഹെഡ് അല്ലെങ്കിൽ അസിസ്റ്റന്റ് കോച്ച് ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണെന്ന് പ്രഖ്യാപിച്ചു.
  - ഉയർന്ന തലങ്ങളിൽ വനിതാ പരിശീലകരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം

## Demise

- 2026 മാർച്ചിൽ അന്തരിച്ച ഹോളിവുഡ് താരവും ആയോധനകലാ വിദഗ്ധനുമായ വ്യക്തി

**കാർലോസ് റേ ചക് നോറിസ്**

  - സിനിമാ ടെലിവിഷൻ താരമാകുന്നതിന് മുമ്പ് ആയോധനകലാ മത്സരങ്ങളിൽ ചാമ്പ്യനായിരുന്നു ചക് നോറിസ്.

- 2026 മാർച്ചിൽ യു.എസ് - ഇസ്രയേൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട ഇറാനിയൻ സൈനിക ഉദ്യോഗസ്ഥൻ

**അലി മുഹമ്മദ് നൈനി**

## Today's MCQ

1. പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ സംഗമഗ്രാമ മാധവന്റെ സ്മരണയ്ക്കായി, സംസ്ഥാന സർക്കാർ അടുത്തിടെ 'മാധവ നോളജ് സെന്റർ ഇൻ മാത്തമാറ്റിക്സ്' സ്ഥാപിച്ചത്

   (a) തൃക്കാക്കര (b) കൊച്ചി

   (c) ഇരിങ്ങാലക്കുട (d) നെയ്യാറ്റിൻകര

2. 2026 ഏപ്രിലിൽ കാലാവധി അവസാനിക്കുന്ന രാജ്യസഭാ ഉപാധ്യക്ഷൻ

   (a) സി.പി. രാധാകൃഷ്ണൻ (b) ഹരിവംശ് നാരായൺ സിംഗ്

   (c) പി.ജെ. കുര്യൻ (d) മല്ലികാർജുൻ ഹാർവെ

**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
24-25



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 24, 25 MARCH 2026

## Award

- 2026 ലെ സ്റ്റോക്ക്ഹോം വാട്ടർ പ്രൈസ് പുരസ്കാരം നേടിയത്

**കവേ മദാനി**

  - വാട്ടർ ബാങ്ക്റപ്റ്റസി എന്ന ആശയം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത് അദ്ദേഹമാണ്. ദീർഘകാലമായുള്ള ജലചൂഷണം മൂലം പ്രകൃതിക്ക് പഴയ അവസ്ഥയിലേക്ക് തിരിച്ചു പോകാൻ കഴിയാത്ത ഗുരുതരമായ അവസ്ഥയെയാണ് ഇത് സൂചിപ്പിക്കുന്നത്.
  - പുരസ്കാരം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് കവേ മദാനി

## Kerala

- കേരള നിയമസഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് തയ്യാറാക്കിയ ഇലക്ഷൻ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം

**e-Vidya**

  - ജനാധിപത്യ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം ഉറപ്പാക്കുന്നതിനുമായാണ് ഇത് തയ്യാറാക്കിയത്
  - രാജ്യത്ത് ആദ്യമായാണ് തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്കായി ഒരു ഇലേണിംഗ് പ്ലാറ്റ്ഫോം നിലവിൽ വരുന്നത്

- നിയമസഭാ തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച് നടപ്പിലാക്കുന്നതിനായുള്ള ക്യാമ്പയിൻ

**ഗ്രീൻ ബട്ടൺ**

  - ക്യാമ്പയിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോകോൾ ഹാൻഡ്ബുക്ക് പുറത്തിറക്കി

## National

- ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് പകരം കേന്ദ്രം ദേശീയ ഡെന്റൽ കമ്മീഷൻ രൂപീകരിച്ചു
  - കമ്മീഷന്റെ ചെയർപേഴ്സൺ - **ഡോ. സഞ്ജയ് തിവാരി**
- ലിപുലേക്ക് ചുരം തുറക്കുന്നു
  - ഉത്തരാഖണ്ഡിലെ പിത്തോരഗഡ് ജില്ലയെ ടിബറ്റുമായി ബന്ധിപ്പിക്കുന്നു
  - കോവിഡ് വ്യാപനത്തിന്റെ സമയത്തു അടച്ചതാണ്
- മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എ. മാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ശമ്പളം അടുത്തിടെ താൽക്കാലികമായി വെട്ടിക്കുറച്ച സംസ്ഥാനം

**ഹിമാചൽ പ്രദേശ്**

  - കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്നാണ് ഈ തീരുമാനം

- പുതിയ ആദായനികുതി നിയമത്തെക്കുറിച്ച് പൗരന്മാർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആരംഭിച്ച രാജ്യവ്യാപക ക്യാമ്പയിൻ

**PRARAMBH 2026**

(Policy Reform and Responsible Action for Mission Viksit Bharat)

- ❖ Income Tax Act, 2025 ലെ വ്യവസ്ഥകളെക്കുറിച്ച് ജനങ്ങൾക്ക് കൃത്യമായ വിവരങ്ങൾ നൽകുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം.
- ❖ പുതിയ ആദായനികുതി നിയമം 2026 ഏപ്രിൽ 1 മുതൽ രാജ്യത്ത് ഔദ്യോഗികമായി പ്രാബല്യത്തിൽ വരും.

- പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാത്ത ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുന്ന പാരന്റ്സ് സപ്പോർട്ട് ബില്ലിന് അംഗീകാരം നൽകിയ സംസ്ഥാനം

**തെലങ്കാന**

- ❖ മാതാപിതാക്കളെ സംരക്ഷിക്കാത്ത ജനപ്രതിനിധികൾ, സർക്കാർ ജീവനക്കാർ, സ്വകാര്യ മേഖലയിലെ ജീവനക്കാർ എന്നിവരുടെ ശമ്പളത്തിൽ നിന്ന് 15% അല്ലെങ്കിൽ 10,000 രൂപ (ഇതിൽ ഏതാണോ കുറവ് അത്) പിടിച്ചെടുത്ത് മാതാപിതാക്കൾക്ക് നേരിട്ട് സാമ്പത്തിക സഹായമായി നൽകാനാണ് ബില്ലിൽ നിർദ്ദേശിക്കുന്നത്.
- ❖ തെലങ്കാന മുഖ്യമന്ത്രി - **എ. രേവന്ത് റെഡ്ഡി**

- ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം ഒരു തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ ഭരണത്തലവനായ വ്യക്തി

**നരേന്ദ്ര മോദി**

- ❖ ഗുജറാത്ത് മുഖ്യമന്ത്രി, ഇന്ത്യൻ പ്രധാനമന്ത്രി എന്നീ നിലകളിലായി 8,931 ദിവസങ്ങൾ പൂർത്തിയാക്കിയാണ് അദ്ദേഹം ഈ ചരിത്രനേട്ടം കൈവരിച്ചത്.
- ❖ മുൻ സിക്കിം മുഖ്യമന്ത്രിയായ പവൻ കുമാർ ചാംലിങ്ങിന്റെ പേരിലായിരുന്നു മുമ്പ് ഈ റെക്കോർഡ് ഉണ്ടായിരുന്നത്

## International

- ആഗോളതലത്തിൽ ഏറ്റവും വിപുലമായ മെട്രോ ശൃംഖലയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാമതുള്ള രാജ്യം

**ചൈന**

- ❖ അമേരിക്ക രണ്ടാം സ്ഥാനത്തുണ്ട്
- ❖ ഇന്ത്യ - **മൂന്നാം സ്ഥാനം**
- ❖ ഇന്ത്യയിലെ ആദ്യത്തെ മെട്രോ - **കൊൽക്കത്ത**
- ❖ ഇന്ത്യയിലെ ഏറ്റവും വലിയ മെട്രോ ശൃംഖല - **ഡൽഹി മെട്രോ**
- ❖ ഇന്ത്യയിലെ ആദ്യത്തെ വാട്ടർ മെട്രോ - **കൊച്ചി വാട്ടർ മെട്രോ**
- ❖ ഇന്ത്യയിലെ ആദ്യത്തെ അണ്ടർവാട്ടർ മെട്രോ - **കൊൽക്കത്ത മെട്രോ**

## Demise

- അടുത്തിടെ അന്തരിച്ച പ്രശസ്ത ഒഡീസി നർത്തകി

**മധുമിത റൗത്ത്**

  - ❖ നർത്തകനും ആചാര്യനുമായിരുന്ന ഗുരു മായാധർ റൗത്തിന്റെ മകളാണ് മധുമിത
  - ❖ ഭാരത് നിർമാൺ അവാർഡ്, ഒഡീഷ സംസ്ഥാന ഖുൻഗുർ സമ്മാൻ, ഒഡീഷ ലിവിങ് ലജന്റ് പുരസ്കാരം തുടങ്ങി ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

- 2026 മാർച്ചിൽ അന്തരിച്ച മുൻ ഫ്രഞ്ച് പ്രധാനമന്ത്രി

**ലയണൽ ജോസ്പിൻ**

  - ❖ 1997-2002 കാലയളവിൽ ഫ്രഞ്ച് പ്രധാനമന്ത്രി ആയിരുന്നു

## Today's MCQ

1. 2026 ലോക ജലദിനത്തിന്റെ പ്രമേയം ?

   (a) Water and Gender (b) Observing Today, Protecting Tomorrow

   (c) Glacier Preservation (d) Water for Peace

2. 2026 മാർച്ചിൽ ചൈനയിലെ ഇന്ത്യൻ അംബാസഡറായി നിയമിതനായത്

   (a) വിനയ് മോഹൻ ക്വാത്ര (b) സഞ്ജീവ് സിംഗ്ല

   (c) നാഗേഷ് സിംഗ് (d) വിക്രം കെ. ദൊരൈസ്വാമി


**Ans : 1. (a), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
26



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 26 MARCH 2026

## Appointment

◆ 2026 മാർച്ചിൽ ഇറാന്റെ പുതിയ സുരക്ഷാ മേധാവിയായി നിയമിതനായത്

**Mohammad Baqer Zolqadr**

❖ ഇറാന്റെ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിലിന്റെ പുതിയ സെക്രട്ടറിയായി ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിന്റെ വെറ്ററൻ കമാൻഡറായ മുഹമ്മദ് ബാക്കർ സോൾഖാദറിനെ നിയമിച്ചു.

❖ ഇസ്രായേലി ആക്രമണത്തിൽ കൊല്ലപ്പെട്ട അലി ലാരിജാനിയുടെ പകരക്കാരനായിട്ടാണ് സ്ഥാനമേറ്റത്

## Kerala

◆ ഹാർട്ട് ഫെയിലിയർ രോഗികൾക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിച്ച പ്രത്യേക ചികിത്സാ സംവിധാനം

**ഹോപ്പ്**

❖ ഇതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗത്തിൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ സജ്ജീകരിച്ചിരിക്കുന്നു

❖ കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജ്: തിരുവനന്തപുരം മെഡിക്കൽ കോളേജ് (1951)

## National

◆ വനസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി 'നിങ്കോൾ വൻ ഇനിഷ്യേറ്റീവ്' ആരംഭിച്ച സംസ്ഥാനം

**മണിപ്പൂർ**

❖ മണിപ്പൂരിന്റെ മുഖ്യമന്ത്രി - **യുംനാം ഖേംചന്ദ് സിംഗ്**

◆ യൂണിഫോം സിവിൽ കോഡ് അംഗീകരിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ സംസ്ഥാനം

**ഗുജറാത്ത്**

❖ യുസിസി ബിൽ പാസാക്കിയ ആദ്യ സംസ്ഥാനമാണ് ഉത്തരാഖണ്ഡ് (2024 ഫെബ്രുവരി)

❖ മതം പരിഗണിക്കാതെ വിവാഹം, വിവാഹമോചനം, പിന്തുടർച്ച, ലിവ് ഇൻ ബന്ധങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനുള്ള ഒരു പൊതു നിയമ ചട്ടക്കൂട് ബിൽ നിർദ്ദേശിക്കുന്നു.

❖ ഗുജറാത്ത് യൂണിഫോം സിവിൽ കോഡ്, 2026 സംസ്ഥാനം മുഴുവനും, അതിന്റെ പ്രദേശിക പരിധിക്ക് പുറത്ത് താമസിക്കുന്ന ഗുജറാത്ത് നിവാസികൾക്കും ബാധകമാകും. എന്നാൽ പട്ടിക വർഗ (എസ്.ടി) അംഗങ്ങൾക്കും ഭരണഘടന പ്രകാരം ആചാരപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ചില ഗ്രൂപ്പുകൾക്കും ഈ കോഡ് ബാധകമല്ലെന്ന് ബിൽ വ്യക്തമാക്കുന്നു.

- ഏറ്റവും വേഗതയിൽ ഏഴ് അഗ്നിപർവ്വത കൊടുമുടികളെ കീഴടക്കിയത്

**ഭൂപതിരാജു അൻമിഷ് വർമ്മ**

  - വിശാഖപട്ടണത്തെ സാഹസികനായ ഭൂപതിരാജു അൻമിഷ് വർമ്മ ഇതിലൂടെ ഗിന്നസ് റെക്കോർഡ് സൃഷ്ടിച്ചു.

## International

- 2026-ലെ ഗ്ലോബൽ ടെററിസം ഇൻഡക്സിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

**പാകിസ്ഥാൻ**

  - രണ്ടാം സ്ഥാനത്ത് **- ബുർക്കിന ഫാസോ**
  - മൂന്നാം സ്ഥാനത്ത് **- നൈജർ**
  - ഇന്ത്യയുടെ സ്ഥാനം **- 13**
  - ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കണോമിക്സ് ആൻഡ് പീസ് (IEP) പുറത്തിറക്കിയ റിപ്പോർട്ടാണിത്.

- അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി പുറത്തിറങ്ങുന്ന സ്വർണ്ണ നാണയത്തിൽ ഇടംപിടിക്കുന്ന ചിത്രം

**ഡൊണാൾഡ് ട്രംപ്**

  - മുഷ്ടി ചുരുട്ടി റെസല്യൂട്ട് മേശയിൽ ചാരി നിൽക്കുന്ന ട്രംപിനെ ചിത്രീകരിക്കുന്ന 24 കാരറ്റ് സ്വർണ്ണ നാണയമാണിത്
  - ജീവിച്ചിരിക്കുന്ന ഒരു അമേരിക്കൻ പ്രസിഡന്റ് നാണയത്തിൽ ആലേഖനം ചെയ്യുന്നത് രണ്ടാമത്തെ തവണയാണ്
  - യു.എസ് സ്വാതന്ത്ര്യത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നതിനായി 1926-ൽ പുറത്തിറക്കിയ ജോർജ്ജ് വാഷിംഗ്ടണിനൊപ്പം ഒരു നാണയത്തിൽ 30-ാമത് യു.എസ് പ്രസിഡന്റായ കാൽവിൻ കൂളിഡ്ജും ഇടം നേടിയിരുന്നു

- ടെസ്‌ലയും സ്പേസ് എക്സും ചേർന്ന് സ്വന്തം എ.ഐ ചിപ്പുകൾ രൂപകൽപ്പന ചെയ്യുന്നതിനായി എലോൺ മസ്ക് പ്രഖ്യാപിച്ച പദ്ധതി

**ടെറാഫാബ്**

  - സ്വയം ഓടുന്ന കാറുകൾക്കും ഒപ്റ്റിമസ് റോബോട്ടുകൾക്കും ഭാവിയിൽ ബഹിരാകാശ ഉപഗ്രഹങ്ങൾക്കുമുള്ള ചിപ്പുകൾ നിർമ്മിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം.

## Defence

- കക്കാഡു അഭ്യാസത്തിൽ പങ്കെടുത്ത ഇന്ത്യൻ നാവികസേന കപ്പൽ

**INS നീലഗിരി**

  - വേദി **- ഓസ്ട്രേലിയ**

## Sports

- 2026 മാർച്ചിൽ പോൾവാൾട്ടിൽ ദേശീയ റെക്കോർഡ് നേടിയ താരം

**ഭരണിക ഇളങ്കോവൻ**

  - 4.22 മീറ്റർ ചാടിയാണ് ദേശീയ റെക്കോർഡ് നേടിയത്
  - ദേശീയ ഇൻഡോർ അത്‌ലറ്റിക്സ് മത്സരത്തിലാണ് നേട്ടം കൈവരിച്ചത്
  - 2022-ൽ റോസി മീന പോൾരാജ് സ്ഥാപിച്ച 4.21 മീറ്ററായിരുന്നു മുൻ ദേശീയ റെക്കോർഡ്

- 2026 ഇംഗ്ലീഷ് ലീഗ് കപ്പ് ജേതാക്കളായത്

**മാഞ്ചസ്റ്റർ സിറ്റി**

  - ഫൈനലിൽ ആഴ്സണലിനെ തോൽപ്പിച്ചു

## Today's MCQ

1. മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ശമ്പളം അടുത്തിടെ താൽക്കാലികമായി വെട്ടിക്കുറച്ച സംസ്ഥാനം

   (a) തെലങ്കാന (b) ഒഡീഷ

   (c) മഹാരാഷ്ട്ര (d) ഹിമാചൽ പ്രദേശ്

2. പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാത്ത ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുന്ന പാരന്റ്സ് സപ്പോർട്ട് ബില്ലിന് അംഗീകാരം നൽകിയ സംസ്ഥാനം

   (a) തെലങ്കാന (b) ഹിമാചൽ പ്രദേശ്

   (c) കർണാടക (d) തമിഴ്നാട്

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
27




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- ആംഗ്ലിക്കൻ സഭയുടെ കാന്റർബറി ആർച്ച് ബിഷപ്പ് ആയി നിയമിതയാകുന്ന ആദ്യ വനിത

  **സാറ മുലാലി**

  - ആംഗ്ലിക്കൻ സഭയുടെ പരമോന്നത പദവിയാണിത്
  - ബ്രിട്ടീഷ് രാജാവിനെയും രാജ്ഞിയെയും കിരീടമണിയിക്കാനും വാഴിക്കാനും ചുമതലപ്പെട്ട വ്യക്തിയാണ് കാന്റർബറി ആർച്ച് ബിഷപ്പ്

- ഭീം പേയ്മെന്റ്സ് ആപ്പിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി നിയമിതനായത്

  **എം.എസ്. ധോണി**

  - BHIM - **Bharat Interface for Money**
  - 2016 ഡിസംബർ 30 ന് നരേന്ദ്ര മോദിയാണ് ഇത് പുറത്തിറക്കിയത്
  - നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് വികസിപ്പിച്ചത്

## Book and Author

- കരുണ: ദി പവർ ഓഫ് കംപാഷൻ എന്ന പുസ്തകം രചിച്ചത്

  **കൈലാഷ് സത്യാർത്ഥി**

  - ആത്മകഥ - **Diyaslai**
  - കുട്ടികളെ ബാലവേലയിൽ നിന്ന് രക്ഷിക്കാനായി അദ്ദേഹം ആരംഭിച്ച പ്രസ്ഥാനമാണ് 'ബച്ച്പൻ ബച്ചാവോ ആന്ദോളൻ'
  - 2014-ൽ മലാല യൂസഫ്സായിക്കൊപ്പം സമാധാനത്തിനുള്ള നോബൽ സമ്മാനം പങ്കിട്ടു.

## Award

- 35-ാമത് (2025)സരസ്വതി സമ്മാൻ പുരസ്കാരത്തിന് അർഹനായത്

  **രാംകുമാർ മുഖോപാധ്യായ** (ബംഗാളി സാഹിത്യകാരൻ )

  - 'ഹര പാർവ്വതി കഥ' എന്ന നോവലിനാണ് പുരസ്കാരം .
  - സമ്മാനത്തുക - **15 ലക്ഷം**
  - 2024 - **മഹാമഹോപാധ്യായ സാധു ഭദ്രേഷ്ദാസ്** (കൃതി - സ്വാമിനാരായണ സിദ്ധാന്ത സുധ)
  - ആദ്യ ജേതാവ് - **ഹരിവംശ് റായ് ബച്ചൻ** (ഹിന്ദി 1991)
  - മലയാളത്തിൽ നിന്നും 4 പേർ ഇതുവരെ പുരസ്കാരത്തിന് അർഹരായി

    ബാലാമണിയമ്മ (1995 - നിവേദ്യം), കെ. അയ്യപ്പപ്പണിക്കർ (2005 - അയ്യപ്പപ്പണിക്കരുടെ കൃതികൾ), സുഗതകുമാരി (2012 - മണലെഴുത്ത്), പ്രഭാവർമ (2023 - രൗദ്ര സാത്വികം)

## National

- ഇന്ത്യയിൽ ആദ്യമായി നീരുറവകളുടെ (Water springs) എണ്ണമെടുക്കുന്നതിനായി ഒരു സെൻസസ് നടന്നു
  - കേരളം, ബിഹാർ, കർണാടക, സിക്കിം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെയും ലഡാക്ക് കേന്ദ്രഭരണ പ്രദേശത്തിന്റെയും വിവരങ്ങളാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.
  - റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ നീരുറവകൾ കേരളത്തിലാണുള്ളത്

## International

- 2026-ൽ IQAir പുറത്തുവിട്ട 2025ലെ വേൾഡ് എയർ ക്വാളിറ്റി റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും മലിനീകരണമുള്ള നഗരം

  **ലോണി** (ഉത്തർപ്രദേശ്)
  - ലോകത്തെ ഏറ്റവും മലിനമായ 10 നഗരങ്ങളിൽ അഞ്ചെണ്ണവും ഇന്ത്യയിലാണ് (ലോണി, Byrnihat, ഡൽഹി, ഗാസിയാബാദ്, ഉല)
  - റിപ്പോർട്ട് പ്രകാരം ലോകത്തെ ഏറ്റവും മലിനീകരണമുള്ള രാജ്യം - **പാകിസ്ഥാൻ**
  - ബംഗ്ലാദേശ്, താജിക്കിസ്ഥാൻ,എന്നീ രാജ്യങ്ങൾ രണ്ടും മൂന്നും സ്ഥാനങ്ങളിൽ
  - ഇന്ത്യ ആറാം സ്ഥാനത്താണ് .
- 'അഘനാശിനി - വേദാവതി നദീസംയോജന പദ്ധതി' നടപ്പിലാക്കാൻ ഒരുങ്ങുന്ന സംസ്ഥാനം

  **കർണാടക**
  - അഘനാശിനി - വേദാവതി നദീസംയോജന പദ്ധതി പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നും, അതിനാൽ 1972ലെ ലോക പൈതൃക സംരക്ഷണ ചട്ടങ്ങൾ ഈ പദ്ധതിയിൽ കർശനമായി പാലിക്കണമെന്നും യുനെസ്കോ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.
- ട്രാൻസ്ജെൻഡർ പേഴ്സൺ ഭേദഗതി ബില്ല് ലോക്സഭയിൽ അവതരിപ്പിച്ചത്

  **13 മാർച്ച് 2026**
  - കേന്ദ്ര സാമൂഹ്യനീതിമന്ത്രി ഡോ. വിരേന്ദ്ര കുമാർ അവതരിപ്പിച്ചു
  - 23 മാർച്ച് 2026 ന് ലോക്സഭാ പാസാക്കി
  - 25 മാർച്ച് 2026 രാജ്യസഭാ പാസ്സാക്കി
- 'ഇവ നമ്മവ' (Iva Nammava) എന്ന പേരിൽ ബിൽ പാസാക്കിയ സംസ്ഥാനം

  **കർണാടക**
  - Karnataka Freedom of Choice in Marriage and Prevention and Prohibition of Crimes in the Name of Honour and Tradition Bill എന്നും ഇതറിയപ്പെടുന്നു
  - ദുരഭിമാനക്കൊലകൾ തടയുന്നതിനായാണ് ബില്ല് പാസ്സാക്കിയത്
  - സാമൂഹിക പരിഷ്കർത്താവായ ബസവണ്ണയുടെ പ്രശസ്തമായ 'ഇവ നമ്മവ' (അവൻ/അവൾ നമ്മുടേതാണ്) എന്ന വചനത്തിൽ നിന്നാണ് ബില്ലിന് ഈ പേര് നൽകിയിരിക്കുന്നത്.
  - കർണാടക ദ്വിമണ്ഡലസഭയുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് (നിയമസഭയും നിയമ നിർമ്മാണ കൗൺസിലും) അതിനാൽ ഇരുസഭകളും പാസാക്കി ഗവർണർ ഒപ്പിടുന്നതോടെയാണ് ഒരു ബിൽ നിയമമാകുന്നത്.

## Sports

- IPL ചരിത്രത്തിൽ ഏറ്റവും ഉയർന്ന വിലയ്ക്ക് വിൽക്കപ്പെട്ട ക്ലബ്ബ്

**റോയൽ ചലഞ്ചേഴ്സ് ബംഗളൂരു**

- ആദിത്യ ബിർള ഗ്രൂപ്പും ടൈംസ് ഓഫ് ഇന്ത്യയും ചേർന്നുള്ള ഒരു കൺസോർഷ്യം ഏകദേശം 16,000 കോടിയിലേറെ രൂപയ്ക്ക് RCB യെ സ്വന്തമാക്കി
- അമേരിക്കൻ സംരംഭകനായ കൽ സൊമാനിയുടെ നേതൃത്വത്തിലുള്ള കൺസോർഷ്യം രാജസ്ഥാനെ ഏറ്റെടുത്തു (ഏകദേശം 15,286 കോടി രൂപയ്ക്കാണ് ഏറ്റെടുത്തത്)

## Demise

- 2026 മാർച്ചിൽ അന്തരിച്ച മലയാള ചലച്ചിത്ര നടൻ

**ഇ.എ. രാജേന്ദ്രൻ**

  - ക്യാരക്റ്റർ റോളുകളിലും വില്ലൻ വേഷങ്ങളിലും തിളങ്ങിയ നടനായിരുന്നു ഇ.എ. രാജേന്ദ്രൻ. നാടകം, സിനിമ എന്നിവയ്ക്കൊപ്പം ടെലിവിഷൻ പരമ്പരകളിലും അദ്ദേഹം സാന്നിധ്യമറിയിച്ചു
  - കളിയാട്ടത്തിലെ ഉണ്ണിത്തമ്പുരാൻ,പട്ടാഭിഷേകത്തിലെ ബലരാമൻ എന്നി വേഷങ്ങൾ ശ്രദ്ധേയമാണ്

- 2026 മാർച്ചിൽ അന്തരിച്ച മലയാള ബാലസാഹിത്യകാരൻ

**പി.ഐ. ശങ്കരനാരായണൻ**

  - ബാലസാഹിത്യ മേഖലയിൽ 'ശങ്കരനാരാ' എന്ന തൂലികാനാമത്തിലാണ് കൃതികൾ രചിച്ചിരുന്നത്
  - ഏലം, സ്പൈസസ് ഇന്ത്യ മാസികകളുടെ പത്രാധിപരായിരുന്നു.
  - ഏലം ഒരു ശീലമാക്കൂ എന്ന ഏലം ബോർഡിന്റെ പ്രശസ്തമായ വാചകം ഇദ്ദേഹത്തിന്റേതാണ്

## Today's MCQ

1. ഹാർട്ട് ഫെയിലിയർ രോഗികൾക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിച്ച പ്രത്യേക ചികിത്സാ സംവിധാനം

   (a) ഹാപ്പി (b) ഹാർട്ട്
   (c) ഹോപ്പ് (d) കെയർ

2. വനസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി 'നിങ്കോൾ വൻ ഇനിഷ്യേറ്റീവ്' ആരംഭിച്ച സംസ്ഥാനം

   (a) സിക്കിം (b) മേഘാലയ
   (c) അസം (d) മണിപ്പൂർ

**Ans : 1. (c), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
28



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

# DAILY CURRENT AFFAIRS
# STUDY NOTES 28 MARCH 2026

## Appointment

- 2026 മാർച്ചിൽ ദേശീയ പിന്നാക്ക വിഭാഗ കമ്മീഷന്റെ പുതിയ അധ്യക്ഷയായി നിയമിക്കപ്പെട്ടത്

  **സാധ്വി നിരഞ്ജൻ ജ്യോതി**

  - ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ സ്ഥാപിതമായത് - **1993 ഓഗസ്റ്റ് 14**
  - 2018 ലെ 102-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് കമ്മീഷന് ഭരണഘടനാ പദവി ലഭിച്ചത്
  - കമ്മീഷനിൽ ഒരു ചെയർപേഴ്സൺ, ഒരു വൈസ് ചെയർപേഴ്സൺ, മറ്റ് മൂന്ന് അംഗങ്ങൾ എന്നിവരുൾപ്പെടെ ആകെ 5 പേർ ഉണ്ടാകും. ഇവരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

- 2026 മാർച്ചിൽ യു.കെ.യിലെ അടുത്ത ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയമിതനായത്

  **പെരിയസാമി കുമാരൻ**

  - യു.കെ.യിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായിരുന്ന വിക്രം ദൊരൈസ്വാമിയെ ചൈനയിലെ പുതിയ അംബാസഡറായി നിയമിച്ചിരുന്നു

## Award

- 2026 BRICS CCI WE വാർഷിക വനിതാ ഉച്ചകോടിയിൽ 'വുമൺ എംപവർമെന്റ് ട്രെയിൽ ബ്ലേസേഴ്സ് അവാർഡ്' നേടിയത്

  **കൽപന സോറൻ**

  - 2026 BRICS CCI WE വാർഷിക വനിതാ ഉച്ചകോടിയുടെ വേദി - **ന്യൂഡൽഹി**
  - ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറന്റെ ഭാര്യയും ഗാണ്ഡേയ് മണ്ഡലത്തിലെ എം.എൽ.എ.യുമാണ് കൽപന സോറൻ

- 2026 ലെ ലോക ഭക്ഷ്യ പുരസ്കാരം ലഭിച്ചത്

  **Huub Lelieveld** (നെതർലന്റ്)

  - ആധുനിക ഭക്ഷ്യസംസ്കരണ രീതികൾ വികസിപ്പിക്കുന്നതിന് തുടക്കമിട്ട ശാസ്ത്രജ്ഞനാണ് അദ്ദേഹം

## Kerala

- 2026 ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിക്കുന്ന മണ്ഡലം

  **കൊടുവള്ളി**

  - കേരളത്തിലെ നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം - **140**

- 2026 മാർച്ചിൽ 2000 വർഷം പഴക്കമുള്ള മഹാശിലാ കാലഘട്ടത്തിലെ ചെങ്കല്ലറ കേരളത്തിൽ നിന്ന് കണ്ടെത്തപ്പെട്ടത്

  **പനയാൽ, കാസർഗോഡ്**

  - മഹാശിലാ കാലഘട്ടം (Megalithic Age): വലിയ കല്ലുകൾ ഉപയോഗിച്ച് ശവകുടീരങ്ങളും സ്മാരകങ്ങളും നിർമ്മിച്ചിരുന്ന കാലഘട്ടമാണിത്.
  - പ്രാദേശികമായി മുനിയറ, പാണ്ഡവ ഗുഹ, പീരങ്കി ഗുഹ, നിധിക്കുഴി, കൽപ്പത്തായം എന്നീ പേരുകളിലാണ് ചെങ്കല്ലറകൾ അറിയപ്പെടുന്നത്.

## National

- അടുത്തിടെ വേൾഡ് യൂത്ത് പാർലമെന്റിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട യുവനേതാവ്

  **സ്തുതി പ്രധാൻ**

  - സിക്കിമിൽ നിന്നുള്ള യുവനേതാവാണ്
  - സിക്കിം മുഖ്യമന്ത്രി - **പ്രേം സിങ് തമാങ്**

- സ്ത്രീകൾക്ക് ഡിജിറ്റൽ സുരക്ഷയെക്കുറിച്ച് അവബോധം നൽകുന്നതിനായി ദേശീയ വനിതാ കമ്മീഷനും ട്രൂകോളറും ചേർന്ന് പുറത്തിറക്കിയ ഇന്ററാക്ടീവ് ഡിജിറ്റൽ ടൂൾകിറ്റ്

  **ട്രൂ സൈബർ സഖി**

  - ദേശീയ വനിതാ കമ്മീഷൻ നിലവിൽ വന്നത് - **1992**
  - ആദ്യത്തെ ചെയർപേഴ്സൺ - **ജയന്തി പട്നായിക്**
  - നിലവിലെ ചെയർപേഴ്സൺ - **വിജയ രഹത്കർ**

## International

- കുട്ടികളുടെ സുരക്ഷയിൽ വിട്ടുവീഴ്ച വരുത്തിയെന്നാരോപിച്ച് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ മെറ്റയ്ക്ക് ന്യൂ മെക്സിക്കോ കോടതി പിഴശിക്ഷ വിധിച്ചു.

  - തങ്ങളുടെ പ്ലാറ്റ്ഫോമുകളുടെ അപകടസാധ്യതകൾ കുട്ടികൾക്ക് വെളിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതിലൂടെ ഉപഭോക്തൃ സംരക്ഷണ നിയമം ലംഘിച്ചതായി കണ്ടെത്തിയാണ് യു.എസിലെ ന്യൂ മെക്സിക്കോ ജൂറി മെറ്റയ്ക്ക് 37.5 കോടി ഡോളർ (ഏകദേശം 3,500 കോടി രൂപ) പിഴ വിധിച്ചത്.
  - ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്, വാട്ട്സാപ്പ് എന്നിവയുടെ മാതൃകമ്പനിയാണ് മെറ്റ.
  - മെറ്റയുടെ ഉടമസ്ഥൻ - **മാർക്ക് സക്കർബർഗ്**

- ഗ്ലോബൽ ലീഡർ അപ്രൂവൽ റേറ്റിംഗിൽ ഏറ്റവും ജനപ്രീതിയുള്ള നേതാവായി തിരഞ്ഞെടുക്കപ്പെട്ടത്

  **നരേന്ദ്ര മോദി**

  - യു.എസ് ഡാറ്റാ അനലിറ്റിക്സ് സ്ഥാപനമായ മോണിംഗ് കൺസൾട്ട് നടത്തിയ സർവേയിൽ 68% റേറ്റിങ്ങോടെയാണ് നരേന്ദ്ര മോദി ലോകത്തിലെ ഏറ്റവും ജനപ്രീതിയുള്ള നേതാവായി തിരഞ്ഞെടുക്കപ്പെട്ടത്.

## Sports

- അടുത്തിടെ പുരുഷന്മാരുടെ 60 മീറ്റർ ഫൈനലിൽ ദേശീയ റെക്കോർഡ് നേടിയത്

  **ഗുരീന്ദർവീർ സിംഗ്**

  - 6.60 സെക്കൻഡിൽ ഓടി 60 മീറ്റർ സ്പ്രിന്റിൽ ദേശീയ റെക്കോർഡ് നേടി .
  - ദേശീയ ഇൻഡോർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് 2026 ലാണ് നേട്ടം കൈവരിച്ചത്
  - ഈ ചാമ്പ്യൻഷിപ്പിൽ വനിതാ പോൾവോൾട്ടിൽ ഭരണിക ഇളങ്കോവൻ ദേശീയ റെക്കോർഡ് നേടിയിരുന്നു.

- അടുത്തിടെ പരിക്കിനെ തുടർന്ന് വിരമിക്കൽ പ്രഖ്യാപിച്ച സ്പാനിഷ് വനിതാ ബാഡ്മിന്റൺ താരം

  **കരോളിന മരിൻ**

  - 2016 ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ഒളിമ്പിക്സിലാണ് മരിൻ വനിതാ സിംഗിൾസിൽ സ്വർണ്ണം നേടിയത്. ഫൈനലിൽ ഇന്ത്യയുടെ പി.വി. സിന്ധുവിനെയാണ് അവർ പരാജയപ്പെടുത്തിയത്.

- ഒളിമ്പിക്സിൽ വനിതാ വിഭാഗങ്ങളിൽ ട്രാൻസ്ജെൻഡർ സ്ത്രീകളെ മത്സരിക്കുന്നതിൽ നിന്ന് വിലക്കി

  - 2028 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിലും അതിനുശേഷവും വനിതാ വിഭാഗങ്ങളിൽ മത്സരി ക്കുന്നതിൽ നിന്ന് ട്രാൻസ്ജെൻഡർ വനിതകളെയും ഡി.എസ്.ഡി. (ലൈംഗിക വികസനത്തിലെ വ്യത്യാസങ്ങൾ) അത്‌ലറ്റുകളെയും അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി (ഐ.ഒ.സി.) വിലക്കി.

## Today's MCQ

1. ഭീം പേയ്മെന്റ്സ് ആപ്പിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി നിയമിതനായത്

   (a) വിരാട് കോലി (b) എം.എസ്. ധോണി

   (c) രോഹിത് ശർമ്മ (d) കപിൽ ദേവ്

2. കരുണ: ദി പവർ ഓഫ് കംപാഷൻ എന്ന പുസ്തകം രചിച്ചത്

   (a) പ്രതിഭ റേ (b) അരുന്ധതി റോയ്

   (c) കൈലാഷ് സത്യാർത്ഥി (d) സുധ കൃഷ്ണമൂർത്തി

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
29



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 29 MARCH 2026

## Awards

- സംസ്ഥാന നിയമസേവന അതോറിറ്റി, തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനമൈത്രി പോലീസ് എന്നിവർ സംയുക്തമായി യുവാക്കളിൽ വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ച ബോധവത്കരണ പരിപാടി

  **എന്റെ വോട്ട് എന്റെ ശക്തി**

- 2025 ലെ നാഷണൽ ബുക്ക് ക്രിട്ടിക്സ് സർക്കിൾ അവാർഡിൽ ഫിക്ഷൻ വിഭാഗത്തിൽ പുരസ്കാരം നേടിയത്

  **ഹാൻ കാങ്** ( We Do Not Part)

  - ആത്മകഥ വിഭാഗത്തിൽ പുരസ്കാരം നേടിയത് - **അരുന്ധതി റോയ്** (Mother Mary Comes to Me)

## National

- സാറ്റലൈറ്റ് മോണിറ്ററിംഗിനായി ടെൻഡർ നൽകുന്ന ആദ്യ സംസ്ഥാനം

  **അസം**

  - സ്വന്തമായി ഉപഗ്രഹം വിക്ഷേപിക്കുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി അസം മാറുന്നു.
  - കൃഷി, ദുരന്തനിവാരണം, അടിസ്ഥാന സൗകര്യ വികസനം, സുരക്ഷാ പ്രവർത്തനങ്ങൾ എന്നിവയ്ക്കു വേണ്ടിയാണ് അസ്സംസാറ്റ് എന്ന ഉപഗ്രഹം വിക്ഷേപിക്കുന്നത്

- അനധികൃതമായി നിക്ഷേപങ്ങൾ സ്വീകരിക്കുന്ന കമ്പനികളെയും സ്ഥാപനങ്ങളെയും കുറിച്ച് പരാതി നൽകാനും വിവരങ്ങൾ അറിയാനുമായി ആർ.ബി.ഐ ആരംഭിച്ച വെബ്സൈറ്റ്

  **സചേത്**

- ഇന്ത്യയിലെ ആദ്യത്തെ എൽ.പി.ജി. എ.ടി.എം. സർവീസ് ആരംഭിച്ചത്

  **ഗുരുഗ്രാം** (ഹരിയാന)

  - ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ആണ് ഇത് സ്ഥാപിച്ചത്

- നരേന്ദ്ര മോദി 52-ാമത് G7 ഉച്ചകോടിയിൽ പങ്കെടുക്കും
  - 2026- ൽ ഫ്രാൻസിലാണ് 52-ാമത് G7 ഉച്ചകോടി നടക്കുന്നത്.
  - ഇന്ത്യ G7 ലെ സ്ഥിരം അംഗമല്ലെങ്കിലും, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ പ്രത്യേക ക്ഷണം ലഭിച്ചതിനെ തുടർന്ന് ഇന്ത്യയും ഈ ഉച്ചകോടിയുടെ ഭാഗമാകുന്നുണ്ട്.
  - നരേന്ദ്ര മോദി 51-ാമത് G7 ഉച്ചകോടിയിലും പങ്കെടുത്തിരുന്നു

## International

- ഇന്ധന റേഷനിംഗ് നടപ്പിലാക്കിയ ആദ്യത്തെ യൂറോപ്യൻ യൂണിയൻ രാജ്യം

  **സ്ലോവേനിയ**

- അടുത്തിടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ച ഓപ്പൺ എ ഐ യുടെ വീഡിയോ നിർമാണ ആപ്പ്

  **സോറ**

  - ടെക്സ്റ്റുകളെ വീഡിയോയിലേക്ക് മാറ്റാൻ കഴിയുന്ന ഓപ്പൺ എ ഐ യുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂളാണ് സോറ

**Defence**

- ◆ റഷ്യയിൽ നിന്ന് തുംഗസ്ക മിസൈൽ സംവിധാനം വാങ്ങുന്നതിനായുള്ള കരാറിൽ ഇന്ത്യ ഒപ്പുവച്ചു
  - ❖ റഷ്യ വികസിപ്പിച്ചെടുത്ത ഈ ആയുധ സംവിധാനം ഉപയോഗിച്ചു താഴ്ന്നു പറക്കുന്ന ഹെലികോപ്റ്ററുകൾ, വിമാനങ്ങൾ, ക്രൂയിസ് മിസൈലുകൾ എന്നിവയെ നശിപ്പിക്കാൻ കഴിയും

**Sports**

- ◆ 2027 ലെ കോമൺവെൽത്ത് യൂത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം

  **മാൾട്ട**
  - ❖ 2023ലെ വേദി - **ട്രിനിഡാഡ് ആൻഡ് ടൊബാഗോ**
  - ❖ 2008-ൽ ഇന്ത്യ കോമൺവെൽത്ത് യൂത്ത് ഗെയിംസിന് ആതിഥേയത്വം വഹിച്ചു
  - ❖ 2026 കോമൺവെൽത്ത് ഗെയിംസ് വേദി - **ഗ്ലാസ്ഗോ** (സ്കോട്ലാന്റ് )
  - ❖ 2030 കോമൺവെൽത്ത് ഗെയിംസ് - **അഹമ്മദാബാദ്** (ഇന്ത്യ )
- ◆ 2026 മാർച്ചിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ പുതിയ പരിശീലകനായി ചുമതലയേറ്റത്

  **ആഷ്‌ലി വെസ്റ്റ്‌വുഡ്**
  - ❖ ഡേവിഡ് കറ്റാല പരിശീലകസ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണ് നിയമനം

**Today's MCQ**

1. 2026 മാർച്ചിൽ ദേശീയ പിന്നാക്ക വിഭാഗ കമ്മീഷന്റെ പുതിയ അധ്യക്ഷയായി നിയമിക്കപ്പെട്ടത്

   (a) വിജയ രഹത്കർ (b) സാധ്വി നിരഞ്ജൻ ജ്യോതി

   (c) രേഖ ശർമ്മ (d) മമ്ത ശർമ

2. 2026 മാർച്ചിൽ യു.കെ.യിലെ അടുത്ത ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയമിതനായത്

   (a) വിക്രം ദൊരൈസ്വാമി (b) വിനയ് കുമാർ ക്വാത്ര

   (c) പെരിയസാമി കുമാരൻ (d) നവീൻ ശ്രീവാസ്തവ

**Ans : 1. (b), 2.(c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MARCH 2K26
30-31




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 30, 31 MARCH 2026

## Appointment

- 2026 മാർച്ചിൽ കേരള ഹൈക്കോടതിയിലെ ആദ്യത്തെ അഡീഷണൽ സോളിസിറ്റർ ജനറലായി (ASG) നിയമിതാനായത്

**അഡ്വ. പി. ശ്രീകുമാർ**

  - രാജ്യത്തെ ഹൈക്കോടതികളിൽ എ എസ് ജി പദവി സൃഷ്ടിച്ചശേഷമുള്ള ആദ്യ നിയമന മാണിത്. മൂന്നു വർഷത്തേക്കാണ് നിയമനം.
  - നിലവിൽ കേരള ഗവർണറുടെ നിയമ ഉപദേഷ്ടാവാണ്.

## Award

- 2026-ലെ ആബേൽ സമ്മാനം ലഭിച്ചത്

**Gerd Faltings**

  - ജർമ്മൻ ഗണിതശാസ്ത്രജ്ഞനാണ് ഗെർഡ് ഫാൾട്ടിംഗ്സ്
  - ഈ പുരസ്കാരം നേടുന്ന ആദ്യത്തെ ജർമ്മൻ പൗരനാണ് ഇദ്ദേഹം
  - ലോകമെമ്പാടുമുള്ള ഗണിതശാസ്ത്രജ്ഞർക്ക് നൽകുന്ന ഏറ്റവും ഉയർന്ന പുരസ്കാര ങ്ങളിലൊന്നാണിത്. അതിനാൽ ഇത് 'ഗണിതശാസ്ത്രത്തിലെ നോബൽ സമ്മാനം' എന്നും അറിയപ്പെടുന്നു. (ഫീൽഡ് മെഡലും ഗണിതശാസ്ത്രത്തിലെ നൊബേൽ എന്നറിയ പ്പെടുന്നുണ്ട്)

## National

- നോയിഡ അന്താരാഷ്ട്ര വിമാനത്താവളം ഉദ്ഘാടനം ചെയ്തത്

**നരേന്ദ്ര മോദി**

  - ഉത്തർപ്രദേശിലെ നോയിഡയിൽ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആദ്യഘട്ട ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിച്ചു

- അടുത്തിടെ വർഷങ്ങൾക്കു ശേഷം 'ജമ്പ് സ്റ്റാർട്ട് അപ്രോച്ച്' എന്ന സംരക്ഷണ പദ്ധതിയിലൂടെ ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് കുഞ്ഞ് ജനിച്ച സംസ്ഥാനം

**ഗുജറാത്ത്**

  - കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, രാജസ്ഥാൻ-ഗുജറാത്ത് വനംവകുപ്പുകൾ, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (WII) എന്നിവർ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാ ക്കിയത്.
  - രാജസ്ഥാന്റെ സംസ്ഥാന പക്ഷിയാണ് ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്.

- 2027-ൽ നടക്കുന്ന സെൻസസിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതനായത്

**സുദർശൻ പട്നായിക്**

  - ഇന്ത്യയുടെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സെൻസസാണിത്

- ❖ പ്രശസ്ത സാൻഡ് ആർട്ടിസ്റ്റാണ് സുദർശൻ പട്നായിക്ക്
- ❖ രാജ്യമെമ്പാടും അവബോധം സൃഷ്ടിക്കാനും ജനപങ്കാളിത്തം ഉറപ്പാക്കാനും അദ്ദേഹം തന്റെ മണൽ ശില്പകല ഉപയോഗിക്കും.
- ❖ ഇന്ത്യയിലെ ആദ്യത്തെ സെൻസസ് - **1872** (ലോർഡ് മേയോയുടെ ഭരണകാലത്ത്)
- ❖ ഇന്ത്യയിലെ ആദ്യത്തെ ഔദ്യോഗിക/സമ്പൂർണ്ണ സെൻസസ് - **1881** (ലോർഡ് റിപ്പന്റെ ഭരണ കാലത്ത്)
- ❖ നിലവിലെ സെൻസസ് കമ്മീഷണർ - **മൃത്യുഞ്ജയ് കുമാർ നാരായൺ**

◆ എം.എൽ.എമാരുടെ നിയമസഭയിലെ ദൈനംദിന ഇടപെടലുകൾ, ഹാജർ, സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് വിലയിരുത്തുന്നതിനായി അടുത്തിടെ കേരളത്തിൽ ആരംഭിച്ച ഡിജിറ്റൽ ഡാറ്റാബേസ് പോർട്ടൽ

**എം.എൽ.എ ട്രാക്ക്.കോം**

- ❖ 2021 മുതൽ 2026 വരെയുള്ള കാലയളവിൽ (15-ാം കേരള നിയമസഭ) 140 എം.എൽ.എ മാരുടെ നിയമസഭാ ഇടപെടലുകളും പ്രവർത്തനങ്ങളും ജനങ്ങൾക്ക് ലളിതമായി മനസ്സി ലാക്കാൻ സാധിക്കുന്ന ഒരു പബ്ലിക് ഡിജിറ്റൽ ഡാറ്റാബേസ് പ്ലാറ്റ്ഫോമാണിത്. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഇത്തരമൊരു സംരംഭം.

◆ ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണമായി ആർട്ട്റാപ്പ് ചെയ്ത വിമാനമായ 'ദ ഫ്ളൈയിംഗ് കാൻവാസ്' അടുത്തിടെ പുറത്തിറക്കിയ എയർലൈൻ

**എയർ ഇന്ത്യ എക്സ്പ്രസ്സ്**

- ❖ എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ ബോയിംഗ് 737-8 (VT-BWV) വിമാനത്തെ പൂർണ്ണമായും ഒരു കാൻവാസാക്കി മാറ്റി.
- ❖ 'ദ ഫ്ളൈയിംഗ് കാൻവാസ്' എന്നാണ് ഈ വിമാനത്തിന് പേരിട്ടിരിക്കുന്നത്
- ❖ പ്രശസ്ത കലാകാരിയായ ഓഷീൻ ശിവയാണ് ഡിസൈൻ ഒരുക്കിയിരിക്കുന്നത്
- ❖ കൊച്ചി മുസിരിസ് ബിനാലെയുമായുള്ള എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ സഹകരണത്തിന്റെ ഭാഗമായാണ് ഇത് യാഥാർത്ഥ്യമാക്കിയത്.
- ❖ ഇന്ത്യൻ സംസ്കാരത്തെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനായി എയർ ഇന്ത്യ എക്സ്പ്രസ്സ് നടത്തുന്ന 'ടെയിൽസ് ഓഫ് ഇന്ത്യ' (Tales of India) എന്ന പദ്ധതിയുടെ വിപുലീകരണ മാണിത്.

◆ ചെറിയ നിയമലംഘനങ്ങളെ ക്രിമിനൽ കുറ്റങ്ങളിൽ നിന്ന് ഒഴിവാക്കാനും ശിക്ഷ ലഘൂകരി ക്കാനുമായി കൊണ്ടുവന്ന ബിൽ

**ജൻ വിശ്വാസ് ഭേദഗതി ബിൽ**

- ❖ 2026 മാർച്ച് 27-ന് വാണിജ്യ വ്യവസായ സഹമന്ത്രി ജിതിൻ പ്രസാദ ലോക്സഭയിൽ ബിൽ അവതരിപ്പിച്ചു

◆ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ വന്യജീവി മേൽപ്പാലം ഡൽഹി-മുംബൈ എക്സ്പ്രസ് വേയിലെ രന്തംബോർ മേഖലയിൽ തുറന്നു

- ❖ ഒരു പ്രധാന വന്യജീവി ഇടനാഴി സംരക്ഷിക്കുന്നതിനും ഗതാഗത കൂട്ടിയിടികൾ ഒഴിവാക്കുന്ന തിനും ആവാസവ്യവസ്ഥയുടെ വിഘടനം തടയുന്നതിനും മൃഗങ്ങൾക്ക് എക്സ്പ്രസ് വേ മുറിച്ചുകടക്കാൻ അനുവദിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

## International

- ലിയോ മാർപാപ്പ സന്ദർശിക്കുന്ന ആദ്യ യൂറോപ്യൻ രാജ്യം

  **മൊണാക്കോ**

  - ലോകത്തിലെ രണ്ടാമത്തെ ചെറിയ രാജ്യമാണ് മൊണാക്കോ (ആദ്യത്തേത് വത്തിക്കാൻ) 488 വർഷങ്ങൾക്ക് ശേഷമാണ് ഒരു മാർപ്പാപ്പ മൊണാക്കോ സന്ദർശിക്കുന്നത്
  - മൊണാക്കോയുടെ ഭരണാധികാരി - **ആൽബർട്ട് രണ്ടാമൻ**

- 2026 മാർച്ചിൽ അറസ്റ്റ് ചെയ്യപ്പെട്ട മുൻ നേപ്പാൾ പ്രധാനമന്ത്രി

  **കെ. പി. ശർമ്മ ഒലി**

  - Gen Z പ്രക്ഷോഭം അടിച്ചമർത്തുന്നതുമായി ബന്ധപ്പെട്ട മനഃപൂർവമല്ലാത്ത നരഹത്യ കേസ്സിനെ തുടർന്നാണ് അറസ്റ്റ്. മുൻ ആഭ്യന്തര മന്ത്രി രമേശ് ലേഖക്കും അറസ്റ്റിലായി.
  - നേപ്പാളിന്റെ പ്രധാനമന്ത്രി - **ബലേന്ദ്ര ഷാ**

## Sports

- 2026 ജപ്പാൻ ഗ്രാൻഡ് പ്രിക്സ് കിരീടം നേടിയത്

  **കിമി അന്റൊനെല്ലി**

## Demise

- 2026 മാർച്ചിൽ അന്തരിച്ച പ്രശസ്ത അമേരിക്കൻ നടൻ

  **ജെയിംസ് ടോൾകൻ**

### Today's MCQ

1. 2025 ലെ നാഷണൽ ബുക്ക് ക്രിട്ടിക്സ് സർക്കിൾ അവാർഡിൽ ഫിക്ഷൻ വിഭാഗത്തിൽ പുരസ്കാരം നേടിയത് ?

   (a) ഹാൻ കാങ് (b) മീന കന്ദസ്വാമി

   (c) അരുന്ധതി റോയ് (d) സമന്ത ഹാർവേ

2. സാറ്റ്ലൈറ്റ് മോണിറ്ററിംഗിനായി ടെൻഡർ നൽകുന്ന ആദ്യ സംസ്ഥാനം ?

   (a) മിസ്സോറാം (b) തെലങ്കാന

   (c) അസം (d) കർണാടക

**Ans : 1. (a), 2. (c)**